NERVEEDHI

Volume -11, Issue - 12, 10th December 2022, Monthly, Price ₹ 25, Published at Kottayam

വാല്യം–11, ലക്കം–12, ഡിസംബർ 2022 – പ്രതിമാസം – വില ₹ 25 – പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## എല്ലാം നന്മയ്ക്കായി....

പേജ് 18

Editorial



# പ്രസക്തി കത്തുന്ന വിളക്കുകൾക്ക്

ഇരുട്ട് പരക്കുമ്പോൾ കത്തുന്ന വിളക്കുകൾക്ക് പ്രസക്തി വർദ്ധിക്കുകയാണ്. ലോകത്തിലേയ്ക്ക് നോക്കുമ്പോൾ ഇരുട്ട് ഏതു കാലത്തേക്കാളും അധികംനിര ന്നു പരക്കുന്നതായി തോന്നുന്നില്ലേ? ലോകത്തിന്റെ വെളിച്ചം എന്നു കർത്താവു വിശേഷിപ്പിച്ച തന്റെ മക്കൾ എഴുന്നേറ്റ് പ്രകാശിക്കേണ്ടത് എത്രയോ അത്യാവശ്യമായിരിക്കുന്നു. കർത്താവ് പറഞ്ഞ ഉദാഹരണം ഇവിടെ സ്മരണീയമാണ്. വിളക്ക് കത്തിച്ച് പറയുടെ കീഴിലല്ല തണ്ടിന്മേലത്രേ വയ്ക്കു ന്നത്, അപ്പോൾ അത് വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കുന്നു (മത്തായി 5:5). ഇന്നു നാം പറയിൻ കീഴിൽ നമ്മെത്തന്നെ അടച്ചുകളഞ്ഞുവോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ലോകത്തോടനുരൂപരായി മയങ്ങി, നമ്മുടെ പ്രകാശം ഇരുണ്ടുപോയോ?

കത്തിച്ച വിളക്ക് പീഠത്തിന്മേൽ (തണ്ടിന്മേൽ) വച്ചു എങ്കിൽ മാത്രമേ വീട്ടിലുള്ള എല്ലാവർക്കും പ്രകാശം ലഭിക്കുകയുള്ളൂ. വെളിച്ചത്തിന്റെ അഭാവമാണ് ഇരുട്ട് എന്നു നാം തിരിച്ചറിയുക. ഇരുളിനു ള്ള മറുപടി വെളിച്ചം മാത്രമാണ്. സഭ ലോകത്തിന്റെ രീതികളിൽ നിന്നും മാറി നിന്നാൽ മാത്രമേ പ്ര കാശം പരത്തുവാൻ കഴിയൂ. ക്രിസ്തുവിന്റെ മഹത്വം ലോകം ദർശിക്കുന്നതിന് മറയായിത്തീരുവാൻ സാധ്യതയുള്ള എല്ലാറ്റിൽ നിന്നും സഭ അഥവാ ദൈവമക്കൾ ഒഴിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്.

യേശുക്രിസ്തുവിന്റെ പഠിപ്പിക്കലിലും (സുവിശേഷങ്ങൾ), അപ്പോസ്തോലിക ഉപദേശങ്ങളിലും (ലേഖനങ്ങൾ), ആദിമസഭയുടെ ചരിത്രത്തിലും (അപ്പോസ്തലപ്രവർത്തികൾ), ഇല്ലാത്തത് എന്തെല്ലാം സഭകൾക്കുള്ളിൽ നുഴഞ്ഞു കയറിയിട്ടുണ്ട് എന്നുള്ളത് പരിശോധിക്കുകയും തെറ്റുകളെ തിരുത്തുവാൻ തയ്യാറാവുകയും ചെയ്താൽ മാത്രമേ സഭ അതിന്റെ യഥാർത്ഥ സ്ഥാനത്ത് ആയിരിക്കുകയുള്ളൂ. യേശുവിനെ ആത്മാർത്ഥമായി അനുഗമിക്കുവാൻ സമർപ്പിതരായ ദൈവമക്കൾ ഈ കാലഘട്ടത്തിന്റെ ഏറ്റവും അത്യാവശ്യമാണ്. അവരാണ് തണ്ടിന്മേൽ പ്രകാശം കൊടുക്കുന്ന വിളക്കുകൾ. സഭ മതമായി അധ:പ്പതിച്ചപ്പോൾ, ക്രിസ്മസ് പോലുള്ള ഉത്സവങ്ങൾക്ക് പ്രാധാന്യത ഉണ്ടായി. അപ്പോൾ ഉപദേശങ്ങ ളവഗണിക്കപ്പെടുകയും ആഘോഷങ്ങളിൽ തെറ്റായ മാർഗങ്ങൾ അവലംബിക്കുകയും ചെയ്തു.

ഈ ലക്കത്തിലെ സന്ദേശത്തിലത് അല്പമായി ഓർമ്മിപ്പിച്ചിട്ടുണ്ട്. ആഘോഷങ്ങളല്ല നമുക്കാവശ്യം. ക്രിസ്തുവിനെ അറിയുകയാണ് അത്യാവശ്യം. ക്രിസ്തുവിനും ക്രിസ്തുവിന്റെ ഉപദേശങ്ങൾക്കും അർഹിക്കുന്ന സ്ഥാനം സഭയ്ക്കുള്ളിലുണ്ടാകണം. സഭ ലോകത്തിന്റെ പ്രകാശമായി ശോഭിക്കണം.

ദൈവത്തിന്റെ നിസ്തുല്യകൃപയാൽ 2022 ഡിസംബർ ലക്കം പുറത്തിറങ്ങുന്നതോടെ, വിവിധ പ്രതി സന്ധികളെ അതിജീവിച്ച് 11 വർഷം പൂർത്തീകരിക്കുവാൻ കഴിഞ്ഞതിൽ ദൈവത്തിനു ഹൃദയംഗമമാ യ നന്ദി കരേറ്റുന്നു. 2023 ജനുവരി മാസത്തിൽ നാം പന്ത്രണ്ടാം വർഷത്തിലേക്കു കാലൂന്നുകയാണ്. ഇത്തരുണത്തിൽ എല്ലാ മാന്യവായനക്കാരുടെയും ശ്രദ്ധയോടു കൂടിയ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിച്ചു കൊണ്ട് ഈ ലക്കം സമർപ്പിച്ചു കൊള്ളുന്നു.

പുസ്തകം 11 ലക്കം 12
ഡിസംബർ 2022

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**ജഡത്തിൽ വെളിപ്പെട്ട ദൈവം** **4**
ജോയ് എം. തോമസ്

**അനുസരണംകൊണ്ടു തെളിയിക്കപ്പെടുന്ന.....** **6**
സാജു മാത്യു

**യിസ്രായേലിനു സംഭവിക്കാൻ പോകുന്നത് എന്ത്?** **9**
ചെയ്സ് ജോസഫ്

**കാതുകളിൽ മുഴങ്ങട്ടെ ദൈവശബ്ദം** **11**
ജോർജ് മാത്യു, പുതുപ്പള്ളി

**ഇതല്ലേ യഥാർത്ഥ ക്രിസ്മസ്!** **13**
പി.വി. വർഗീസ്

**കൗൺസലിംഗ് വീഥി** **16**
ഡോ. സുജിത്ത് സൈമൺ

**എല്ലാം നന്മയ്ക്കായി....** **18**
ഡോ. സിനി ജോയ്സ് മാത്യു

**ശുശ്രൂഷയ്ക്ക് മുൻഗണന...** **21**
ബെഞ്ചമിൻ വർഗീസ്

**വനിതാ വീഥി** **23**
എൽസി ജോയ്

**വേദ അധ്യയനം** **25**
ജോയ് എം. തോമസ്

**വാർത്താ വീഥി** **30**

**ആഘോഷങ്ങൾക്കപ്പുറം!** **31**
എംസി



ജോയ് എം. തോമസ്

# ജഡത്തിൽ വെളിപ്പെട്ട ദൈവം

ഒരു ക്രിസ്മസ് ആഘോഷകാലം കൂടി സമാഗതമായിരിക്കുന്നു. നാടെങ്ങും വിവിധ വർണ്ണങ്ങളിലുള്ള വിളക്കുകളാൽ അലങ്കരിക്കപ്പെടുന്നു. ആഘോഷലഹരി താൽക്കാലികമായെങ്കിലും മനസ്സുകൾക്ക് പുതിയ ഉന്മേഷം പകരുന്നുണ്ട്. സന്തോഷിക്കുവാൻ എന്തെങ്കിലും കാരണങ്ങൾ കണ്ടെത്തുവാൻ തെരയുന്നവർക്ക് ഇതൊക്കെ നല്ല കാരണങ്ങളാണ്. എന്നാൽ യഥാർത്ഥ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ഉറവയായ യേശുക്രിസ്തുവിനെ കണ്ടിട്ടും കാണാതെയും, കേട്ടിട്ടും തിരിച്ചറിയാതെയും, നടന്നകലുകയാണ് ബഹുഭൂരിപക്ഷവും! ജഡത്തിൽ വെളിപ്പെട്ട ദൈവമാണ് ക്രിസ്തു! ക്രിസ്തുവിനെ തിരിച്ചറിയാതെ പോകുന്നവർ അവരുടെ ജീവിതത്തിന്റെ അർത്ഥം നഷ്ടപ്പെടുത്തുകയാണ്. ക്രിസ്തുവിനെ തിരിച്ചറിയുകയും കർത്താവായി സ്വീകരിക്കുകയും ചെയ്യുന്നതിനാൽ മാത്രമാണ് ഈ ജീവിതം ധന്യമാകുന്നത്.

ദൈവം ജഡത്തിൽ വെളിപ്പെടേണ്ടതിന്റെ ആവശ്യകത എന്തായിരുന്നു? എബ്രായർ 2: 14- 17 വരെയുള്ള വാക്യങ്ങൾ ഇപ്രകാരമാണ്; മക്കൾ ജഡരക്തങ്ങളോടു കൂടിയവരാകകൊണ്ട് അവനും അവരെ പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി, ജീവപര്യന്തം മരണഭീതിയിൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു. ദൂതന്മാരെ സംരക്ഷണ ചെയ്യുവാനല്ലല്ലോ, അബ്രഹാമിന്റെ സന്തതിയെ സംരക്ഷണ ചെയ്യുവാനത്രേ അവിടുന്ന് വന്നത്. അതുകൊണ്ട് ജനത്തിന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തം വരുത്തുവാൻ അവിടുന്ന് കരുണ ഉള്ളവനും, ദൈവകാര്യത്തിൽ വിശ്വസ്ത മഹാപുരോഹിതനും ആകേണ്ടതിനു സകലത്തിലും തന്റെ സഹോദരന്മാരോട് സാദൃശ്യനായിത്തീരുവാനാവശ്യമായിരുന്നു.

മുകളിലുദ്ധരിച്ച വാക്യങ്ങൾ യേശുക്രിസ്തുവിന്റെ ആഗമനോദ്ദേശ്യം വളരെ വ്യക്തമായി പറയുന്നു. ജീവകാലം മുഴുവനും മരണഭയത്തിനടിമകളായിരുന്ന തന്റെ മക്കളെ വിടുവിക്കുവാൻ മരണത്തിന്റെ അധികാരിയായ പിശാചിനെ നീക്കേണ്ടത് അത്യാവശ്യം ആയിരുന്നു. അതിന് ഒരു മരണം തന്നെ ആയിരുന്നു ആവശ്യം: അതായത്, മനുഷ്യനിൽ മരണം പ്രവേശിക്കുവാൻ കാരണമായ പാപത്തിന് പരിഹാരം ആയ ഒരു പ്രായശ്ചിത്തമരണം. ആ പ്രായശ്ചിത്തമരണം വരിക്കുവാൻ കർത്താവ് സ്വയം തയ്യാറായി. മക്കൾ ജഡരക്തങ്ങളോടു കൂടിയവരാകകൊണ്ടു അവിടുന്ന് അവരെ പോലെ ജഡരക്തങ്ങളോടു കൂടിയവനായി ഭൂമിയിൽ വന്നു. സകലത്തിലും നമ്മോടു സദൃശ്യനായി. ഈ ത്യാഗത്തിന്റെ വലിപ്പം മനസ്സിലാക്കുവാൻ ശ്രമിച്ചാൽ ദൈവസ്നേഹത്തിന്റെ മഹത്വം മനസ്സിലാകും.

ലോകത്തിലെ മഹാന്മാരുടെ ജന്മദിവസം സ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നതുപോലെ യേശുവിന്റെ ജന്മദിവസം ആഘോഷിക്കുവാൻ കഴിയുമോ? യേശു വേറിട്ടുനിൽക്കുന്ന ഏറ്റവും മഹത്വ്യക്തിത്വം അല്ലേ? തന്നെത്തന്നെ ശൂന്യനാക്കി അവിടുന്ന് നമ്മോടു സകലത്തിലും സദൃശ്യനായി ത്തീർന്നത് നമ്മോടുള്ള സ്നേഹാധിക്യത്താലാണ്. അങ്ങനെ അതുല്യമായ അവിടുത്തെ മഹത്വത്തെ നാം മനസ്സിലാക്കണം. മനുഷ്യരിൽ മഹാന്മാരായി പരിഗണിക്കുന്നവരുടെ നിരയിൽ നാം യേശുകർത്താവിനെ കാണരുത്. അവിടുന്ന് നമ്മുടെ സ്രഷ്ടാവും ദൈവവും കർത്താവും രാജാധിരാജാവും ആണെന്നുള്ളത് ഓർത്ത് മഹത്വം കൊടുക്കണം.

മനുഷ്യനായി ജനിച്ച യേശുവിന് ഒരു ജനന ദിവസം ഉണ്ട്. എന്നാൽ ബൈബിൾ അത് വെളിപ്പെടുത്താതെ മറച്ചുവച്ചിരിക്കുന്നു. അത് സുവിശേഷത്തിന്റെ എഴുത്തുകാർക്ക് പറ്റിയ അബദ്ധമോ മറവിയോ അല്ല. പ്രത്യുത ദൈവം അത് മറച്ചുവച്ചതാണ്. അതിന്റെ അർത്ഥം അത് നാം അറിയേണ്ടതല്ല എന്നുള്ളതു തന്നെ. കൃത്യമായ ജനനദിവസം അറിയാതെ ആഘോഷിക്കുന്നതിലെന്തർത്ഥം?

യേശുവിന്റെ ജനനദിവസത്തിനല്ല, ജനനത്തിനാണ് പ്രാധാന്യത. സാധാരണ മനുഷ്യന്റെ ജനനം പോലെ അല്ല അത്. മനുഷ്യന്റെ രക്ഷകനായിത്തീരുവാൻ, മനുഷ്യന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തമായി മരണം വരിക്കുവാൻ ദൈവം ജഡമെടുത്ത ജനനമാണ് അത്. സാധാരണ മനുഷ്യന്റെ അസ്തിത്വം ജനനം മുതലാണ്, മരണംകൊണ്ട് എല്ലാം തീർന്നു എന്നു മനുഷ്യർ കരുതുന്നു. യേശു മനുഷ്യനായി ജന്മമെടുക്കുന്നതിനു മുൻപ് തന്നെ അനാദിയായും ശാശ്വതമായും ദൈവമാണ്. ആദിയിൽ തന്നെ ഉണ്ടായിരുന്ന, ദൈവത്തോടു കൂടെ ആയിരുന്ന, ദൈവമായിരുന്ന, വചനം ജഡമായി തീർന്നതാണ് യേശു എന്ന് യോഹന്നാൻ സമർത്ഥിക്കുന്നു (യോഹന്നാൻ 1: 1, 14). അവൻ എനിക്ക് മുൻപേ ഉണ്ടായിരുന്നു എന്ന് യോഹന്നാൻ സ്നാപകൻ സാക്ഷ്യപ്പെടുത്തുന്നു (യോഹന്നാൻ 1: 15). അബ്രഹാം ജനിച്ചതിനു മുൻപേ ഞാനുണ്ട് (യോഹന്നാൻ 8: 58) എന്ന് യേശുകർത്താവ് തന്നെ പ്രസ്താവിച്ചിരിക്കുന്നു. ഈ വലിയവനായ കർത്താവിന്റെ ജനനദിവസം ആർക്ക് നിശ്ചയിക്കുവാൻ കഴിയും?

റോമൻ ചക്രവർത്തി കുസ്തന്തിനോസ് AD 336 ലാണ് ക്രിസ്മസ് ഡിസംബർ 25 ന് ആഘോഷിക്കുവാൻ തുടങ്ങിയത് എന്ന് പറയപ്പെടുന്നു. AD 350ൽ പോപ്പ് ജൂലിയസ് ഡിസംബർ 25 യേശുവിന്റെ ജന്മദിനം ആഘോഷിക്കുന്നതിനായി തെരഞ്ഞെടുക്കുകയും, AD 529 ൽ റോമൻ ചക്രവർത്തി ജസ്റ്റിനിയൻ ഡിസംബർ 25 അവധിയായി പ്രഖ്യാപിക്കുകയും ചെയ്തു. ജാതിയ റോമാ സംസ്കാരത്തിൽ അവരുടെ വിശ്വാസപ്രകാരം സൂര്യദേവന്റെ ജന്മദിനമായി ആഘോഷിച്ചു വന്നിരുന്നതാണ് ഡിസംബർ 25.

ക്രിസ്മസ് ആഘോഷത്തിന്റെ ആരംഭത്തെ കുറിച്ച് ചിന്തിക്കുമ്പോൾ അത് സാത്താന്റെ ഒരു വഞ്ചനയായി മാത്രമേ നമുക്ക് കാണുവാൻ കഴിയുകയുള്ളു. ആഘോഷങ്ങളുടെ സ്വഭാവം നോക്കിയാലും പിശാച് ശരിക്കും ജനങ്ങളെ വഞ്ചിക്കുകയാണ്. മദ്യവും ലഹരിയും ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഒരു ദിവസമായി ക്രിസ്മസ് തരംതാണുപോയി. പാപത്തിൽ നിന്നും രക്ഷിക്കുവാൻ വന്ന യേശുവിന്റെ ജനനം ആഘോഷിക്കുകയാണ് എന്നു പറഞ്ഞു പാപത്തിൽ രസിക്കുന്നവർ, അവരറിയാതെ യേശുവിനെ അപമാനിക്കുകയാണ്. അതുകൊണ്ടു ഇത് സാത്താന്യമെന്നു വിധിയെഴുതിയാലും തെറ്റല്ല. ദിവസത്തിന് ദൈവം പ്രാധാന്യത കൊടുക്കാത്തതിനാൽ, ദിവസം വചനത്തിൽ രേഖപ്പെടുത്താതെ വിട്ടു. എന്നാൽ ക്രിസ്തുവിനെ ദൈവവചനത്തിൽ പൂർണമായും വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിന്റെ ആഗമനോദ്ദേശ്യം പൂർത്തീകരിക്കുന്നതിൽ പങ്കാളികളായി അവിടുത്തെ ആഗമനത്തെ ആഘോഷിക്കുവാൻ നമുക്ക് കഴിയും. ക്രിസ്തു മനുഷ്യനായി ഈ ഭൂമിയിൽ പിറന്നത് നമ്മെ ഓരോരുത്തരെയും രക്ഷിക്കുവാനാണല്ലോ. അതുകൊണ്ട് രക്ഷ പ്രാപിക്കുന്ന ഓരോരുത്തരിലും ക്രിസ്തു വന്നതിന്റെ ഉദ്ദേശ്യം പൂർത്തിയാകുന്നു. അവർ ആ സന്ദേശം മറ്റുള്ളവരോട് പങ്കിടുന്നതാണ് പ്രധാനപ്പെട്ട കാര്യം.

രക്ഷിക്കപ്പെടുന്നവർ അഥവാ ക്രിസ്തുവിൽ കൂടിയുള്ള പാപമോചനം പ്രാപിക്കുന്നവർ മരണത്തിൽ നിന്നും ജീവനിലേക്ക് കടക്കുന്നു. മരണം വിട്ട് ജീവനിൽ കടന്നിരിക്കുന്നവരിൽ മരണഭീതി ഉണ്ടാവുകയില്ല. ക്രിസ്തുവിന്റെ മരണം അവരുടെ നിത്യമരണമായ നരകത്തെ മാറ്റിയിരിക്കുന്നു എന്നത് അവരെ വളരെ അധികം ആനന്ദിപ്പിക്കുന്നതാണ്. അതുകൊണ്ട്, രക്ഷയുടെ സന്തോഷം അവരുടെ ആത്മാവിൽ നിറഞ്ഞു കവിയുന്നു. അതിന് കാരണമായ ദൈവത്തിന്റെ സ്നേഹം അവരിൽ വ്യാപരിക്കുന്നതുകൊണ്ടു അവർ മറ്റുള്ളവരെ സ്

ശേഷം പേജ് 15 ▶



സാജു മാത്യു

# അനുസരണം കൊണ്ടു തെളിയിക്കപ്പെടുന്ന സ്നേഹം

*"നിന്റെ ഏകജാതനായ മകനെ തരുവാൻ നീ മടിക്കായ്കകൊണ്ടു നീ ദൈവത്തെ ഭയപ്പെടുന്നു വെന്നു ഞാൻ ഇപ്പോൾ അറിയുന്നു എന്നു അവൻ അരുളിച്ചെയ്തു" (ഉല്പത്തി 22:12).* ദൈവം അബ്രാഹാമിനോടു പറഞ്ഞു: " നിന്റെ മകനെ നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെത്തന്നെ ഹോമയാഗം കഴിക്കുക" സ്നേഹിക്കുന്നതിനെ ഉപേക്ഷിച്ചുകൊണ്ടു മാത്രമേ ദൈവത്തെ സ്നേഹിക്കാൻ കഴിയൂ...അബ്രാഹാമിനു താൻ സ്നേഹിച്ചതിനെയെല്ലാം ഉപേക്ഷിക്കേണ്ടിവന്നു. ദേശത്തെ, ചാർച്ചക്കാരെ, പിതൃഭവനത്തെ, ലോത്തിനെ, യിശ്മായേലിനെ...ഇപ്പോൾ യിസ്ഹാക്കിനെയും!

**എ**ന്തുകൊണ്ട് അബ്രഹാം യിസ്ഹാക്കിനെ ഉപേക്ഷിക്കണം? കാരണമുണ്ട്; അബ്രഹാം യിസ്ഹാക്കിനെ സ്നേഹിക്കുന്നു! മക്കളെ സ്നേഹിക്കുന്നതു തെറ്റാണോ? "അപ്പനു മക്കളോടു കരുണ തോന്നുന്നതുപോലെ" എന്നു ഭക്തന്മാരോടുള്ള തന്റെ സ്നേഹത്തെ വിവരിക്കാൻ രൂപകമുപയോഗിച്ച ദൈവം മക്കളെ സ്നേഹിക്കുന്ന അപ്പനെ വിരോധിക്കുമോ?

ഇവിടെയാണു സ്നേഹത്തിന്റെ വ്യത്യസ്തഭാവങ്ങൾ നാം തിരിച്ചറിയേണ്ടത്. ഇവിടെ കർത്താവു പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക:'നിന്റെ മകനെ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെത്തന്നെ.."(ഉല്പത്തി 22: 2). ശ്രദ്ധിക്കുക: യിസ്ഹാക്ക് 'നിന്റെ' (അബ്രഹാമിന്റെ) മകനാണ്; നീ സ്നേഹിക്കുന്ന (ഇവിടെ അബ്രഹാമിനു മകനോടുള്ള സ്നേഹം അവന്റെ സ്വന്തം സ്നേഹമാണ്, ദൈവസ്നേഹമല്ല) നിന്റെ ഏകജാതനായ യിസ്ഹാക്കിനെ തന്നെ...ഇവിടെ ദൈവം പുറത്താണ്! അബ്രഹാമും യിസ്ഹാക്കും അവരുടെ സ്വകാര്യലോകത്താണ്! 'മക്കൾ യഹോവ നൽകുന്ന ദാനം' എന്നതൊക്കെ അവൻ മറന്നു.

യിസ്ഹാക്കിനെ കിട്ടിയപ്പോഴേക്കും അബ്രഹാം ദൈവത്തെ മറന്നുവെന്നൊന്നും അവൻ ചിന്തിക്കുന്നില്ല. എന്നാൽ, കാര്യങ്ങൾക്കു ഒരു വ്യത്യാസമുണ്ടായിട്ടുണ്ട്. അബ്രഹാം എല്ലാം ഉപേക്ഷിച്ച് ദൈവത്തിന്റെ പിന്നാലെ ഇറങ്ങിപ്പുറപ്പെട്ടപ്പോൾ അബ്രഹാമിന്റെ ലോകത്ത് ദൈവം മാത്രമേ ഉണ്ടായിരുന്നുള്ളൂ. പിന്നീടു ഇടയ്ക്കു കയറിയതിനെയൊക്കെ ദൈവം പുറത്താക്കി.എന്നാൽ, യിസ്ഹാക്ക് അവന്റെ ജീവിതത്തിലേക്കു വന്നപ്പോൾ; 'ദൈവവും അബ്രഹാമും മാത്രം' എന്നതു 'ദൈവവും അബ്രഹാമും യിസ്ഹാക്കും' എന്ന നിലയിലേക്കു മാറി. പിന്നീടു കുറെക്കൂടി കഴിഞ്ഞപ്പോൾ അബ്രാഹാമിനും യിസ്ഹാക്കിനും ഒരു സ്വകാര്യലോകമുണ്ടായി. യിസ്ഹാക്ക് അബ്രഹാമിന്റെ 'മാത്രം' മകനായി; 'ഏകജാത'നായി...യിസ്ഹാക്കിലേക്കു അബ്രഹാമിന്റെ 'സ്നേഹം' ഒഴുകാൻ തുടങ്ങി...

അബ്രഹാം ദൈവത്തെ ഉപേക്ഷിച്ചില്ല. അബ്രഹാം ദൈവത്തിനു സമയം കൊടുത്തു; യിസ്ഹാക്കിനും സമയം കൊടുത്തു. ദൈവത്തെ സ്നേഹിച്ചു: യിസ്ഹാക്കിനെയും സ്നേഹിച്ചു...അതിനെന്താ പ്രശ്നം എന്നു ചോദിച്ചേക്കാം. മാനുഷികമായി നോക്കിയാൽ പ്രശ്നം കാണാൻ കഴിയില്ല. എന്നാൽ, ദൈവികരീതി മറ്റൊന്നാണ്.

ഒരുവൻ ദൈവത്തെ അനുഗമിക്കാനിറങ്ങിയാൽ പിന്നീട് അവനു സ്വകാര്യലോകമില്ല. അബ്രഹാമിനു യിസ്ഹാക്കിനെ സ്നേഹിക്കാം. എന്നാൽ, ദൈവികവ്യവസ്ഥയിലേ സ്നേഹിക്കാൻ പറ്റൂ... നേരത്തെ ദൈവത്തിന്റെ ലോകത്തിൽ അബ്രഹാം യിസ്ഹാക്കിനെയും യിസ്ഹാക്ക് അബ്രഹാമിനെയും സ്നേഹിച്ചു... അബ്രഹാം ദൈവത്തിന്റെ വകയായിരുന്നു; എന്നാൽ, ഇപ്പോൾ യിസ്ഹാക്ക് അബ്രഹാമിന്റെ വകയായിരിക്കുന്നു. "നിന്റെ മകൻ... നിന്റെ ഏകജാതനായ യിസ്ഹാക്ക്...! ഇപ്പോൾ അബ്രഹാമിനു യിസ്ഹാക്കിനോടുള്ള സ്നേഹം, നേരത്തെ ദൈവത്തിന്റെ ലോകത്തിലെ മൂവർ കൂട്ടത്തിൽ (ദൈവം, അബ്രഹാം, യിസ്ഹാക്ക്) അന്യോന്യമുണ്ടായിരുന്ന സ്നേഹമല്ല; അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും സ്വകാര്യ ലോകത്തുള്ള മാനുഷസ്നേഹമാണ് (പിതൃപുത്ര). കർത്താവിനെ അനുഗമിക്കുന്നവനു ദൈവം ഒരു സ്വകാര്യലോകം അനുവദിക്കയില്ല.

സ്നേഹത്തിന്റെ ഒഴുക്ക് തുടങ്ങുന്നതു എപ്പോഴും ദൈവത്തിൽ നിന്നാണ്, ആയിരിക്കണം. "സ്നേഹം ദൈവത്തിൽ നിന്നു വരുന്നു"(1 യോഹന്നാൻ 4:7). സ്നേഹത്തിന്റെ ഉറവിടം ദൈവമാണ്. "ദൈവം സ്നേഹം തന്നെ" (1 യോഹന്നാൻ 4:8). മാനുഷികസ്നേഹത്തിനു സ്വാർഥതയുണ്ട്; സ്വന്തമാക്കലുമാണ് (possessiveness). മാനുഷികസ്നേഹത്തിൽ മോഹമുണ്ട്. ഒരാൾ പണത്തെ സ്നേഹിക്കുന്നതും പദവികൾ കാംക്ഷിക്കുന്നതും ഒരപ്പൻ മകനെയോ ഒരു ഭാര്യ ഭർത്താവിനെയോ സ്നേഹിക്കുന്നതുമൊക്കെ മാനുഷിക നിലയിൽ സ്വന്തമാക്കാനാണ്! കാരണം, മാനുഷികസ്നേഹം തുടങ്ങുന്നതും ഒഴുകുന്നതും നിലയ്ക്കുന്നതുമെല്ലാം മനുഷ്യനിൽ നിന്നു തന്നെയാണ്.

മോഹം നിറഞ്ഞ എന്റെ സ്വാർഥലോകത്തേക്കു ദൈവം കടന്നുവന്നപ്പോൾ അവിടുന്നു നിസ്വാർഥമായ സ്നേഹംകൊണ്ട് എന്റെ ഹൃദയം നിറച്ചു. ഇപ്പോഴും ഞാൻ സ്നേഹിക്കുന്നുണ്ട്. എന്റെ ഭാര്യയെ, മക്കളെ, കൂട്ടുകാരെ, വീടിനെ, നാടിനെ... എന്നാൽ, എന്റെ സ്നേഹത്തിന്റെ സ്രോതസ് ഇപ്പോൾ ദൈവമാണ്. ദൈവത്തിന്റെ ലോകത്തു നിന്നുകൊണ്ടാണു ഞാൻ എല്ലാറ്റിനെയും സ്നേഹിക്കുന്നത്. അവിടെ ഞാൻ എനിക്കായി ഒന്നും തേടുന്നില്ല; നേടുന്നുമില്ല. സ്വാർഥം അന്വേഷിക്കാത്ത സ്നേഹമാണു ദൈവസ്നേഹം (1 കൊരിന്ത്യർ 13:5). മാനുഷികസ്നേഹത്തിൽ ഞാൻ സ്നേഹിക്കുന്നതെല്ലാം "എന്റേ"താണ്, "എന്റേതാക്കാ"നാണ്! ദൈവസ്നേഹത്തിൽ ഞാൻ സ്നേഹിക്കുന്നതെല്ലാം ദൈവത്തിന്റേതാണ്. ക്രിസ്തുയേശുവിലൂടെയാണു ദൈവം എന്നെ സ്നേഹിച്ചത് (റോമർ 8:39). ഇന്നു ഞാൻ ആരെയും എന്തിനെയും സ്നേഹിക്കുന്നതു ക്രിസ്തുയേശുവിലൂടെയാണ്!

ദൈവത്തിന്റെ ലോകത്തുനിന്നുകൊണ്ടു മാത്രമേ ദൈവത്തിന്റെ സ്നേഹത്തിൽ സ്നേഹിക്കാനാവൂ. അബ്രാഹാമിനെ ദൈവം മനുഷ്യന്റെ ലോകത്തു നിന്നു ദൈവത്തിന്റെ ലോകത്തേക്കു പിടിച്ചുയർത്തിയതാണ് –ലോകത്തിന്റേതെല്ലാം അവനിൽ നിന്നകറ്റിക്കൊണ്ട് ഇപ്പോൾ യിസ്ഹാക്കിനെ സ്നേഹിക്കാനായി മാത്രം അവൻ ദൈവത്തിന്റെ ലോകത്തു നിന്നു മനുഷ്യന്റെ ലോകത്തിലേക്കു ഇറങ്ങിവരുന്നു. ദൈവത്തിനു അതു സഹിച്ചുകൂടാ... ദൈവത്തിന്റെ ലോകത്തുനിന്നുകൊണ്ടു അബ്രഹാം യിസ്ഹാക്കിനെ സ്നേഹിക്കുന്നതിൽ അപാകതയില്ല; എന്നാൽ, മകനെ സ്നേഹിക്കാൻ ദൈവത്തിന്റെ ലോകം വിട്ട് മനുഷ്യന്റെ ലോകത്തേക്കു ഇറങ്ങിവരുന്നതു അബ്രഹാമിന്റെ ആത്മീയതയുടെ കടയ്ക്കൽ കത്തിവയ്ക്കുന്ന അനുഭവമാണ്. ദൈവം പറഞ്ഞു: അബ്രഹാമേ, എന്റെ ലോകത്തുനിന്നു നിന്നെ വലിച്ചു കൊണ്ടുപോകുന്ന യിസ്ഹാക്കിനോടുള്ള സ്നേഹം അവസാനിപ്പിക്കാൻ സമയമായി. അവനെ യാഗമർപ്പിക്കുക!

സ്വന്തം മകനെ മാനുഷികമായി അല്പം കൂടുതൽ സ്നേഹിച്ചു പോയതിനു ദൈവം ഇത്ര കടുത്ത ഒരു ശിക്ഷ നൽകുന്നതു ശരിയാണോ എന്നു ആരും ചോദിച്ചുപോകും. എന്നാൽ, ദൈവത്തിന്റെ മഹാമനസ്ക്കത നാം മറന്നുപോകരുത്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ത്രിത്വകൂട്ടായ്മയുടെ ലോകത്തേക്കു, മനുഷ്യകീടങ്ങളായ നമുക്കു കൂടെ ദൈവം പ്രവേശനം നൽകിയതു നമ്മൾ ദൈവത്തിനു അനിവാര്യരായതുകൊണ്ടൊന്നുമല്ല, നമ്മോടുള്ള ദൈവത്തിന്റെ കൃപയാണ്! നമ്മെ സ്നേഹിച്ചതുകൊണ്ടു സ്വന്തപുത്രനെ (യേശുവിനെ) യാഗമാക്കിയവനാണു ദൈവം. ആ ദൈവത്തിനു നാം, തന്നെ സ്നേഹിക്കേണ്ടതിനുവേണ്ടി നമ്മുടെ പണത്തെയോ പദവികളെയോ മക്കളെയോ സ്വന്ത ജീവനെത്തന്നെയോ യാഗമാക്കാനായി ആവശ്യപ്പെടാൻ തീർച്ചയായും യോഗ്യതയുണ്ട്.

ചിലപ്പോൾ ആളുകൾ ചോദിക്കാറുണ്ട്– യാഗമാക്കണമെന്ന്– ഉപേക്ഷിക്കണമെന്ന് എന്താണിത്ര നിർബന്ധം? ഞാൻ ദൈവത്തെക്കാളുപരി ഒന്നി

നെയും സ്നേഹിക്കാതിരുന്നാൽ പോരേ? ചില ധനികരായ വിശ്വാസികൾ പറയുന്നതു കേട്ടിട്ടുണ്ട്: “എനിക്കു ഇത്രയൊക്കെ പണമുണ്ടെങ്കിലും ഇതൊന്നും എന്റെ മനസിൽ കയറീട്ടില്ല കേട്ടോ...“സമ്പത്തു വർധിച്ചാൽ അതിൽ മനസ്സു വയ്ക്കരുതെന്നല്ലേ” ദൈവം പറഞ്ഞിട്ടുള്ളൂ... എന്റെ മനസ്സിൽ പണമൊന്നും കയറീട്ടില്ല. എന്റെ മനസ്സിൽ കർത്താവു തന്നെയാണു കേട്ടോ...” നിങ്ങളുടെ മനസ്സ് കർത്താവിൽത്തന്നെയാണെന്നു നിങ്ങൾക്കെങ്ങനെ അറിയാം? നിങ്ങൾക്കുള്ളതിനെ ഉപേക്ഷിക്കുന്നതിലൂടെയേ നിങ്ങൾക്കതറിയൂ... “ഹൃദയം എല്ലാറ്റിനെക്കാളും കപടതയുള്ളത്”(യിരെമ്യാവ് 17:9). ഒരുപക്ഷേ, നിങ്ങൾ കബളിപ്പിക്കപ്പെട്ടേക്കാം.“ ഇപ്പോഴും ദൈവമാണു എനിക്കു വലുത് എന്നു നിങ്ങളുടെ ഹൃദയത്തിൽ പറയുന്നത് കണ്ണുമടച്ചങ്ങു വിശ്വസിക്കേണ്ടതില്ല. വഞ്ചിക്കപ്പെടരുത്. ത്യാഗത്തിലൂടെയേ സ്നേഹം തെളിയിക്കപ്പെടുന്നുള്ളൂ. ഇനി ധന്യമായ ഒരു കാര്യത്തിനുവേണ്ടി സമ്പത്ത് ഉപേക്ഷിക്കാൻ– ചെലവാക്കാൻ, ചെലവാകുവാൻ– പരിശുദ്ധാത്മാവിന്റെ ഒരു പ്രേരണ ലഭിക്കുമ്പോൾ അതു ചെയ്യുക... അതല്ലെങ്കിൽ, കർത്താവേ, എന്റെ ഹൃദയം നിന്നിൽ മാത്രമാണെന്നു ബോധ്യാമാകേണ്ടതിനു എന്റെ സമൃദ്ധി ഉപേക്ഷിക്കാൻ, എനിക്കൊരവസരം തരണേ, എന്നു കർത്താവിനോടു മുട്ടിപ്പായി പ്രാർഥിക്കുക. കർത്താവ് തീർച്ചയായും നിങ്ങളെ സഹായിക്കും എന്നു എനിക്കുറപ്പുണ്ട്.

പണം മാത്രമല്ല, നിങ്ങൾ സ്നേഹിക്കുന്നുവെന്നു നിങ്ങൾക്കു തോന്നുന്ന എന്തിനെയും ഉപേക്ഷിക്കാനുള്ള ഒരു അവസരം കർത്താവിനോടു ചോദിക്കുക.... അധികാരക്കസേരയിലിരിക്കുന്നവരേ, നിങ്ങളോടും ഞാൻ ഇതുതന്നെ പറയുന്നു. “എനിക്കതിനു ആഗ്രഹമുണ്ടായിട്ടൊന്നുമല്ല” എന്നു ഭംഗിവാക്കു പറയുന്ന സ്നേഹിതരേ, ആത്മാർഥതയോടെ നിങ്ങൾ പ്രാർഥിക്കുക: കർത്താവേ, ഈ അധികാരം ഉപേക്ഷിക്കാൻ പദവി വിട്ടുകളയാൻ, പ്രശംസ നിഷേധിക്കാൻ എനിക്കൊരവസരം നൽകണമേ, “എന്റെ യിസ്ഹാക്കിനെ യാഗമർപ്പിക്കാൻ ഞാൻ ഒരുക്കമാണ്... എന്നെ സഹായിക്കണമേ” എന്നു ഹൃദയത്തിന്റെ ആഴത്തിൽനിന്നു പ്രാർഥിക്കാൻ നിങ്ങൾക്കു കഴിയുന്നുണ്ടോ?

യിസ്ഹാക്കിനെ ദൈവം അബ്രഹാമിൽനിന്നു എടുക്കുകയല്ല. അബ്രഹാം യിസ്ഹാക്കിനെ ദൈവത്തിലർപ്പിക്കുകയാണ് എന്നതും നാം ഓർക്കണം. നമുക്കും ദൈവത്തിനും മധ്യത്തിൽ കയറിനിൽക്കുന്ന നമ്മുടെ യിസ്ഹാക്കിനെ–അതു പണമാകാം, ജോലിയാകാം, കുടുംബമാകാം, പദവികളാകാം– നാം തന്നെ യാഗമർപ്പിക്കണം. ദൈവത്തിനതു എടുത്തുകളയാൻ കഴിയാഞ്ഞല്ല. എന്നാൽ, നാമതു സ്വമനസ്സാലെ ചെയ്യണം എന്നു കർത്താവ് ആഗ്രഹിക്കുന്നു. ഒരുകാര്യം നഷ്ടമാകുന്നതും ഉപേക്ഷിക്കുന്നതും രണ്ടും രണ്ടാണ്. നഷ്ടം ഒരു ഗതികേടാണ്; ഉപേക്ഷണം ഒരു തീരുമാനമാണ്. പത്രൊസും അന്ത്രെയാസും യാക്കോബും യോഹന്നാനും - യേശുവിന്റെ ശിഷ്യന്മാരെല്ലാം–സകലവും വിട്ട് അവനെ അനുഗമിച്ചവരാണ്; അല്ലാതെ സകലവും നഷ്ടമായപ്പോൾ അവനെ അനുഗമിച്ചതല്ല. ചിലർ പറയാറുണ്ട്: എനിക്കൊട്ടും ഇഷ്ടമില്ലായിരുന്നു. എന്നാൽ, ദൈവം എന്നെ അടിച്ചുമടക്കി ഒതുക്കി ഈ അവസ്ഥയിലാക്കിയതാണ്. അങ്ങനെയും സമർപ്പണത്തിലേക്കു വരാം. എന്നാൽ, ഗതികേടുകൊണ്ടുള്ള അനുസരണം ഒരിക്കലും മനഃപ്പൂർവമായ ഉപേക്ഷണത്തിനു പകരമാകുകയില്ല! അബ്രഹാമിന്റെ അനുസരണത്തിന്റെ– ഉപേക്ഷണത്തിന്റെ–പാതയിലൂടെ നമുക്കു ഒരു ഓട്ടപ്രദിക്ഷണം നടത്താം. നമുക്കു ഒരു മാതൃകയായി അബ്രഹാം ഈ വേദഭാഗത്ത് പ്രകാശിച്ചു നിൽക്കുന്നുണ്ട്.

ഒന്നാമതു അബ്രഹാമിനു അവനോടു സംസാരിച്ച ദൈവശബ്ദത്തെപ്പറ്റി നല്ല ഉറപ്പുണ്ടായിരുന്നു. ചിലർ പറയാറുണ്ട്: “ സ്വപ്നമാണോ ദർശനമാണോ എന്നറിയത്തില്ല ബ്രദറേ...,”അങ്ങനെയുള്ള സന്ദർഭത്തിൽ തീരുമാനങ്ങളൊന്നും എടുക്കേണ്ട... ദൈവത്തിനായി കാത്തിരിക്കുക. സംശയത്തിലൊന്നും ചെയ്യരുത്! തോന്നലിന്റെ പേരിൽ എന്തെങ്കിലുമൊക്കെ കാട്ടിക്കൂട്ടിയാൽ പിന്നീടു ദുഃഖിക്കേണ്ടിവരും. രണ്ടാമത്, അബ്രഹാം ദൈവത്തിന്റെ പരമാധികാരത്തിൽ വിശ്വസിച്ചു. ദൈവത്തിനു എനിക്കൊരു മകനെ തരാൻ കഴിയും എന്നുള്ളതു ദൈവത്തിന്റെ കഴിവിലുള്ള വിശ്വാസമാണ്! ദൈവത്തിന് എനിക്കൊരു ജോലി തരാനും തന്ന ജോലി എടുത്തുകളയാനും അവകാശമുണ്ട്. ദൈവശബ്ദം വ്യക്തമായപ്പോൾ അബ്രഹാം അനുസരിക്കാൻ തീരുമാനിച്ചു. കുടുംബാംഗങ്ങളുമായോ സാറായുമായിപ്പോലുമോ അവൻ ഒരു കൂടിയാലോചനയ്ക്കു മുതിർന്നില്ല. വിശ്വാസം കൂടിയാലോചിക്കാനുള്ളതല്ല; വിശ്വാസം പ്രഖ്യാപിക്കാനുള്ളതു മാത്രമാണ്. ദൈവത്തെ അനുസരിക്കാനുള്ള എന്റെ തീരുമാനം ആരോടും പറയരുതെന്നൊന്നുമില്ല.

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

# യിസ്രായേലിനു സംഭവിക്കാൻ പോകുന്നത് എന്ത്?

റോമർ 11: 16 ൽ യിസ്രായേൽ രക്ഷിക്കപ്പെടും എന്ന ശുഭ പ്രതീക്ഷയ്ക്കുള്ള കാരണങ്ങൾ ആണ് പൗലോസ് വെളിപ്പെടുത്തുന്നത്.

ഒന്നാമതായി ദൈവം ഒരിക്കലും വാഗ്ദത്തങ്ങളിൽ നിന്ന് പിന്മാറുന്നില്ല എന്നതാണ്. യിസ്രായേൽ രക്ഷയുടെ വാഗ്ദത്തം ഉള്ള ഒരു ജനത ആണ്. അവർ താത്കാലികമായി ദൈവത്തിന്റെ പദ്ധതിയിൽ നിന്നും അവിശ്വാസം മൂലം മാറ്റപ്പെട്ടു എന്നേയുള്ളൂ. അങ്ങനെ വളരെ അധികം ആളുകൾ അവിശ്വാസത്താൽ നശിച്ചു പോയി എങ്കിലും അവിടെയും കർത്താവിനുള്ള ശേഷിപ്പു കാത്തു സൂക്ഷിക്കപ്പെടുന്നുണ്ട്.

രണ്ടാമതായി പൗലോസ് പറയുന്നത്, ആദ്യഭാഗം വിശുദ്ധം ആയിരുന്നു എന്നാണ്. അത് പൂർവ പിതാക്കന്മാരെ ഉദ്ദേശിച്ചാണ്. ഇന്നുള്ളവർ അനുസരണക്കേടു കാണിച്ചാലും ആദ്യ ഫലമായിരുന്ന പൂർവ പിതാക്കന്മാർ വിശുദ്ധരും വിശ്വസിക്കുന്നവരും ആയിരുന്നു. അതുകൊണ്ട് പൗലോസ് പറയുന്നു: ആദ്യഭാഗത്തെ, ദൈവം വിശുദ്ധം എന്ന് കണ്ടു എങ്കിൽ പിണ്ഡവും, അതായതു ബാക്കിഭാഗവും വിശുദ്ധം തന്നെ ആവണം. അതുകൊണ്ട് യിസ്രായേലിൽ ചിലർ തെറ്റിപ്പോയാലും ആകെ നോക്കുമ്പോൾ അവർ ഒരു വിശുദ്ധ ജനം തന്നെയാണ്. അതുകൊണ്ട് യിസ്രായേൽ മുഴുവൻ ഇന്ന് അവർ തള്ളിക്കളയുന്ന സത്യങ്ങളെ സ്വീകരിക്കുന്ന ഒരു നാൾ വരും എന്ന് പൗലോസ് ഉറപ്പായും വിശ്വസിക്കുന്നു.

വിശുദ്ധമായ വേര്, ഒരു നല്ല മരത്തെ സൂചിപ്പിക്കുന്നതാണ്. അതുകൊണ്ട് ചില കൊമ്പുകൾ ഒടിഞ്ഞു പോയാലും ആ മരം വിശുദ്ധമായി നില്ക്കും. ചില കൊമ്പുകൾ ചെത്തിക്കളയേണ്ടി വന്നാലും ആ മരം ഉപേക്ഷിക്കപ്പെടുന്നില്ല. അതുകൊണ്ട് യിസ്രായേൽ രക്ഷിക്കപ്പെടാതിരിക്കുകയില്ല എന്ന് പൗലോസ് പറയുന്നു. യിസ്രായേൽ തള്ളപ്പെട്ടു എന്ന് വീമ്പു പറയേണ്ട കാര്യം ഒട്ടിച്ചുചേർത്ത കൊമ്പുകളായ ജാതികൾക്കില്ല. ദൈവം ഒരു പക്ഷാഭേദവും ഒരിക്കലും കാണിക്കുകയില്ല. വിശ്വാസത്തിൽ നിലനിൽക്കാത്ത കൊമ്പുകൾ ദൈവം മുറിച്ചു കളഞ്ഞു എന്നത് എല്ലാവർക്കും ഒരു മുന്നറിയിപ്പാണ്. ഏതു ജാതിയിലും അത് സംഭവിക്കാം.

യിസ്രായേൽ ഒരു കാലത്തു ദൈവത്തെ ആരാധിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്തതു പോലെ ദൈവത്തിന്റെ ജനം എന്ന് അറിയപ്പെട്ടിരുന്ന അനേകജാതികൾ പിൽക്കാലത്തുണ്ടായിട്ടുണ്ട്. യൂറോപ്പു മുഴുവൻ ഒരു കാലത്തു ക്രിസ്തീയ വിശ്വാസം പ്രസംഗിക്കുകയും സ്വീകരിക്കുകയും ചെയ്തിരുന്നു. ഇന്ന് അവർ വെട്ടിമാറ്റപ്പെട്ട സ്ഥിതിയിലാണ്. ഇന്ന് പടിഞ്ഞാറൻ രാജ്യങ്ങളിൽ മിക്കതും അതിവേഗം ജഡീകമായ ലോക മോഹങ്ങളിലേക്കും ജീവിതം ആസ്വദിക്കുന്നതിനു വേണ്ടിയുള്ള സ്വാതന്ത്ര്യ മോഹത്തിലേക്കും നീങ്ങിയപ്പോൾ അവർ ദൈവത്തെ തള്ളിക്കളയുന്ന ജനമായി മാറി. ദൈവം അവരെ വെട്ടി മാറ്റിയതായി ഇന്ന് കാണപ്പെടുന്നു.

യിസ്രായേലിൽ അന്ന് സംഭവിച്ചത് പോലെ, അവിടവിടെ ക്രിസ്തുവിനെ അന്വേഷിക്കുന്ന ജനം ഉണ്ടായിട്ടും പൊതു സമൂഹം ക്രിസ്തുവിനെ തള്ളിക്കളയുന്ന ഒരു സാഹചര്യത്തിലേക്ക് ആണ് ഇന്ന് ആ രാജ്യങ്ങൾ നീങ്ങി കൊണ്ടിരിക്കുന്നത്. ദൈവത്തെ അന്ന് തള്ളിക്കളഞ്ഞ യിസ്രായേൽ പിന്നീട് വലിയ കഷ്ടതകൾ ആണ് അനുഭവിക്കേണ്ടി വന്നത്. ഇരുപതാം നൂറ്റാണ്ടിലും അവർ വലിയ പീഡനങ്ങൾക്കു ഇരയായി. ഇന്ന് പടിഞ്ഞാറൻ രാജ്യ

ങ്ങളും എല്ലാ അർത്ഥത്തിലും അസ്വസ്ഥത വളരുന്ന ഒരു സാഹചര്യത്തെ ആണ് അഭിമുഖീകരിക്കുന്നത്.

ഇതിന്റെ അർഥം, പൗലോസിന്റെ കാലത്തായാലും ഇന്ന് ആയാലും വിശ്വസിക്കുന്നവർ, അവർ യഹൂദരായാലും യവനാരായാലും ഇന്ത്യക്കാർ ആയാലും രക്ഷിക്കപ്പെടും, എന്നാൽ ദൈവത്തെ തള്ളിക്കളയുന്ന രാജ്യങ്ങൾ വരണ്ടുണങ്ങി, സുവിശേഷം കേൾക്കാൻ ഇല്ലാതെ ദരിദ്രമായി തീരും. റോമർ 11: 17 ൽ പറയുന്നു: കൊമ്പുകളിൽ ചിലതു മാത്രം മുറിച്ചു കളഞ്ഞിട്ടു നമ്മെ ഒട്ടിച്ചു ചേർക്കുക ആയിരുന്നു എന്നും അതിനു ഒരു യോഗ്യതയും നമുക്ക് ഇല്ലായിരുന്നു എന്നും അതുകൊണ്ട് നാം തെരഞ്ഞെടുക്കപ്പെട്ടവരായാൽ അതിനു നമ്മിൽ തന്നെ പ്രശംസിക്കരുത് എന്നും പൗലോസ് പറയുന്നു. ഒട്ടിച്ചു ചേർത്ത ദൈവത്തിനാണ് എല്ലാ മഹത്വവും. തനിക്ക് ഒട്ടിക്കാനും മുറിക്കാനും അധികാരം ഉണ്ട്.

അതുകൊണ്ട് യിസ്രായേൽ രക്ഷിക്കപ്പെടുമോ? തീർച്ചയായും. കാരണം ദൈവം തന്റെ തെരഞ്ഞെടുപ്പിനെക്കുറിച്ച് ഒരിക്കലും അനുതപിക്കുന്നില്ല. അതുകൊണ്ട് യിസ്രായേൽ പുനഃസ്ഥാപിക്കപ്പെടുന്നതിനു ഒരു ദിവസം ഉണ്ട്. അതിനുള്ള തടസ്സം ജാതികളുടെ പൂർണ്ണസംഖ്യ ചേർന്ന് വരിക എന്നതാണ്. ഈ വാക്യത്തെ പലരും തെറ്റായ രീതിയിൽ വ്യാഖ്യാനിച്ചു ജാതികളുടെ പൂർണ്ണസംഖ്യ ചേർന്നുവരുന്നതാണ് സഭ എന്ന് പറയാറുണ്ട്. ജാതികളിൽ നിന്ന് വരുന്നവർക്കും യിസ്രയേൽ മക്കൾക്കും രണ്ടു തരം രക്ഷ ആണ് വരുന്നത് എന്ന് അവർ അനുമാനിക്കുന്നു. എന്നാൽ വേദപുസ്തകം ഒരിക്കലും അങ്ങനെ പറയുന്നില്ല. ഒരു രക്ഷാമാർഗം മാത്രമേ ഉള്ളു. അത് യഹൂദനായാലും യവനനായാലും. ഏത് മനുഷ്യനും ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ ആത്മാവിൽ വീണ്ടുംജനനം പ്രാപിക്കുകയയും ക്രിസ്തുവിന്റെ യാഗത്താൽ അവന്റെ പാപങ്ങൾ ക്ഷമിക്കപ്പെടുകയും വേണം. അതുകൊണ്ട് വേർപാടിന്റെ നടുചുവരിനെ ഇടിച്ചു കളഞ്ഞ ദൈവം ഇരുപക്ഷത്തേയും ഒന്നാക്കി മാറ്റുകയാണ് ചെയ്തത്.

അതുകൊണ്ട് നാമും യിസ്രയേലിന്റെ വിശ്വാസത്തിലേക്കുള്ള വീണ്ടെടുപ്പിനായാണ് കാത്തിരിക്കുന്നത്. ഇന്ന് പലരും യിസ്രായേൽ എന്ന രാജ്യത്തിന്റെ വക്താക്കളായി മാറുന്നത് കണ്ടിട്ടുണ്ട്. അവരിപ്പോഴും പുത്രനെ തള്ളിക്കളഞ്ഞവരെ പോലെയാണ് ഇരിക്കുന്നത്. ദൈവപുത്രനെ സ്വീകരിക്കുവാൻ ഇത്രയും കഷ്ടതകൾക്ക് ശേഷവും അവർക്കു കഴിഞ്ഞിട്ടില്ല. അവർ ഇനിയും ഒരു മശിഹായ്ക്കു വേണ്ടി കാത്തിരിക്കുന്നു. എന്നാൽ അത് എതിർക്രിസ്തു ആയിരിക്കും എന്ന് വേദപുസ്തകത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. ശരിക്കും ആക്ഷരിക യിസ്രായേൽ എതിർക്രിസ്തുവെന്നറിയാതെ വരവേൽക്കാനാണ് കാത്തിരിക്കുന്നത്. ഇന്നും മശിഹായെ പ്രതീക്ഷിച്ചു കാത്തിരിക്കുന്ന യിസ്രായേൽ വഞ്ചിക്കപ്പെടുകയും ക്രിസ്തുവെന്ന വ്യാജേന എതിർക്രിസ്തുവിനെ അവരറിയാതെത്തന്നെ അംഗീകരിക്കുകയും ചെയ്യും. ആത്മീക യിസ്രായേൽ കർത്താവിന്റെ സ്വന്തമാണ്. ഗലാത്യലേഖനത്തിൽ പൗലോസ് ഈ വ്യത്യാസത്തെ വ്യക്തമായി പ്രതിപാദിക്കുന്നു. നമ്മൾ കാത്തിരിക്കുന്നത് സകല ജാതികളും വംശങ്ങളും ഭാഷകളും ഗോത്രങ്ങളും കർത്താവിനെ സ്വീകരിക്കുന്നത് കാണാൻ ആണ്. അതിനുശേഷം യിസ്രായേലും ചേർന്നുവരുവാൻ ഇടയായിത്തീരും. യാക്കോബിൽ നിന്ന് ദൈവം അഭക്തിയെ എടുത്തു മാറ്റും എന്നുള്ള വാഗ്ദത്തം പൗലോസ് മുറുകെ പിടിക്കുന്നു. അതുകൊണ്ട് ദൈവത്തിന്റെ പദ്ധതികളെ ഒരിക്കലും സംശയിക്കേണ്ടതില്ല. തന്റെ വാഗ്ദത്തങ്ങൾ എന്നന്നേക്കും സ്ഥിരമായിരിക്കുന്നു.

ഈ ഒരു വീണ്ടെടുപ്പു ഉറപ്പായും സാധിക്കും എന്ന് പൗലോസ് പറയാൻ ഉള്ള കാരണം ദൈവം തന്റെ തീരുമാനങ്ങളെക്കുറിച്ചോ തെരഞ്ഞെടുപ്പിനെക്കുറിച്ചോ ഒരു കാലത്തും അനുതപിക്കുന്നില്ല എന്നതിനാലാണ്. ദൈവം ഒരാളെ തെരഞ്ഞെടുത്തു കുറെ കഴിയുമ്പോൾ, അയ്യോ വേണ്ടായിരുന്നു, മറ്റേ ആൾ മതിയായിരുന്നു എന്ന് ചിന്തിക്കയില്ല. ദൈവത്തിന്റെ തെരഞ്ഞെടുപ്പു എല്ലാം അറിയുന്ന ഒരാളുടെ തെരഞ്ഞെടുപ്പാണ്. ഭൂതവും ഭാവിയും വർത്തമാനവും എല്ലാം ദൈവത്തിന്റെ മുൻപിൽ തുറന്നു കിടക്കുന്നു. അതുകൊണ്ട് തന്റെ തീരുമാനങ്ങൾ നിത്യമാണ്.

ഇതിനർത്ഥം ഒരിക്കൽ കൃപാവരങ്ങൾ കിട്ടിയവർക്കു പിന്നീട് അത് നഷ്ടപ്പെടുന്നില്ല എന്നാണോ? ക്രിസ്തുവിനോടുള്ള ഏകാഗ്രതയിൽ ജീവിതം തുടരുന്നുവെങ്കിൽ തെരഞ്ഞെടുപ്പിനെക്കുറിച്ച് അത് സത്യമാണ്, കാരണം തെരഞ്ഞെടുപ്പ് നിത്യതയിലേക്കാണ്. രക്ഷാകരമായ ദൈവ കൃപയെക്കുറിച്ചും അത് സത്യമാണ്. കാരണം രക്ഷിക്കുന്ന ദൈവകൃപ അന്ത്യത്തോളം നമ്മെ നടത്തുകയും ചെയ്യും. എന്നാൽ ശുശ്രൂഷയ്ക്കായി നൽകപ്പെടുന്ന കൃപാവരങ്ങൾ നിത്യമല്ല. ദൈവത്തിന്റെ പദ്ധതികൾ നിവർത്തിക്കുന്നതിന്റെ ഭാഗമായി നല്കപ്പെടുന്നതാണ്. അതിനു നിത്യമായ പ്രസക്തി ഇല്ല. കൃപാവരങ്ങൾ നിത്യതയിൽ ആവശ്യമായി വരുന്നില്ല. ദൈവം നമ്മോടു കാണിക്കുന്ന കരുണ യിസ്രായേലിന്റെ രക്ഷയ്ക്ക് കാരണമാവും. യഹൂദനെന്നോ യവനനെന്നോ വ്യത്യാസമില്ലാതെ സകലരെയും രക്ഷിക്കുകയും തേജസ്സിലേക്കു നടത്തുകയും ചെയ്യുന്നത്, ലോകം മുഴുവൻ രക്ഷയ്ക്കായി പ്രസംഗിക്കപ്പെടേണ്ട സുവിശേഷം ആണ്. ●



ജോർജ് മാത്യു, പുതുപ്പള്ളി

# കാതുകളിൽ മുഴങ്ങട്ടെ ദൈവശബ്ദം

കഷ്ടതകളും കണ്ണീരും കർത്താവിനുവേണ്ടി സന്തോഷപൂർവം സഹിച്ചിരുന്ന ആദിമ ക്രൈസ്തവസഭയിൽ അനാചാരങ്ങളും ദുരുപദേശങ്ങളും നുഴഞ്ഞുകയറിയത് കുസ്തന്തീനോസ് ചക്രവർത്തിയുടെ കാലത്താണ്. അദ്ദേഹം ക്രിസ്തീയസഭയെ രാജകീയ മതമായി (Royal Religion) പ്രഖ്യാപിച്ചതോടുകൂടി കഷ്ടതയുടെയും നിന്ദയുടെയും സ്ഥാനം ഉന്നതഭാവവും ഉദാസീനതയും ഏറ്റെടുത്തു. ശുശ്രൂഷകളിൽ ദാസ്യഭാവം പുലർത്തിയിരുന്ന ഇടയന്മാർ യജമാനഭാവം ഏറ്റെടുത്ത് ഭരണാധികാരികളെപ്പോലെ പ്രവർത്തിക്കുവാൻ തുടങ്ങി. ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും സ്ഥാനത്ത് അലസതയും ധൂർത്തും കടന്നുകയറി. അനുഭവങ്ങൾ പാരമ്പര്യത്തിലേക്കും പിന്നീട് അഭിനയത്തിലേക്കും വഴുതിവീണു.

കാലപ്രവാഹത്തിൽ ക്രൈസ്തവസഭ ലോകമെങ്ങും പടർന്നുപന്തലിക്കാൻ തുടങ്ങി. തോമസ് അപ്പൊസ്തലനെന്ന ഒറ്റയാൾപട്ടാളത്തിൽ നിന്നും വളർന്ന്, ഇന്നു കാണുന്ന അവസ്ഥയിൽ ഭാരതസഭ എത്തി. ഹൈന്ദവസംസ്കാരവുമായുള്ള അയൽപക്കബന്ധവും ഇടപഴകലുമെല്ലാം അനാചാരങ്ങളും അന്ധവിശ്വാസങ്ങളും സഭയിൽ കയറിപ്പറ്റുവാനിടയാക്കി. ആരാധനകളിലും ചടങ്ങുകളിലുമൊക്കെ അതിന്റെ അതിപ്രസരം നിഴലിട്ടു. നിലവിളക്കും വിഗ്രഹങ്ങളും ആൾരൂപവും മെഴുകുതിരിയും പെരുനാളും കരിമരുന്നും കരിവീരനും കോഴിവെട്ടും കൊടിയേറ്റവും റാസയും മുഹൂർത്തംനോക്കലുമൊക്കെ ക്രിസ്തീയ ചടങ്ങുകളിൽ കയറിപ്പറ്റി. പൗരോഹിത്യവും വേഷഭൂഷാദികളും അഭിസംബോധനകളുമൊക്കെ മതഭരണാധികാരികളുടെ ഒഴിവാക്കാൻ വയ്യാത്ത ഘടകങ്ങളായി മാറി. വിശുദ്ധ ബൈബിളിൽ കാലാകാലങ്ങളിൽ ദൈവം പ്രവാചകന്മാരെ എഴുന്നേല്പിക്കുന്നതായി കാണാം. അവരൊക്കെയും ദൈവകല്പനകൾക്ക് അനുസൃതമായി അനുസരണത്തോടും വിനയത്തോടും ധൈര്യത്തോടും കൂടി അത് പ്രസ്താവിക്കുകയും ചെയ്തു. ആരുടെയെങ്കിലും ഔദാര്യം പിടിച്ചുപറ്റാനോ, മുഖസ്തുതി കേൾക്കുവാനോ, പൂർവകാലാനുഭവങ്ങൾ മുൻകൂട്ടി മനസ്സിലാക്കിയോ അവരാരും വ്യാജപ്രവർത്തനം നടത്തിയില്ല. അതുകൊണ്ടാണ് ക്രൈസ്തവലോകം മുഴുവൻ അക്കാലത്തെ പ്രവാചകന്മാരെ ബഹുമാനിച്ചിരുന്നത്. ജനത്തെ മാനസാന്തരത്തിലേക്കു നയിച്ച യിരെമ്യാവ്, യെശയ്യാവ്, യോന, നാഥാൻ, യോഹന്നാൻസ്നാപകൻ തുടങ്ങിയവർ അവരിൽ പ്രമുഖരാണല്ലോ.

പാപബോധവും മാനസാന്തരവും ഉളവാക്കുന്നതായിരിക്കും യഥാർത്ഥ പ്രവചനം. ദാവീദ് രാജാവിനെ ചൂണ്ടിക്കാട്ടി നാഥാൻ നടത്തിയ പ്രവചനവും, ഹെരോദാവിനെ നോക്കി യോഹന്നാൻ സ്നാപകൻ നടത്തിയ ഗർജ്ജനവും അത്തരത്തിലുള്ളതാണ്. ഇന്നുള്ള പല പ്രവചനങ്ങളും കേൾക്കുമ്പോൾ പാപബോധവും മാനസാന്തരവും ഉണ്ടാകുന്നില്ല. വലിയ ബംഗ്ലാവ് വയ്ക്കുമെന്നും, കല്യാണം നടക്കുമെന്നും, വിദേശരാജ്യങ്ങളിൽ പോകുമെന്നും, ശവപ്പെട്ടി കാണുന്നെന്നും, പ്രളയവും കൊടുങ്കാറ്റും ഉണ്ടാകുമെന്നും ഒക്കെയുള്ള കാര്യങ്ങൾ മാത്രമായി പ്രവചനം തരംതാഴുന്നു. ഇതൊക്കെ എപ്പോഴും ദൈവമക്കൾ പ്രതീക്ഷിക്കേണ്ടതാണ്. അടുത്തയിടെ

മലമുകളിൽ ഇരുന്നപ്പോൾ ഒരു പ്രവാചകൻ കണ്ട ദർശനം കേരളത്തിൽ മൂന്നു സിനിമാതാരങ്ങൾ മരിക്കുന്നതായിരുന്നു. നാം അറിയാത്ത എത്രയോ സിനിമാതാരങ്ങൾ മിക്കപ്പോഴും ഓരോ സ്ഥലങ്ങളിൽ മരിക്കുന്നു. മരണം പ്രകൃതിയുടെ ഒരു നിയമമല്ലേ? ഇതൊക്കെയാണോ തന്റെ ഭക്തരെ ദൈവം കാണിച്ചുകൊടുക്കുന്നത്? ഭൗതികനേട്ടങ്ങൾ മാത്രമാണ് ആത്മാവിന്റെ അനുഗ്രഹങ്ങൾ എന്ന ധാരണ ശരിയല്ല. വടക്കെ ഇന്ത്യയിലെ ചേരിപ്രദേശങ്ങളിലേക്കും ആദിവാസിമേഖലയിലേക്കും പോകാൻ പ്രവചനം ഉണ്ടാകാതെ വിദേശരാജ്യങ്ങളിലേക്ക് മാത്രം പോകാൻ അരുളപ്പാട് ഉണ്ടായാൽ അത് ദൈവാത്മാവിന്റേതാണോ എന്ന് വചനപ്രകാരം ശോധന ചെയ്യണം. കർത്താവിനെ അറിയാത്ത പ്രദേശങ്ങളിലായിരിക്കും ദൈവാത്മാവ് സുവിശേഷകരെ പ്രധാനമായും അയയ്ക്കുക. വിദേശപര്യടനം തെറ്റാണെന്നോ, അവിടെ സുവിശേഷം പ്രസംഗിക്കരുതെന്നോ ഇതിനർത്ഥമില്ല. ധനികനായ ഒരു മനുഷ്യനെ ചൂണ്ടിക്കാട്ടിയിട്ട് ദൈവവിഷയമായി സമ്പന്നനാകണമെന്ന് ക്രിസ്തു പഠിപ്പിച്ചു. (ലൂക്കൊസ് 12:21) ഭൗതിക സമ്പത്തിനെ ദൈവാനുഗ്രഹമായി കരുതി അതിൽ പുകഴരുത്. ദാരിദ്ര്യവും കഷ്ടപ്പാടും ബുദ്ധിമുട്ടും നിത്യജീവനിലേക്കുള്ള മനോഹര പാതകളായിരിക്കേ അത് മാറ്റിവച്ചിട്ട് സുഖവും, സമൃദ്ധിയും, ആർഭാടവും ആഡംബരവും ആ സ്ഥാനത്ത് കയറ്റിനിർത്തി അതിനും വേദവാക്യങ്ങൾ തെളിവായെടുത്ത് മുന്നോട്ടു പോകുന്ന രീതിയും ദൈവവചനപ്രകാരമുള്ളതല്ല.

ഒരു കാലത്ത് ദൈവം ശക്തമായി ഉപയോഗിച്ചിട്ടുള്ള പല പ്രവാചകന്മാരും ആത്മീയനിഗളത്താലോ, മറ്റേതെങ്കിലും കാരണങ്ങളാലോ, ലഭിച്ച കൃപാവരം ജ്വലിപ്പിക്കാനാകാതെ മന്ദാവസ്ഥയിൽ കഴിയുന്നു. വമ്പുപറയുന്നവരും, സ്വയ പ്രചരണം നടത്തുന്നവരും ആത്മീയ മേഖലയിൽ ഏറിവരുന്നു. വ്യാജപ്രവചനങ്ങൾ നടത്തി വ്യക്തികളെയും സഭകളെയും കുടുംബങ്ങളെയും വഴിതെറ്റിക്കുന്ന വിവരം ഇവർ ചിന്തിക്കുന്നേ ഉണ്ടാവില്ല. ദൈവവചനം കേട്ടു ധ്യാനിക്കുകയും, ജീവിതത്തിന് രൂപാന്തരം വരുത്തുവാൻ ആഗ്രഹിക്കുകയും ചെയ്യാതെ, പ്രവചനത്തിൽ മാത്രം ആശ്രയിക്കുന്ന പ്രകൃതം വിശ്വാസികൾ ഉപേക്ഷിച്ചില്ലെങ്കിൽ സമുദായങ്ങളിൽ ദിവംഗതരുടെ മദ്ധ്യസ്ഥതയിൽ ആശ്രയിക്കുന്ന രീതിയിൽ അത് വിഗ്രഹാരാധനയായി മാറുവാൻ സാധ്യതയുണ്ട്. കൈനോട്ടക്കാരെക്കൊണ്ട് കൈനോക്കി ഓരോ ദിവസവും ഫലമറിയുവാൻ ആഗ്രഹിക്കുന്നതുപോലെ, നല്ല കാര്യങ്ങൾ മാത്രം പ്രവചനത്തിലൂടെ കേൾക്കുവാനാഗ്രഹിക്കുന്ന നിഷ്കളങ്കമാനസരുമുണ്ട്. പ്രാർത്ഥിച്ചില്ലെങ്കിലും ആരാധനയിലും കൂട്ടായ്മയിലും സംബന്ധിച്ചില്ലെങ്കിലും ഏതെങ്കിലും പ്രവാചകന്മാർ എവിടെയെങ്കിലും വന്നിട്ടുണ്ടെന്നു കേട്ടാൽ അവിടേക്ക് ഓടുന്ന സാധു വിശ്വാസികളെയും ആത്മീയലോകത്തിൽ കാണാം.

**ഭൗതിക നന്മകളെക്കുറിച്ചോ, ലോകനേട്ടങ്ങളെക്കുറിച്ചോ അല്ല, ആത്മീയവിഷയങ്ങളെക്കുറിച്ചു മാത്രമുള്ളതായിരിക്കും ദൈവിക പ്രവചനം എന്ന് അറിയുക.**

ഭൂത, വർത്തമാന, ഭാവികാര്യങ്ങൾ ദൈവാത്മാവ് തന്റെ ദാസരിലൂടെ വെളിപ്പെടുത്തിയ പ്രവചനങ്ങളാണ് തിരുവചനത്തിൽ കാണുന്നത്. മനുഷ്യബുദ്ധിക്കോ, യുക്തിക്കോ സാദ്ധ്യമല്ലാത്തതും സത്യമായതുമായ കാര്യങ്ങൾ വിശുദ്ധന്മാരുടെ ധ്യാനത്തിങ്കൽ വെളിപ്പെടുന്നു. സകല ആത്മീയ വെളിപ്പാടുകളും ദൈവത്തിൽ നിന്നും വരുന്നതായിരിക്കും. (യാക്കോബ് 3:17) ഭൗതികനന്മകളെക്കുറിച്ചോ, ലോകനേട്ടങ്ങളെക്കുറിച്ചോ അല്ല, ആത്മീയ വിഷയങ്ങളെക്കുറിച്ചു മാത്രമുള്ളതായിരിക്കും ദൈവികപ്രവചനം എന്നറിയുക. പുതിയനിയമത്തിൽ പ്രവചനവരത്തെപ്പറ്റി പരാമർശിക്കുന്നു. ഈ ശുശ്രൂഷയിൽ അഹങ്കരിക്കുകയോ, അതിനെ പ്രശസ്തി കിട്ടാനുള്ള മാധ്യമ മായി ഉപയോഗിക്കുകയോ, തൊഴിലായി സ്വീകരിക്കുകയോ, പണസമ്പാദനത്തിനുള്ള മാർഗമായി കാണുകയോ ചെയ്താൽ പ്രവചനം പരാജയമാകും. മാത്രമല്ല, ദൈവകൃപ നഷ്ടപ്പെട്ട അവസ്ഥയിലായിരിക്കും പിന്നീടുള്ള കാര്യങ്ങൾ സംഭവിക്കുക.

ക്രിസ്തുവിലൂടെ ഭൗതികസമൃദ്ധി ലഭിക്കുമെന്ന് പ്രവചനത്തിലൂടെയും ഉപദേശത്തിലൂടെയും പഠിപ്പിക്കുന്നതിൽ വലിയ അപകടമാണ് ഒളിഞ്ഞുകിടക്കുന്നത്. എന്നാലാവശ്യത്തിന് ഭൗതിക നന്മകൾ വേണം താനും. മുന്നമെ ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നവർക്ക് സന്തോഷമായി ജീവിക്കുന്നതിന് ആവശ്യമായത് ലഭിക്കും എന്നു കർത്താവ് തന്നെ പറഞ്ഞിട്ടുണ്ട്. എന്നാൽ ആവ

ശേഷം പേജ് 15 ▶



പി.വി. വർഗീസ്

# ഇതല്ലേ യഥാർത്ഥ ക്രിസ്മസ്!

യേശുവിന്റെ ജനനവും മരണവും എന്നായിരുന്നു എന്നതിനേക്കാൾ, എന്തിനായിരുന്നു എന്നതിനാണ് ഏറെ പ്രസക്തി. എന്നു ജനിച്ചു, എന്നു മരിച്ചു എന്നതല്ല നമുക്കുപകരമായി വരുന്നത്. അതുകൊണ്ടാണ് യേശു എന്നു ജനിച്ചു, എന്നു മരിച്ചു എന്നതിൽ തിരുവെഴുത്തു മൗനം പാലിക്കുന്നത്. അതേസമയം എന്തിനായിരുന്നു എന്നതിൽ തിരുവെഴുത്തു വാചാലമാണ് താനും! യേശുവിന്റെ ജനനം ചരിത്രത്തെ രണ്ടായി വിഭജിച്ചു. തന്റെ ജനനം ആകസ്മികമായി സംഭവിച്ച ഒന്നല്ല. വളരെ കാര്യമാത്രപ്രസക്തമായ വലിയൊരു ദൗത്യനിർവഹണത്തിനായിരുന്നു താൻ ജനിച്ചത്. ആ ദൗത്യം ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻപ്രകാരം മരിച്ച് അടക്കപ്പെട്ടശേഷം, മൂന്നാംദിവസം തിരുവെഴുത്തുകളിൻപ്രകാരം ഉയിർപ്പിക്കപ്പെട്ടു എന്നു വചനം വ്യക്തമാക്കുന്നു. യേശുവിനെ വിസ്തരിക്കുന്ന രാത്രിയിൽ മഹാപുരോഹിതന്റെ വീടിന്റെ നടുമുറ്റത്ത് കനൽ കൂട്ടി തീ കാഞ്ഞു കൊണ്ടിരുന്നു എന്ന് വ്യക്തമാക്കിയിരിക്കുന്നു (ലൂക്കോസ് 22: 54, 55). ആയതിനാൽ ക്രൂശീകരണം നടന്നത് ശീതകാലത്തായിരുന്നു എന്ന് സ്പഷ്ടം. പാപമോചനം നല്കി ദൈവമക്കളാക്കി നമ്മെ രക്ഷിക്കുക എന്ന മഹാദൗത്യം നിർവഹിക്കുക എന്നതായിരുന്നു യേശുവിന്റെ ജനനത്തിന്റെ ഉദ്ദേശ്യം.

ഹെരോദാരാജാവിന്റെ കാലത്തു യേശു ജനിച്ചു എന്നു മാത്രമാണ് ബൈബിളിൽ സമയത്തെക്കുറിച്ചുള്ള പരാമർശം. അന്ന് ആ പ്രദേശത്തു ആട്ടിടയന്മാർ ആട്ടിൻകൂട്ടത്തെ കാവൽചെയ്തു വെളിയിൽ പാർത്തിരുന്നു (ലൂക്കോസ് 2:8). ഒക്ടോബർ മുതൽ മാർച്ചു മാസം വരെ ആ രാജ്യങ്ങളിൽ അതിശൈത്യമാണ്. ഇക്കാലത്തു ഇടയന്മാർ വെളിയിൽ പാർക്കുന്നതു ദുഷ്ക്കരമാണ്. എന്നാൽ ഇവിടെ യേശുവിന്റെ ജനനസമയത്തു ഇടയന്മാർ വെളിയിൽ പാർത്തിരുന്നു എന്ന് സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. അതുകൊണ്ട് യേശുവിന്റെ ജനനം ഡിസംബർ മാസത്തിലായിരുന്നില്ല. സ്വാഭാവികമായി ഇവിടെ ഒരു ചോദ്യമുയരുന്നു. അങ്ങനെയെങ്കിൽ ലോകം മുഴുവൻ ഡിസംബർ മാസത്തിൽ ക്രിസ്മസ് ആഘോഷിക്കുന്നത് എന്തു കൊണ്ട്?

എ ഡി 306 - 337 കാലയളവിൽ റോം ഭരിച്ചിരുന്നത് കുസ്തന്തീനോസ് ചക്രവർത്തിയാണ്. വചനാനുസരണം മാനസാന്തരപ്പെടാതെ ക്രിസ്ത്യാനിയായിത്തീർന്ന അദ്ദേഹം റോമാക്കാർ ആചരിച്ചുപോന്ന പല ആചാരാനുഷ്ഠാനങ്ങൾക്കും ക്രിസ്തീയ പരിവേഷം നൽകി, ക്രിസ്തുമതത്തിന്റെ ഭാഗമാക്കുകയുണ്ടായി. അവർ സൂര്യദേവന്റെ ജന്മദിനമായി ആചരിച്ചു പോന്നിരുന്ന ഡിസംബർ 25 യേശുവിന്റെ ജന്മദിനമായി പ്രഖ്യാപിച്ചു. ഇതാണ് ക്രിസ്മസ് ആഘോഷത്തിന്റെ പിന്നാമ്പുറ ചരിത്രം. വാസ്തവമായി യേശു ജനിച്ചത് വർഷാവർഷം ജനങ്ങൾ അത് ആഘോഷമാക്കി സന്തോഷിക്കേണ്ടതിനായിരുന്നില്ല. മറിച്ച്, നമ്മുടെ പകരക്കാരനായി നമ്മുടെ പാപങ്ങളുടെ ശിക്ഷ വഹിച്ചു നമ്മെ രക്ഷിക്കുകയും നിത്യശിക്ഷാവിധിയിൽ നിന്ന് നമ്മെ വിടുവിക്കുകയും ചെയ്യേണ്ടതിനായിരുന്നു. നിങ്ങൾ വിശേഷദിവസങ്ങളും മാസങ്ങളും കാലങ്ങളും വർഷങ്ങളും ആചരിക്കുന്നു! നിങ്ങൾക്കുവേണ്ടി അധ്വാനിച്ച എന്റെ പ്രയത്നമെല്ലാം വെറുതേയായിപ്പോയോ എന്നു ഞാൻ ഭയപ്പെടുന്നു എന്നായിരുന്നു ഗലാത്യരോടുള്ള പൗലോസിന്റെ പരിദേവനം. അതായത് ക്രി

**പ്രാധാന്യമർഹിക്കുന്ന രക്ഷണ്യപദ്ധതികളെ അവഗണിച്ചു കൊണ്ട് ഈ ചപ്പുചവറുകളുടെ ആസ്വാദ്യതയിലേക്കു ജനത്തെ തന്ത്രപൂർവ്വം വഞ്ചിച്ചു വഴിതെറ്റിക്കുന്നു.**

സ്തു നമ്മുടെ ഹൃദയത്തിൽ ജനിക്കുന്നതിനു വർഷത്തിലെ 365 ദിവസവും സാധ്യമാണ്. അതിനായി സുവിശേഷസത്യങ്ങൾ മനസിലാക്കി അംഗീകരിച്ചു നമ്മെത്തന്നെ സമർപ്പിക്കുകയാണ് നാം ചെയ്യേണ്ടത്. അങ്ങനെ വചനമായ ദൈവം നമ്മുടെ ഹൃദയത്തിൽ ഉരുവായി വസിക്കുമ്പോഴാണ് യഥാർത്ഥ ക്രിസ്മസ് നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നത്. നമുക്ക് ലഭ്യമാക്കിത്തന്ന ഈ രക്ഷയുടെ സന്തോഷം അനുനിമിഷം സന്തോഷത്തോടും നന്ദിയോടുംഓർത്തുദൈവത്തെ മഹത്വപ്പെടുത്തേണ്ടതിനാണ് ഇത്രവലിയ രക്ഷ സൗജന്യമായി നൽകിയത്. അതിന്റെ വില കൊടുക്കുവാൻ നമുക്ക് കഴിയുമായിരുന്നില്ല എന്നതിനാലാണത്. എന്നാൽ യേശുകർത്താവു അതിനു നൽകിയ വില തന്റെ സ്വന്തജീവനായിരുന്നു. നിർഭാഗ്യവശാൽ അതും ആഘോഷങ്ങളാക്കി പലരും കർത്താവിനെ വീണ്ടും വേദനിപ്പിക്കുന്നു. ക്രിസ്ത്യാനികളുടെ ഇടയിൽ കാണുന്ന ഇന്നത്തെ അനേക ആചാരങ്ങളും അനുഷ്ഠാനങ്ങളും കുസ്തന്തീനോസിന്റെ കാലം മുതലാണ് നിലവിൽ വന്നത്.

മദ്യപാനി ദൈവരാജ്യം അവകാശമാക്കുക ഇല്ലായെന്ന് തിരുവെഴുത്തു അർത്ഥശങ്കയ്ക്കിടയില്ലാതെ മുന്നറിയിപ്പ് നൽകുമ്പോൾ മദ്യപിച്ച് ലക്കുകെട്ടു ഇതൊക്കെ ആഘോഷിക്കുന്ന ക്രിസ്ത്യാനി വാസ്തവത്തിൽ ദൈവത്തെ പരിഹസിക്കുകയല്ലേ ചെയ്യുന്നത്? ഇല്ലാത്ത പ്രാധാന്യം പരസ്യങ്ങളിലൂടെ അടിച്ചേൽപ്പിച്ചു വ്യാപാരികൾ തങ്ങളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചു അമിതലാഭം കൊയ്ത് നിഷ്ക്കളങ്കരായ ജനത്തെ വഞ്ചിക്കുകയല്ലെ ഈ അവസരങ്ങളിൽ ചെയ്യുന്നത്? ബേക്കറിക്കാരും മദ്യലോബികളും പടക്കക്കച്ചവടക്കാരും വസ്ത്രവ്യാപാരികളും എന്നിങ്ങനെ നീണ്ടു പോകുന്നു ഇവരുടെ ലിസ്റ്റ്. അത്യന്തം പ്രാധാന്യമർഹിക്കുന്ന രക്ഷണ്യപദ്ധതികളെ അവഗണിച്ചു കൊണ്ട് ഈ ചപ്പുചവറുകളുടെ ആസ്വാദ്യതയിലേക്കു ജനത്തെ തന്ത്രപൂർവ്വം വഞ്ചിച്ചു വഴിതെറ്റിക്കുന്നു. മരണാനന്തരം ദൈവം ഒരുക്കുന്ന ഒരിക്കലും അവസാനിക്കാത്ത നിത്യതയിൽ, നിത്യനിത്യമായി സന്തോഷിക്കേണ്ട ജനം നൈമിഷികങ്ങളായ സന്തോഷ ഉല്ലാസങ്ങളിൽ മുഴുകുന്നു. തൽഫലമായി വിലമതിക്കാനാകാത്ത നിത്യാനുഗ്രഹങ്ങൾ നഷ്ടപ്പെടുത്തി കളയുന്നത് വളരെ ദു:ഖകരം തന്നെ.

ഓരോരുത്തരെയും ക്രിസ്തുവിൽ പക്വത പ്രാപിച്ചവരാക്കേണ്ടതിന് സകല ജ്ഞാനത്തോടും കൂടെ പൗലോസ് പ്രബോധിപ്പിക്കുകയും ഉപദേശിക്കുകയുമാണ് ചെയ്തത് (കൊലോസ്യർ 1 :20). ക്രിസ്തുയേശുവിന്റെ സ്വഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. പ്രകൃത്യാതന്നെ ദൈവമായിരിക്കെ, ദൈവത്തോടുള്ള സമത്വം എപ്പോഴും മുറുകെപിടിച്ചുകൊണ്ടിരിക്കണം എന്നു ചിന്തിക്കാതെ, ക്രിസ്തു തന്നെത്തന്നെ ശൂന്യനാക്കി, ദാസവേഷം ധരിച്ച്, മനുഷ്യപ്രകൃതിയിൽ കാണപ്പെട്ടു. അവിടുന്ന് അങ്ങനെ തന്നെത്താൻ താഴ്ത്തുകയും, മരണംവരെ; അതേ, ക്രൂശുമരണംവരെ, അനുസരണയുള്ളവനായിത്തീരുകയും ചെയ്തു. അതുകൊണ്ട് ദൈവം ക്രിസ്തുവിനെ പരമോന്നതസ്ഥാനത്തേക്ക് ഉയർത്തി, എല്ലാ നാമങ്ങൾക്കും മീതേ ഉത്തുംഗമായ നാമം അവിടത്തേക്കു നൽകി. തന്മൂലം സ്വർഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും ഉള്ള എല്ലാവരും യേശുവിന്റെ നാമത്തിങ്കൽ സാഷ്ടാംഗം പ്രണമിക്കുകയും എല്ലാവരുടെയും നാവ് യേശുക്രിസ്തു കർത്താവ് എന്നു സമ്മതിച്ച് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറയുകയും ചെയ്യും. ഇതാണ് യേശു മനുഷ്യജന്മമെടുത്തതിലൂടെ നിറവേറിയത്.

ക്രിസ്മസ് നമ്മുടെ ജീവിതത്തിൽ എന്തു പ്രതികരണമാണ് ഉളവാക്കേണ്ടത്? ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ ജനിച്ചു നമ്മിൽ വളർന്നു നാം ഓരോരുത്തരും ക്രിസ്തുവിന്റെ അതെ മനോഭാവമുള്ളവരായും, ദിവ്യസ്വഭാവത്തിന്റെ കൂട്ടാളികളായും രൂപാന്തരപ്പെടുക എന്നതായിരിക്കണമത്. ഞാനോ കുറയേണം, യേശുവോ എന്നിൽ വളരേണം എന്നതായിരിക്കണം നമ്മുടെ ജീവിത ലക്ഷ്യം. ക്രിസ്തു, വിശ്വാസികളിൽ ഉരുവാകുന്നത് വരെയും അതായത് അവർ ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികൾ ആകുന്നതു വരെ പ്രസവവേദന അനുഭവിക്കുന്ന ഒരമ്മയെപ്പോലെയാണ് പൗലോസ് അവരുടെ ഇടയിൽ ശുശ്രൂഷിച്ചത് (ഗലാത്യർ 4:19). ഇത് തന്നെയായിരിക്കണം ശുശ്രൂഷകരുടെയും ശുശ്രൂഷിക്കപ്പെടുന്നവരുടെയും ലക്ഷ്യവും മനോഭാവവും. ●

**▶ 5 ജഡത്തിൽ വെളിപ്പെട്ട ദൈവം**

നേഹിക്കാൻ പ്രാപ്തരായി മാറുന്നു. നാം മരണം വിട്ട് ജീവനിൽ കടന്നിരിക്കുന്നു എന്ന് സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്ക് അറിയാം (1 യോഹന്നാൻ 3: 14 ). അതിന്റെ അർത്ഥം അന്യോന്യം സ്നേഹിക്കണം എന്ന കർത്താവിന്റെ കൽപ്പന അനുസരിക്കുന്നവരാണ് യഥാർത്ഥത്തിൽ രക്ഷിക്കപ്പെട്ട വരെന്ന് വ്യക്തം (യോഹന്നാൻ 13: 34). അവരിൽ മരണഭയവും ഉണ്ടായിരിക്കുകയില്ല.

യഥാർത്ഥമായും രക്ഷിക്കപ്പെട്ടവരിൽ ലോകത്തിന് നൽകുവാനോ എടുക്കുവാനോ കഴിയാത്ത സന്തോഷവും സമാധാനവും ഉണ്ട്. ദൈവത്തെ വാസ്തവമായി അവരനുഭവിക്കുന്നതും നിത്യതയെക്കുറിച്ചുള്ള ഉറപ്പ് അവരിലുള്ളതുമാണ് അതിന് കാരണം. വ്യക്തിപരമായി അവർ പ്രാർത്ഥനയിൽ സമയം ചെലവഴിക്കുമ്പോഴും കുടുംബപ്രാർത്ഥനയിലും സഭായോഗങ്ങളിലും എല്ലാം അവർ ആനന്ദം അനുഭവിക്കുന്നതുകൊണ്ട് സന്തോഷിക്കുവാൻ ഇനിയും ഒരു പ്രത്യേക കാരണമോ, അവസരമോ, അവർക്ക് ആവശ്യമില്ല. എന്നാൽ ഈ ആത്മീയ അനുഭവം ഇല്ലാത്തവർക്ക് സന്തോഷിക്കുവാൻ ഉള്ള മറ്റുകാരണങ്ങൾ തേടേണ്ടി വരും. ഈ സന്തോഷങ്ങളെല്ലാം താൽക്കാലികവും ലോകത്തോട് അനുരൂപപ്പെടുത്തുന്നതുമായിരിക്കും.

ക്രിസ്തീയസഭകളിൽ മൂല്യച്യുതി അതിവേഗം വർദ്ധിക്കുന്നു. യഥാർത്ഥത്തിൽ ക്രിസ്തു അവഗണിക്കപ്പെടുകയും വ്യാജ ആത്മീയത വളരുകയും ചെയ്യുന്നു. യേശുക്രിസ്തു പാപികളെ രക്ഷിക്കുന്നു എന്നതിന്റെ തെളിവായി ജീവിക്കേണ്ട വിശ്വാസികൾ അമാന്തകയോടെ ജീവിക്കുന്നത് ലോകത്തിൽ ക്രിസ്തുവിന് അപമാനം ആയിക്കൊണ്ടിരിക്കുന്നു. മാനസാന്തരം ഉളവാക്കുന്ന ഒരു യഥാർത്ഥ ഉണർവ്വ് തന്നെ ഇന്ന് സഭകൾക്ക് അനിവാര്യമായിരിക്കുന്നു. ആത്മഭാരമുള്ള ദൈവമക്കൾ അതിനായി ഉണർന്നു പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും വേണം. ●

**▶ 12 കാതുകളിൽ മുഴങ്ങട്ടെ ദൈവശബ്ദം**


ശ്യത്തിന്റെ പരിധിക്കപ്പുറം ലഭിക്കും എന്ന പഠിപ്പിക്കൽ അപകടമല്ലേ? മറ്റുള്ളവർക്കുള്ളതിനേക്കാളും വലിയ വീടും, എസ്റ്റേറ്റും, വാഹനങ്ങളും, സ്ഥാനമാനങ്ങളും നാം ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്താൽ സർവസമ്പന്നനായ ദൈവം അത് ഒക്കെയും നല്കിത്തരും എന്നു പഠിപ്പിക്കുന്നത് ലോകമോഹം അവരിൽ ജനിപ്പിക്കുകയാണ് ചെയ്യുന്നത്. ലോകത്തിൻ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ട് ദിവ്യസ്വഭാവത്തിന് കൂട്ടാളികളായിത്തീരണം എന്ന് തിരുവെഴുത്ത് നമ്മെ പഠിപ്പിക്കുന്നു (2 പത്രൊസ് 1: 4). ഭൗതികസമൃദ്ധി ഇവിടെ ഉപേക്ഷിച്ചു മാത്രമേ ആർക്കും ലോകം വിട്ടു പോകാൻ ആവൂ. എന്നാൽ നാം സമ്പാദിച്ചത് ക്രിസ്തുവിന്റെ ദിവ്യസ്വഭാവമാണെങ്കിൽ മരണത്താൽ അത് നീങ്ങിപ്പോകയില്ല. പ്രത്യുത, നിത്യതയിലും അത് വലിയ മുതൽക്കൂട്ടായിരിക്കും. ആകയാൽ ലോകമോഹം നമ്മിലുദിച്ചാൽ നാശമായിരിക്കും ഫലം എന്നോർത്ത് അത് മുളയിലേ നുള്ളിക്കളയാം. മാൻപേടകളെ പ്രസവിക്കുമാറാക്കുന്ന, വനങ്ങളെ തോലുരിക്കുന്ന, പാറയെ തകർക്കുന്ന ദൈവത്തിന്റെ ശബ്ദം നമ്മുടെ കാതുകളിൽ മുഴങ്ങട്ടെ. ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന നമ്മിലെ പഴയ മനുഷ്യനെ ഉരിഞ്ഞുകളയാം. ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന ദൈവശബ്ദം നമ്മിൽ മുഴങ്ങട്ടെ. ●

## അത്യാഗ്രഹത്തിന്റെ ഉറവിടം

***അഴിമതി പോലുള്ള തിന്മകൾ എവിടെ നിന്നാണ് ഉണ്ടാകുന്നത്? അത് അവസാനിക്കാത്ത അത്യാഗ്രഹത്തിൽ നിന്നാണ് വരുന്നത്. അഴിമതി രഹിത ധാർമ്മിക സമൂഹത്തിനായുള്ള പോരാട്ടം ഈ അത്യാഗ്രഹത്തിനെതിരെ പോരാടേണ്ടതുണ്ട്, അതിന് പകരം എനിക്ക് എന്ത് നൽകാൻ കഴിയും എന്ന മനോഭാവം.***

*എ പി ജെ അബ്ദുൾ കലാം*





ഡോ. സുജിത്ത് സൈമൺ

# മാതാപിതാക്കളുടെ അടിയന്തിര ശ്രദ്ധയ്ക്ക്..

**മൊ**ബൈൽ ഫോണിന്റെ അമിത ഉപയോഗം വളരെ ദോഷകരമായി കുട്ടികളെ ബാധിക്കുന്നു എന്ന് പല മാതാപിതാക്കളും ചിന്തിക്കുകയോ തിരിച്ചറിയുകയോ ചെയ്യാത്ത ഒരു കാലഘട്ടമാണിത്. വളരെ ചെറിയ കുഞ്ഞുങ്ങളെപ്പോലും ശാന്തരാക്കിയിരുത്തുവാൻ, ഭവിഷ്യത്തുകൾ മനസിലാക്കാതെ ഒരെളുപ്പവഴിയായി പല മാതാപിതാക്കളും പ്രയോഗിക്കുന്ന ഒരു പൊടിക്കൈയാണ് കുട്ടികളുടെ കൈയിൽ മൊബൈൽ ഫോൺ നൽകുക എന്നത്. കുട്ടികൾ ബഹളമുണ്ടാക്കി കരയുന്നതും ശാഠ്യം പിടിക്കുന്നതും, എന്തെങ്കിലുമൊക്കെ നശിപ്പിക്കുന്നതും സ്വാഭാവികമാണ്. ഇത്തരുണത്തിൽ ദോഷഫലമുളവാക്കാത്ത എന്തെങ്കിലും ചെറിയ കളികളിലേക്കോ പര്യാപ്തമായ ഏതെങ്കിലും കാര്യങ്ങളിലേക്കോ അവരുടെ ശ്രദ്ധ മാറ്റുവാൻ കഴിഞ്ഞാൽ അത് ഉത്തമമായിരിക്കും. ഉദാഹരണത്തിനു ആകർഷകമായ പൂക്കൾ, കളകളാരവം മുഴക്കുന്ന പക്ഷികൾ, വളർത്തുമൃഗങ്ങൾ, വീടിന്റെ മുന്നിലൂടെ നടന്നു നീങ്ങുന്ന വഴിയാത്രക്കാർ, എന്നിങ്ങനെ മറ്റു പലതിലേക്കും കുഞ്ഞുങ്ങളുടെ ശ്രദ്ധ തിരിക്കുന്നത് ഫലപ്രദമായ പോംവഴികളാണ്. ഇതിനു പകരം ഇന്ന് ഇത്തരം വേളകളിൽ പല അമ്മമാരും സ്മാർട്ഫോൺ എടുത്ത് യൂട്യൂബിൽ കാർട്ടൂണോ, പാട്ടോ, ഗെയിമോ എടുത്ത് കൊടുക്കുന്നത് പതിവാണ്. ഇത്കിട്ടിക്കഴിഞ്ഞാൽ കുട്ടികളും ഹാപ്പി. കുട്ടികളെ അടക്കിയിരുത്താൻ ഭവിഷ്യത്തുകളറിയാതെ മാതാപിതാക്കൾ എളുപ്പത്തിൽ കണ്ടെത്തിയ ദോഷകരമായ ഒരു പ്രതിവിധിയാണ് ഇത്.

പലപ്പോഴും പിറന്നാളിനും മറ്റും എന്ത് സമ്മാനമാണ് വേണ്ടത് എന്ന് ചോദിച്ചാൽ പല്ല് വരാത്ത മോണ കാട്ടി, ടാബ് അല്ലെങ്കിൽ സ്മാർട് ഫോൺ ആയിരിക്കും കുട്ടികളാവശ്യപ്പെടുക. പണ്ടൊക്കെ ആയിരുന്നെങ്കിൽ ബലൂൺ, കളിത്തോക്ക്, പീപ്പി എന്നിങ്ങനെയുള്ള കളിക്കോപ്പുകളും ആയിരിക്കും ആവശ്യപ്പെടുക. എന്നാൽ ഇത് പതിയെപ്പതിയെ മാറിയിരിക്കുകയാണ്. പണ്ടൊക്കെ കുട്ടികൾ ഭക്ഷണം കഴിക്കുമ്പോൾ അവരോടു ബൈബിൾകഥകൾ പറഞ്ഞായിരിക്കും അമ്മമാർ, കഴിപ്പിക്കുന്നത്. എന്നാൽ ഇപ്പോൾ മാനസികവളർച്ചയെ ദോഷമായി ബാധിക്കുന്ന മൊബൈൽ മാത്രമായി മാറിയിരിക്കുന്നു. മൊബൈൽ കൈയിൽ കിട്ടിയാൽ മാത്രമേ ഭക്ഷണം കഴിക്കുകയും ശാന്തരായിരിക്കുകയും ചെയ്യുകയുള്ളൂ. അങ്ങനെ എല്ലാത്തിനും മൊബൈൽ വേണമെന്ന അവസ്ഥ വളരെ ദോഷഫലങ്ങൾ ഉളവാക്കുന്നത് തന്നെയാണ്. എന്നാൽ ഇത്തരത്തിൽ കുട്ടികളുടെ കൈയിൽ മൊബൈൽ കൊടുക്കുന്നത് അത്ര നല്ലതല്ലെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. നമ്മുടെയിടയിൽ വളരെ സാധാരണയായി കണ്ടുകൊണ്ടിരിക്കുന്ന ഇത്തരം സ്വഭാവത്തിന്റെ ദൂഷ്യവശങ്ങൾ വളരെ വലുതാണ്. നാം ഇതൊക്കെ സാധാരണയാണെന്ന് കരുതുന്നുണ്ടാകും. എന്നാൽ പല ദൂഷ്യവശങ്ങളും ഇതിനുണ്ട്. എന്തൊക്കെയാണ് ഇതിന്റെ ദൂഷ്യവശങ്ങൾ എന്ന് നോക്കാം.

**റേഡിയേഷൻ:**

വളരെ കട്ടി കുറഞ്ഞ തലയോട്ടിയാണ് കുഞ്ഞുങ്ങളുടേത്. അത്കൊണ്ട് തന്നെ മൊബൈൽ

**പണ്ടൊക്കെ കുട്ടികൾ ഭക്ഷണം കഴിക്കുമ്പോൾ അവരോടു ബൈബിൾ കഥകൾ പറഞ്ഞായിരിക്കും അമ്മമാർ, കഴിപ്പിക്കുന്നത്. എന്നാൽ ഇപ്പോൾ മാനസികവളർച്ചയെ ദോഷമായി ബാധിക്കുന്ന മൊബൈൽ മാത്രമായി മാറിയിരിക്കുന്നു. മൊബൈൽ കൈയിൽ കിട്ടിയാൽ മാത്രമേ ഭക്ഷണം കഴിക്കുകയും ശാന്തരായിരിക്കുകയും ചെയ്യുകയുള്ളൂ. അങ്ങനെ എല്ലാത്തിനും മൊബൈൽ വേണമെന്ന അവസ്ഥ വളരെ ദോഷഫലങ്ങൾ ഉളവാക്കുന്നത് തന്നെയാണ്.**

ഫോൺ കുട്ടികളുടെ ബുദ്ധിശക്തിയെ പ്രതികൂലമായി ബാധിക്കും. മൊബൈൽ ഫോണുകളിൽ റേഡിയേഷനധികമാണെന്ന കാര്യം നമുക്കെല്ലാവർക്കും അറിയാമല്ലോ. മൊബൈലിൽ നിന്ന് വരുന്ന ഇലക്ട്രോമാഗ്നറ്റിക്ക് റേഡിയേഷൻ മുതിർന്നവരേക്കാൾ 60 ശതമാനം കൂടുതലായി കുട്ടികളെ ദോഷകരമായി ബാധിക്കുന്നുവെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്.

**ഹൈപ്പർ ആക്ടിവിറ്റി:**

കുട്ടികളിൽ ഹൈപ്പർ ആക്ടിവിറ്റി അഥവാ കുട്ടികൾ ഒരിടത്തും അടങ്ങിയൊതുങ്ങിയിരിക്കാൻ പറ്റാത്ത അതിപ്രസരം ഉണ്ടാകുന്നതിനു പിന്നിൽ മൊബൈൽഫോണാണ് കാരണം. കുട്ടികളിൽ ഇത്തരം സ്വഭാവം കണ്ടു തുടങ്ങുന്നത് മൊബൈലിന്റെ അമിത ഉപയോഗം മൂലമാണെന്ന്ആരോഗ്യ വിദഗ്ധർ വ്യക്തമാക്കുന്നു. മൊബൈലിലും കമ്പ്യൂട്ടറിലുമൊക്കെ നിരന്തരം സമയം ചെലവഴിക്കുന്നത് കാരണം പുറത്തിറങ്ങി കളിക്കാനുള്ള താൽപര്യം കുട്ടികളിൽ കുറഞ്ഞു വരുന്നു. ആരോഗ്യമുള്ള മനസ്സും ശരീരവും കുട്ടികളിലുണ്ടാകണമെങ്കിൽ ശരീരവ്യായാമം നൽകുന്ന കളികൾ അത്യാവശ്യമാണ്. മാത്രമല്ല കുട്ടിയുടെ പ്രാഥമികമായ സാമൂഹിക ഇടപെടൽ കൂടിയാണ് കൂട്ടം ചേർന്നുള്ള കളി. പരസ്പരം ഇടപഴകുമ്പോൾ ചെറിയ തർക്കങ്ങളും പ്രശ്നങ്ങളും പരിഹരിക്കുവാനും അവർ സ്വയമേവ പ്രാപ്തരാകുന്നു. അത് പോലെ തന്നെ കുട്ടിയുടെ ബുദ്ധിപരമായ പൂർണവികാസത്തിനും വ്യത്യസ്തമായ കളികൾ ഫലപ്രദമാണ്.


**ആത്മഹത്യാ പ്രവണത:**

പതിവായി ദീർഘസമയം വീഡിയോഗെയിം ഉൾപ്പെടെയുള്ളവ കളിക്കുന്ന കുട്ടികളിൽ ആത്മഹത്യാപ്രവണത, സ്വയപ്രശംസ, കൊലപാതകം ഉൾപ്പെടെയുള്ള ഏതു കടുംകൈയ്യും ചെയ്യുവാനുള്ള മനോഭാവം, തുടങ്ങിയവ കണ്ടു തുടങ്ങുന്നു. ഗെയിമിൽ കാണുന്ന അസ്വാഭാവിക നീക്കങ്ങളെ സ്വാഭാവികമെന്നു കുഞ്ഞുങ്ങൾ തെറ്റിദ്ധരിക്കുന്നത് സാഹസിക പ്രവർത്തികൾക്ക് അവരെ പ്രേരിപ്പിക്കുന്നു. ഇത്തരം കുട്ടികൾക്ക് ഭാവനാശേഷി കുറവായിരിക്കുമെന്നും പഠന റിപ്പോർട്ടുകളിൽ പറയുന്നു.

**പിടിവാശി, അമിത ദേഷ്യം:**

നിരന്തരം മൊബൈലിൽ കളിച്ചു കൊണ്ടിരിക്കുന്ന കുട്ടികളിൽ പിടിവാശി, അമിതമായ ദേഷ്യം, ഇരിപ്പുറപ്പിക്കാതെ പിരുപിരുപ്പോടെ നടക്കുക തുടങ്ങിയവ കണ്ടുതുടങ്ങും. ചെറിയ കാര്യങ്ങൾക്ക് പോലും ഇത്തരം കുട്ടികൾ പെട്ടെന്ന് ദേഷ്യപ്പെടും. നിസ്സാര കുറ്റപ്പെടുത്തലുകൽ പോലും സഹിക്കുവാൻ കഴിയാതെ സ്വയം മുറിവേൽപ്പിക്കുക, ദണ്ഡിപ്പിക്കുക തുടങ്ങിയവയൊക്കെ ഇത്തരം കുട്ടികളിൽ കണ്ടു വരുന്നുവെന്ന് പഠനങ്ങളിൽ പറയുന്നു. ആളുകളെ കൊല്ലുകയും ക്രൂരമായി പീഡിപ്പിക്കുകയും ചെയ്യുന്നതിനായി ചിത്രീകരിക്കുന്ന വീഡിയോ ഗെയിമുകൾ കുട്ടികളെ ദേഷ്യക്കാരും അക്രമാസക്ത രുമായി രൂപപ്പെടുത്തുന്നു. മാത്രമല്ല സ്ക്രീനിൽ കാണുന്നത് അനുകരിക്കാനുള്ള പ്രവണതയും കുട്ടികളിൽ കൂടുതലായും കണ്ടു വരാറുണ്ട്.

മൊബൈൽ ഫോണിന്റെ അഡിക്ഷനെ നിയന്ത്രിക്കുകയും അതിജീവിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമായ ഒരു വസ്തുതയാണ്. ഫോണും സമാന സംവിധാനങ്ങളും മിതമായി മാത്രം ഉപയോഗിക്കുന്ന ജീവിതശൈലിക്ക് **ഡിജിറ്റൽ ഡീറ്റോക്സ്** എന്നാണു പേര്. ഇതുമൂലം ഉറക്കം, പരസ്പരബന്ധം, കാര്യക്ഷമത, ഏകാഗ്രത, മാനസികവും ശാരീരികവുമായ ആരോഗ്യം എന്നിങ്ങനെ നിരവധി മേഖലകളിൽ ആരോഗ്യകരമായ പ്രയോജനം അനേകർക്കു ലഭിക്കുന്നുണ്ട്. മറ്റു പല ശീലങ്ങളെയും പോലെ പടിപടിയായി ആർജിച്ചെടുക്കേണ്ടതും ശ്രദ്ധാപൂർവ്വം നിലനിർത്തേണ്ടതുമായ ഒന്നാണ് ഇതും. ഡിജിറ്റൽ ഡീറ്റോക്സ് നടപ്പിലാക്കാൻ താൽപര്യമുള്ളവർക്കു സ്വീകരിക്കാവുന്ന ചില നടപടികളെക്കുറിച്ചു അടുത്ത ലക്കത്തിൽ ചിന്തിക്കാം ●



ഡോ. സിനി ജോയ്സ് മാത്യു

# എല്ലാം നന്മയ്ക്കായി....

**പു**തിയ ബൈക്കിലുള്ള യാത്ര മനോഹരം ആയിരിക്കുന്നു. നല്ല ഷോക്ക് അബ്സോർബർ, സ്പോഞ്ച് ചെയ്ത സീറ്റും ഉഗ്രൻ ശബ്ദവും. എന്റെ ഇഷ്ടങ്ങൾക്ക് ഒന്നും എതിരു പറയാത്ത അപ്പച്ചൻ ബൈക്കിന്റെ കാര്യം പറഞ്ഞപ്പോൾ തടസ്സം ഒന്നും പറയാതെ സമ്മതിച്ചു. നേരം വെളുത്തു വരുന്നതേയുള്ളൂ. നാഷണൽ ഹൈവേയിൽ അധികമാളുകളെയൊന്നും കാണുന്നില്ല. നേരത്തെ ഇറങ്ങിയത് നന്നായി. ഓ... നല്ല ഒരു ചായ കുടിച്ചു കളയാം. വഴിയോരത്ത് ഹോട്ടലുകൾ ഒന്നും തുറന്നിട്ടില്ല. ഇവിടെയെങ്ങും ഒരു ചായക്കട പോലും ഇല്ലേ? തെങ്ങിൻ തലപ്പുകൾക്കും വഴിയോര വൃക്ഷങ്ങളുടെ ഇലച്ചാർത്തുകൾക്കും ഇടയിൽ പുലർകാല മഞ്ഞിന്റെ പാളികൾക്കിടയിലൂടെ ആളുകൾ ഇറങ്ങി നിൽക്കുന്നു.

സൂര്യകിരണങ്ങൾ എത്തുവാൻ ഇനിയും വൈകിയേക്കും. വളവ് കഴിഞ്ഞ് മുന്നോട്ടു പോകുമ്പോൾ റോഡിന്റെ വലതു വശത്തു മാറി ദൂരെ ഓലമേഞ്ഞ ഒരു മേൽക്കൂരയിൽ നിന്നും പുക ഉയർന്നു. ഒരു ചായക്കടയാണ്. ഒരു ചായ കുടിച്ചിട്ട് തന്നെ കാര്യം, അവൻ തീരുമാനിച്ചു. റോഡിന്റെ ഇടതുവശത്തു നിന്നും വലതുവശത്തേക്ക് ബൈക്ക് പെട്ടെന്ന് തിരിച്ചു. ഇൻഡിക്കേറ്റർ ഇടാൻ മറന്നു. വിരൽ ഇൻഡിക്കേറ്റർ സ്വിച്ചിലേക്കു എത്തുന്നതിനു മുമ്പേ കണ്ണാടിയിലൂടെ മിന്നായംപോലെ ഒരു നീല നിറം കണ്ടു.

ഒരു നിമിഷത്തിൽ എല്ലാം തകർന്നുവോ? ഇരുട്ട്? ഒടുവിൽ നിശബ്ദത. കാതടപ്പിക്കുന്ന ശബ്ദം കേട്ട് ചായക്കടയിൽ ഉണ്ടായിരുന്നവർ റോഡിലേക്ക് നോക്കി. അയ്യോ... ആക്സിഡന്റാണ്. ബൈക്കും ലോറിയും കൂട്ടിയിടിച്ചു, ആരോ വിളിച്ചു പറഞ്ഞു, ആളുകൾ ഓടിക്കൂടി... ചോരയിൽ കുളിച്ച് റോഡിൽ ഒരു യുവാവ് ബൈക്കിൽ നിന്നും തെറിച്ച് റോഡിന് പുറത്തു കിടക്കുന്നു.. ഇടിച്ചിട്ട ലോറിക്കാർ നിർത്താതെ വിട്ടുപോയി. തലയിടിച്ചാണ് വീണിരിക്കുന്നതെന്നു തോന്നുന്നു. പ്രായംചെന്ന ഒരാൾ അടുത്തു ചെന്നു നോക്കി. ചുറ്റുപാടും ആളുകൾ കൂടി. പുറകെ വന്ന രണ്ട് കാറുകൾ ആൾക്കൂട്ടം കണ്ടു സ്പീഡ് കുറച്ചു. ആക്സിഡന്റാണെന്ന് മനസ്സിലായപ്പോൾ വേഗം റോഡിന്റെ മറുവശം ചേർന്നു ഓടിച്ചുപോയി. അടുത്ത ഒരു കാർ ദൂരെ നിന്ന് വരുന്നത് കണ്ടപ്പോൾ തന്നെ, കൂടിനിന്നിരുന്ന ചെറുപ്പക്കാർ റോഡിലിറങ്ങി നിന്ന് കാർ തടഞ്ഞു നിർത്തി.

കാർ ഓടിച്ചിരുന്ന ആൾ അല്പം വൈമനസ്യത്തോടെ ആണെങ്കിലും കയറ്റിക്കൊണ്ടു പോകാമെന്ന് സമ്മതിച്ചു. മൂന്നു ചെറുപ്പക്കാർ പിൻസീറ്റിൽ കയറി. രക്തം വാർന്നുകിടക്കുന്ന ആളെ മടിയിൽ കിടത്തി. അതിവേഗം മെഡിക്കൽ കോളേജിലേക്ക്...കാഷ്വാലിറ്റിയിലെ എക്സാമിനേഷൻ ടേബിളിന്റെ ചുറ്റും നിന്ന് ഡോക്ടർമാർ പരസ്പരം നോക്കി. തലയിൽ ആഴത്തിൽ മുറിവുണ്ട്. രക്തം ഒഴുകിപ്പോയിരിക്കുന്നു. ഉടനെ രക്തം കൊടുക്കണം. കൊണ്ടുവന്ന ചെറുപ്പക്കാർ അതിനു സന്നദ്ധരായിരുന്നു. ആക്സിഡന്റിൽ പെട്ട ആളുടെ വിവരങ്ങളൊന്നും അറിയാതെ ഡ്യൂട്ടിയിലുണ്ടായിരുന്ന നേഴ്സ് വിഷമിച്ചു. സിസ്റ്റർ, ഇതാ ഐഡന്റിറ്റി കാർഡ് ആണെന്ന് തോന്നുന്നു. അപകടത്തിൽപ്പെട്ട ആളുടെ പോക്കറ്റിൽ നിന്നും കിട്ടിയ ഒരു കാർഡെടുത്തു അറ്റൻഡർ നഴ്സിന് നൽകി. പഞ്ഞി കൊണ്ട് രക്തം തുടച്ചു കളഞ്ഞ് മഷി പടർന്നു തുടങ്ങിയ കാർഡിലെ അവ്യക്തമായ അക്ഷരങ്ങൾ അവർ ചേർത്തു വായിച്ചു. ജെയിംസ്

മാത്യു, എം. എസ് സി മൈക്രോബയോളജി, യൂണിവേഴ്സിറ്റി കോളേജ്.

ജയിംസ് ആക്സിഡന്റിൽ പെട്ടു. ക്യാംപസിൽ ആ വാർത്ത പെട്ടെന്ന് പരന്നു. മെഡിക്കൽ കോളേജിലേക്ക് കൂട്ടുകാരും അധ്യാപകരും പാഞ്ഞെത്തി. ഐ സി യു വിനടുത്തുള്ള ഡോക്ടേഴ്സ് സ്റ്റേഷനിൽ നിന്ന് മ്ലാനവദനനായി ഇറങ്ങിവന്ന റോണിയുടെ മുഖത്തേക്ക് വിവരങ്ങൾ അറിയുവാനായി കൂട്ടുകാർ ആകാംക്ഷയോടെ നോക്കി. സ്കാൻ ചെയ്തു... ഒന്നും പറയാനാവില്ല, വളരെ സീരിയസ് ആണ്, ഉടനെ ഒരു സർജറി വേണ്ടിവന്നേക്കും. രക്ഷപ്പെടുവാൻ സാധ്യതകൾ വളരെ കുറവാണെന്ന് ഡോക്ടർ പറയുന്നു. 10% മാത്രമാണ് സാധ്യത. ചുറ്റും കൂടിയ കൂട്ടുകാരുടെ മുഖത്തേക്ക് നോക്കാൻ റോണിക്ക് ശക്തിയില്ലായിരുന്നു.

ജെയിംസിന്റെ അപ്പച്ചനും ബന്ധുക്കളുമൊക്കെ എത്തിയിട്ടുണ്ട്. അവർ ഡോക്ടർമാരോട് സംസാരിച്ചുകൊണ്ടിരിക്കുന്നു. വേറെ ഏതെങ്കിലും ഹോസ്പിറ്റലിലേക്ക് കൊണ്ടുപോകണമെങ്കിൽ അങ്ങനെ ചെയ്യാം. വെല്ലൂർക്കോ...അപ്പോളോയിലെക്കോ.. കരഞ്ഞു കലങ്ങിയ കണ്ണുകളോടെ ആ പിതാവ് വിതുമ്പി... ഈ നിലയിൽ എങ്ങോട്ടും കൊണ്ടുപോകാൻ പറ്റില്ല. എവിടെ കൊണ്ടുപോയാലും ഇവിടെ ചെയ്യാവുന്നതിൽ കൂടുതൽ ഒന്നും ചെയ്യാൻ കഴിയില്ല. ഇപ്പോൾ തന്നെ ഓപ്പറേഷൻ ചെയ്യേണ്ടിവരും. മറ്റൊരു പോംവഴിയും കാണുന്നില്ല. ആളുടെ നില വളരെ ഗുരുതരം ആണ്... ഞങ്ങൾ പരിശ്രമിക്കാം. പിന്നെ എന്ത് വന്നാലും അത് സ്വീകരിക്കാൻ ഒരുങ്ങിയിരിക്കുക. അപ്പച്ചന്റെ തോളിൽ പിടിച്ചുകൊണ്ട് സീനിയർ ന്യൂറോസർജൻ ഡോക്ടർ നമ്പ്യാർ നിസ്സംഗനായി സ്വരം താഴ്ത്തി പറഞ്ഞു. ഒരുപാട് അപകടങ്ങളും മരണവും കാണുന്ന ന്യൂറോസർജനു ഇത് മറ്റൊരു ആക്സിഡന്റ് മാത്രം. വരാന്തയുടെ മുന്നിലെ അഴികളിൽ പിടിച്ച് ജെയിംസിന്റെ അപ്പച്ചൻ പുറത്തേക്ക് നോക്കി. ഏക ആൺതരി...എല്ലാ പ്രതീക്ഷകളും അവനിലാണ്...സ്വപ്നങ്ങളും... ജയിംസ്...എന്റെ ജയിംസ്... ദൈവമേ...തകർന്ന ഹൃദയവും നിറഞ്ഞൊഴുകുന്ന കണ്ണുകളുമായി അയാൾ തേങ്ങി...

ഐ സി യു വിന്റെ മുന്നിൽ ചുറ്റിപ്പറ്റി നിൽക്കുന്ന വെളുത്ത മെലിഞ്ഞ ചെറുപ്പക്കാരനെ നോക്കി നഴ്സ് ചോദിച്ചു, എന്തുവേണം? സിസ്റ്റർ, ഞാൻ ജയിംസിന്റെ ഫ്രണ്ട് ആണ്. ഓ.. ആക്സിഡൻറ് ആയി കിടക്കുന്ന ആ പയ്യന്റെ... സ്ഥിതി വളരെ സീരിയസ് ആണ് കേട്ടോ? ചെറുപ്പക്കാരും ബൈക്കും ...ആ യന്ത്രത്തിന്റെ മുകളിൽ വലിഞ്ഞു കയറിയാൽ പിന്നെ ലക്കും ലഗാനും ഒന്നുമില്ലല്ലോ?... പരാക്രമം പിടിച്ച പാച്ചിലല്ലേ...എന്തു പറയുവാൻ?... കഷ്ടം... ആരോടെന്നില്ലാതെ പറഞ്ഞു. സിസ്റ്റർ, എനിക്കൊന്നു കയറി കാണുവാൻ പറ്റുമോ?.. കാണാനോ? നോ, എന്തോന്ന് കാണാൻ ?...ഇത് ഐ സി യു ആണ്. അവന്റെ അപ്പനെ മാത്രമാണ് ഒന്നു കയറ്റി കാണിച്ചത്. അതും ഒരു മിനിറ്റ്. അവർ അകത്തേക്ക് കയറിപ്പോയി...അവൻ അവിടെത്തന്നെ നിന്നു... കയറിക്കാണാതെ പോകാൻ മനസ്സ് സമ്മതിക്കുന്നില്ല....എന്തുചെയ്യും?... ഇയാൾ പോയില്ലേ?... ഞാൻ പറഞ്ഞില്ലേ അകത്തേക്ക് കയറ്റി വിടാൻ പറ്റില്ലെന്ന്...സർജറിക്കു വേണ്ടി ഇപ്പോൾ ഓപ്പറേഷൻ തിയേറ്ററിലേക്ക് മാറ്റാൻ പോവുകയാണ്. പുറത്തേക്കിറങ്ങുന്ന അവരുടെ ശബ്ദം കൂടുതൽ കനത്തിരുന്നു...സിസ്റ്റർ, ഞാൻ ഒന്ന് കയറി കണ്ടിട്ട് വേഗം പോയ്ക്കൊള്ളാം. അവൻ പ്രതീക്ഷയോടെ അവരെ നോക്കി. തനിക്കു കയറിക്കണ്ടിട്ട് എന്ത് കിട്ടാനാണ് കൊച്ചേ?..വിവരവും വിദ്യാഭ്യാസവും ഉള്ള നിങ്ങളൊക്കെ ഇങ്ങനെ തുടങ്ങിയാൽ എങ്ങനെയാ? ദയവുചെയ്ത് എന്റെ സ്വൈര്യം കെടുത്തല്ലേ...അവർ തിരിഞ്ഞു നടന്നു.

സിസ്റ്റർ... എനിക്ക്...എനിക്ക്... ഒരു വാക്കു പ്രാർത്ഥിക്കുവാൻ വേണ്ടി മാത്രമാണ് പ്ലീസ്... അവൻ വീണ്ടും കെഞ്ചി. പ്രാർത്ഥിക്കാനോ?...അത് കേട്ട് ഡ്യൂട്ടി നേഴ്സ് തിരിഞ്ഞുനിന്നു. ഒരു നിമിഷം...അവൾ അവന്റെ മുഖത്തേക്ക് പകച്ചു നോക്കി. ഇവിടെ...ഐ സി യു വിലോ? തെല്ലിട അവർ എന്തോ ആലോചിച്ചു നിന്നു. എന്താണ് പേര്? ലോറൻസ്. വാ...ഐ സി യു വിന്റെ വാതിൽ തുറന്നു പിടിച്ച് നേഴ്സ് അവനെ അകത്തേക്ക് വിളിച്ചു. ലോറൻസിന്റെ മുഖത്തേയ്ക്കു അവർ നോക്കിക്കൊണ്ടിരുന്നു. ഒരു അത്ഭുതജീവിയെ കാണുന്നതുപോലെ...കള്ളും കഞ്ചാവും അടിച്ച് കൂത്താടി ലക്കും ലഗാനുമില്ലാതെ നടക്കുന്ന ചെറുപ്പക്കാരുടെ കൂട്ടത്തിൽ പ്രാർത്ഥിക്കുന്നവരോ?... അവർ മനസ്സിൽ ചിന്തിച്ചു. തലയിൽ അവിടവിടെ രക്തംപുരണ്ട വലിയ ബാൻഡേജുമായി കിടക്കുന്ന ജെയിംസിനെ കണ്ട് അവന്റെ മനസ്സ് വിങ്ങി. ഡ്രിപ് സ്റ്റാൻഡിൽ തൂക്കിയിട്ടിരുന്ന ബ്ലഡ്ബാഗിൽ നിന്നും രക്തം ഒരു കയ്യിലേക്ക് കയറുന്നു...മറ്റേ കയ്യിലേയ്ക്ക് മറ്റൊരു കുപ്പിയിൽ നിന്നും മരുന്ന് കയറുന്നു...തലയ്ക്കു മുകളിൽ നിരങ്ങി നീങ്ങുന്ന ഗ്രാഫുകൾ... ചാഞ്ചാടുന്ന ലൈറ്റുകൾ... മനം മടുപ്പിക്കുന്ന മരുന്നിന്റെ

രൂക്ഷ ഗന്ധം...ലോറൻസ് ജെയിംസിന്റെ കിടക്കയ്ക്കടുത്തേക്കു നടന്നു. പതിയെ ആ കിടക്കയ്ക്കരികിൽ അവൻ മുട്ടുകുത്തി...

കർത്താവെ, ഞാൻ അങ്ങയോട് അപേക്ഷിക്കുന്ന വ്യക്തിയാണ് ഈ കിടക്കുന്നത്... അങ്ങേക്ക് വേണ്ടി ഓടേണ്ട കാലുകളും അങ്ങേക്കു വേണ്ടി പ്രവർത്തിക്കേണ്ട കരങ്ങളും... ഇതാ, നിശ്ചലമായി കിടക്കുന്നു...അങ്ങ് തിരുമനസലിയണമേ.....ലോറൻസിന്റെ മുഖം ഗൗരവപൂർണമാകുന്നത് അവനെ നോക്കിക്കൊണ്ടിരുന്ന നേഴ്സ് കണ്ടു. അവൻ ഹൃദയം പകർന്നു കൊണ്ടേയിരുന്നു... അവന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ധാരധാരയായി മൊസൈയ്ക്കിട്ട തറയിൽ വീണു പരക്കുന്നത് അവർ ആശ്ചര്യത്തോടെ നോക്കി. അവന്റെ മുഖത്ത് ദിവ്യമായ ഒരു പ്രകാശം നിറയുന്നതും അവർ ശ്രദ്ധിച്ചു. ലോറൻസിന്റെ വലതുകരം പതിയെ ഉയർന്നു...അത് ജയിംസിന്റെ തലയ്ക്കു മുകളിലേക്ക് നീങ്ങി. നന്നായി വിറയ്ക്കുന്ന അവന്റെ കരങ്ങൾ വെളുത്ത ബാൻഡേജ് ചുറ്റിക്കെട്ടിയ തലയിൽ പതിയെ സ്പർശിച്ചു... നോക്കിക്കൊണ്ടു നിന്ന നഴ്സ് അരുതേ എന്ന് പറയുവാൻ നാവെടുത്തു, എങ്കിലും മടിച്ചു.

ജെയിംസ്...നീ സൗഖ്യം ആവുക... യേശുവിന്റെ നാമത്തിൽ...സൗമ്യമെങ്കിലും ലോറൻസിന്റെ ആ വാക്കുകൾക്ക് ഒരു ഇടിമിന്നലിന്റെ ശക്തി ഉണ്ടായിരുന്നു.യേശുവിന്റെ നാമത്തിൽ... ലോറൻസിന്റെ ചുണ്ടുകളിൽ നിന്നും ആ വാക്കുകൾ ഒരുതവണ കൂടി ആവർത്തിച്ചു. ഗിലയാദിലെ തൈലത്തിന്റെ സുഗന്ധം... അടിപ്പിണരുകളിൽ പൊടിയുന്ന ജീവന്റെ രക്തം... കൂരിരുൾ നിഴലിട്ട താഴ്വരകളെ നടുക്കിക്കൊണ്ട് വിദൂര സീമകളിൽ നിന്നെങ്ങോ കൊടുങ്കാറ്റായി പാഞ്ഞെത്തുന്ന സർവ്വാധികാരത്തിന്റെ ശബ്ദം. യേശുവിന്റെ നാമത്തിൽ...സൗഖ്യമാക... അബോധത്തിന്റെ ആഴത്തിൽ ഇരുളിന്റെ കാളിമ ഭേദിച്ച് ആ ശബ്ദം പെയ്തിറങ്ങി. യേശുവിന്റെ നാമത്തിൽ സൗഖ്യമാക... ഒരു നിമിഷം... താൻ എവിടെയാണ്? പ്രോജ്ജ്വലമായ വാക്കുകൾ ആരുടെ അധരങ്ങളിൽ നിന്നാണ്? ഉള്ളിൽ ഒരു പിടച്ചിൽ... നിശ്ചലതയുടെ ചങ്ങലകളെ പൊട്ടിച്ച് ഹൃദയത്തിന്റെ മിടിപ്പ് തന്നിൽ ശക്തമാവുന്നു... യേശുവിന്റെ നാമത്തിൽ സൗഖ്യമാക... ആരാണ് പറഞ്ഞത്? കണ്ണു തുറന്നു നോക്കുക തന്നെ... ജെയിംസ് ഒട്ടിപ്പോയ പോലെ ചേർന്നിരുന്ന തന്റെ കണ്ണുകൾ വലിച്ചു തുറന്നു. തന്റെ അരികിൽ

**അവന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ധാരധാരയായി മൊസൈയ്ക്കിട്ട തറയിൽ വീണു പരക്കുന്നത് അവർ ആശ്ചര്യത്തോടെ നോക്കി. അവന്റെ മുഖത്ത് ദിവ്യമായ ഒരു പ്രകാശം നിറയുന്നതും അവർ ശ്രദ്ധിച്ചു. ലോറൻസിന്റെ വലതുകരം പതിയെ ഉയർന്നു... അത് ജയിംസിന്റെ തലയ്ക്കു മുകളിലേക്ക് നീങ്ങി. നന്നായി വിറയ്ക്കുന്ന അവന്റെ കരങ്ങൾ വെളുത്ത ബാൻഡേജ് ചുറ്റിക്കെട്ടിയ തലയിൽ പതിയെ സ്പർശിച്ചു... നോക്കിക്കൊണ്ടു നിന്ന നേഴ്സ് അരുതേ എന്ന് പറയുവാൻ നാവെടുത്തു, എങ്കിലും മടിച്ചു...**

മുട്ടുകുത്തി നിൽക്കുന്ന ലോറൻസിന്റെ അവ്യക്തമായ മുഖം അവൻ കണ്ടു. മിറക്കിൾ! മിറക്കിൾ!!! നേഴ്സ് ഉറക്കെ വിളിച്ചു പറഞ്ഞു കൊണ്ട് ഐ സി യു വിന് പുറത്തേക്ക് ഓടി.

ലോറൻസ് മുഴങ്കാലിൽ നിന്നും എഴുന്നേറ്റു... ജെയിംസ്, നീ വേഗം സുഖമാകും...നിന്നെ യേശു സ്നേഹിക്കുന്നു. പുഞ്ചിരിച്ച് അവന്റെ കവിളിൽ തലോടിക്കൊണ്ട് ലോറൻസ് പുറത്തേക്കിറങ്ങി. ന്യൂറോസർജന്മാരെ അത്ഭുതപ്പെടുത്തിക്കൊണ്ട് പിന്നീടുള്ള സ്കാൻ റിപ്പോർട് വന്നു. തലച്ചോറിൽ കെട്ടിക്കിടന്നിരുന്ന വലിയ ബ്ലഡ്ക്ലോട്ട് അപ്രത്യക്ഷമായിരിക്കുന്നു. രക്തസ്രാവം നിലച്ചിരിക്കുന്നു. സർജിക്കൽബ്ലേഡ് ഇല്ലാതെ...നീഡിലും ഫോർസെപ്സും ഇല്ലാതെ... ഒരു നിമിഷം കൊണ്ട് അദൃശ്യമായി ഒരു ശസ്ത്രക്രിയകഴിഞ്ഞിരിക്കുന്നു.

ദൈവത്തിന്റെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്കു ദൈവം എല്ലാക്കാര്യങ്ങളും നന്മയ്ക്കാക്കിത്തീർക്കുന്നു. ജയിംസിന്റെ ജീവിതത്തെ മരണത്തിന്റെ വക്കിൽ നിന്ന് വീണ്ടുംജനനത്തിലേക്കും നിത്യജീവനിലേയ്ക്കും ദൈവം അത്ഭുതകരമായി വഴി നടത്തി. ഇന്നും തകർന്ന ജീവിതങ്ങളെ, വ്യക്തികളെ, കുടുംബങ്ങളെ യേശുകർത്താവ് പ്രതിസന്ധികൾ അനുവദിച്ചാണെങ്കിലും രക്ഷിക്കുന്നു എന്നത് ഏറ്റവും ആശ്വസിപ്പിക്കുന്ന സദ്വാർത്തയാണ്. •

# ശുശ്രൂഷയ്ക്ക് മുൻഗണന തിരിച്ചടികൾക്കിടയിലും!

**ബഞ്ചമിൻ വർഗീസ്**

ഇല്ലിക്കുന്നിൽ മടങ്ങിയെത്തിയ കാലം മുതൽ ഗുണ്ടർട്ട് വിവിധതരം പുസ്തകങ്ങളുടെ രചനയിലും സുവിശേഷീകരണത്തിലും കൂടുതൽ ശ്രദ്ധ പതിപ്പിച്ചു. തന്റെ കൂടെ ശുശ്രൂഷിക്കുവാൻ തദ്ദേശീയരായ നിരവധി സുവിശേഷകരും ഇക്കാലയളവിൽ ഗുണ്ടർട്ടിനൊപ്പം ഉണ്ടായിരുന്നു. പലപ്പോഴും ഈ സംഘത്തിന് എതിർപ്പുകൾ നേരിടേണ്ടതായി വന്നു. ചിലപ്പൊഴെങ്കിലും അവർ ശാരീരികപീഡനവും ഏൽക്കേണ്ടതായി വന്നു. സുഖദു:ഖ സമ്മിശ്രമായിരുന്നു അക്കാലത്തെ ജീവിതം.

1845 ൽ ഇല്ലിക്കുന്നിൽ ഒരു അച്ചുകൂടം സ്ഥാപിക്കാൻ സാധിച്ചു. അത് വടക്കൻ മലബാറിന്റെ വികസനചരിത്രത്തിലെ ഒരു പ്രധാന നാഴികക്കല്ലായിത്തീർന്നു. അതിനെ തുടർന്ന് ചെറുതും വലുതുമായ നിരവധി ഗ്രന്ഥങ്ങൾ ഇവിടെനിന്നും പുറത്തിറങ്ങി.

1846 ൽ ഗുണ്ടർട്ട് ഇന്ത്യയിൽ ഒരു ദശാബ്ദം പൂർത്തിയാക്കി. താൻ ഇന്ത്യയിലെത്തിയതിനുശേഷം ഇതുവരെയും സ്വരാജ്യത്തേയ്ക്ക് മടങ്ങിപ്പോയിരുന്നില്ല. യഥാർഥത്തിൽ ഗുണ്ടർട്ട് തിരികെപ്പോകുന്നതിൽ അതുവരെ വലിയ താത്പര്യം കാട്ടിയിരുന്നില്ല. ഒരിക്കൽ അദ്ദേഹത്തിന്റെ പിതാവ് ഗുണ്ടർട്ടിനെ കാണണമെന്ന ആഗ്രഹം പറഞ്ഞപ്പോൾ താൻ ചെയ്യുന്ന മിഷൻപ്രവർത്തനങ്ങൾ അതിനെക്കാൾ പ്രധാനമാണെന്ന മറുപടിയായിരുന്നു അദ്ദേഹം കൊടുത്തത്. ഒരുപക്ഷേ മടങ്ങിപ്പോയാൽ അവിടം വിട്ടുപോരാൻ ബുദ്ധിമുട്ടാകും എന്ന ചിന്തയായിരിക്കും അദ്ദേഹത്തെ അതിൽ നിന്നും പിന്തിരിപ്പിച്ചത്. ഇക്കാര്യത്തെക്കുറിച്ച് അദ്ദേഹം എഴുതിയത്: 'മിഷൻ പ്രവർത്തനങ്ങൾക്ക് ഭംഗം വരുത്തുവാൻ ആരും തുനിയരുത്. ഇവിടത്തെ കാലാവസ്ഥയും പിശാചും എന്റെ മന:സ്ഥിരതയ്ക്ക് ഇളക്കം വരുത്തുവാൻ വേണ്ടുവോളം ശ്രമിക്കുന്നുണ്ട്' എന്നാണ്. എന്തായാലും 1846 ൽ തനിക്ക് സ്വദേശത്തേയ്ക്ക് പോകേണ്ട സാഹചര്യം വന്നു. മുതിർന്ന കുട്ടികളെ അവിടെ വിദ്യാഭ്യാസത്തിനായി വിടുക എന്നതും ആ യാത്രയുടെ ഉദ്ദേശ്യം ആയിരുന്നു. അങ്ങനെ മംഗലാപുരത്തെ മേഗ്ലിംഗ് കുടുംബത്തോടൊപ്പം ഗുണ്ടർട്ടും കുടുംബവും ജർമനിയിലേയ്ക്ക് യാത്ര തിരിച്ചു.

അക്കാലത്തെ യാത്രയുടെ കാഠിന്യം ഗുണ്ടർട്ടിന്റെ കുറിപ്പുകളിൽനിന്നും മനസിലാക്കാം. 1845 നവംബർ 21 നു ഗുണ്ടർട്ട് കുടുംബം തലശേരിയിൽ നിന്നും പുറപ്പെട്ടു. ഭാര്യ ജൂലിയയോടും മക്കൾ ഹെർമൻ (6), സാമുവൽ (5), മാറി (3), ക്രിസ്ത്യാനെ (1) എന്നിവരോടുമൊപ്പമാണ് ഗുണ്ടർട്ട് യാത്ര ചെയ്തത്. 23 നു അവർ മംഗലാപുരത്ത് എത്തി. തുടർന്ന് മേഗ്ലിംഗ് കുടുംബത്തോടൊപ്പം 30 ന് ബോംബെയിലേയ്ക്കും, അവിടെ നിന്നും 1846 ജനുവരി 1 നു വിക്ടോറിയ എന്ന കപ്പലിൽ കെയ്റോയിലേയ്ക്കും യാത്രയായി. ജനുവരി 29 നു കെയ്റോയിൽ നിന്നും വലിയൊരു വള്ളത്തിൽ അലക്സന്ത്രിയയിലേയ്ക്ക് അവർ പോയി. പിന്നിട് ഒരു ഓസ്ട്രിയൻ കപ്പലിൽ ഇറ്റലിയിലെ ട്രീയസ്റ്റിലെയ്ക്ക്. 15 നു അവർ അവിടെ എത്തിച്ചേർന്നു. തുടർന്നുള്ള യാത്ര കരമാർഗം കുതിരവണ്ടിയിലായിരുന്നു. ആൽപ്സ് പർവതനിരകളെ താണ്ടി മ്യൂണിക്, ഔസ്ബുർഗ് പട്ടണങ്ങൾ കടന്ന് ഒടുവിൽ ഫെബ്രുവരി 28 നു അവർ സ്റ്റുട്ട്ഗർട്ടിലെത്തിച്ചേർന്നു. കുഞ്ഞുകുട്ടികളെയുമായുള്ള ഈ യാത്രയുടെ ക്ലേശം എത്രമാത്രമായിരുന്നുവെന്ന് ഊഹിക്കാവുന്നതല്ലേയുള്ളൂ.

ജർമനിയിലെത്തിയിട്ടും ഗുണ്ടർട്ട് പ്രവർത്തനനിരതനായിരുന്നു. ഇക്കാലയളവിൽ അദ്ദേഹം നിരവധി ഇടങ്ങളിൽ പ്രാർഥനകൾ നടത്തുകയും തന്റെ പ്രവർത്തനങ്ങളെ വിശദീകരിക്കുകയും ചെയ്തു. എന്നാൽ ഒട്ടും അതിശയോക്തി കലരാത്ത വിധത്തിലായിരുന്നു അദ്ദേഹം തന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പറഞ്ഞത്. ആയതിനാൽ പലർക്കും അത് അരോചകമായി തോന്നി. ഗുണ്ടർട്ടാകട്ടെ വലിയ ജയഘോഷം കൊണ്ടോ, കർണ്ണാമൃതമായ വർണ്ണനകൾ കൊണ്ടോ വാക്കുകൾക്ക് നിറം കൊടുക്കാതെ

സ്വതസിദ്ധമായ ശൈലിയിൽ തന്റെ പ്രവർത്തനങ്ങളെ വിവരിച്ചു. അതുകൊണ്ട് തന്നെ യാഥാർത്ഥ്യം അറിയാനാഗ്രഹിച്ചു വന്നവർ നിരാശരായില്ല താനും. ജർമനിയിലായിരുന്ന സമയത്ത് ഗുണ്ടർട്ട് ചെയ്ത മറ്റൊരുകാര്യം സാധ്യമായ എല്ലായിടങ്ങളിൽനിന്നും കേരളവുമായി ബന്ധപ്പെട്ട രേഖകൾ ശേഖരിക്കുക എന്നതായിരുന്നു. നൂറ്റാണ്ടുകളായി കേരളവുമായി പല യൂറോപ്യൻ രാജ്യങ്ങൾക്കും വാണിജ്യബന്ധം ഉണ്ടായിരുന്നുവല്ലോ. പോർച്ചുഗീസുകാരും ഡച്ചുകാരുമൊക്കെയായി നിരവധി വ്യാപാരികളും, മിഷണറിമാരും, പട്ടാളക്കാരുമൊക്കെ കേരളം സന്ദർശിച്ചിരുന്നു. ഇവരിൽ പലരും കേരളത്തെപ്പറ്റിയും, ഇവിടുത്തെ ജനങ്ങളെപ്പറ്റിയുമൊക്കെയുള്ള വിവരങ്ങൾ അവരവരുടെ നാടുകളിലും ഭാഷകളിലും പ്രസിദ്ധം ചെയ്തിരുന്നു. ഗുണ്ടർട്ട് ഇവയൊക്കെയും തിരഞ്ഞുകണ്ടെത്തി പകർത്തിയെഴുതി. ഗുണ്ടർട്ടിന്റെ ബഹുഭാഷാ പാണ്ഡിത്യം ഇവിടെ പ്രയോജനം ചെയ്തെന്ന കാര്യം പറയേണ്ടതില്ലല്ലോ. ഈ വിവരങ്ങൾ ആയിരിക്കാം **'കേരളപ്പഴമ'** എന്ന ഗുണ്ടർട്ടിന്റെ ഏറ്റവും പ്രശസ്തമായ കൃതി രചിക്കുന്നതിന് അദ്ദേഹത്തെ സഹായിച്ചത്.

ഇതിനിടെ താൻ പഠിച്ച റ്റ്യൂബിംഗൻ യൂണിവേഴ്സിറ്റി സന്ദർശിച്ച് ചില പുസ്തകങ്ങൾ അവിടേയ്ക്ക് സംഭാവനയായി നൽകി. അതുപോലെ വ്യൂട്ടൻബർഗിലെ രാജാവിനും ചില കൈയെഴുത്തു ഗ്രന്ഥങ്ങളും ശില്പങ്ങളും കാഴ്ചവെച്ചു. സ്റ്റുട്ഗാർട്ട് സ്റ്റേറ്റ് ലൈബ്രറിയിൽ കാണുന്ന മലയാളഗ്രന്ഥങ്ങൾ ഗുണ്ടർട്ടിന്റെ സംഭാവനയായിരിക്കാം. അവിടെനിന്നും പോരുന്നതിനു മുമ്പേ സ്റ്റുട്ഗാർട്ടിലെ ബൈബിൾ സൊസൈറ്റിയിലെ ഒരു അച്ചടിയന്ത്രവും ഗുണ്ടർട്ട് തുച്ഛവിലയ്ക്ക് സ്വന്തമാക്കി മംഗലാപുരത്തേയ്ക്ക് അയച്ചു.

1846 ന്റെ അവസാനമായപ്പോഴേയ്ക്കും ഗുണ്ടർട്ട് തിരികെ ഇന്ത്യയിലേയ്ക്ക് മടങ്ങുവാൻ തയാറായി. ഇക്കാര്യം മിഷൻ അധികാരികളെ അറിയിച്ചപ്പോൾ കുറച്ചുകാലം കൂടി ജർമനിയിൽ തുടരുവാനാണ് അവർ അഭ്യർഥിച്ചത്. എന്നാൽ അതു വകവയ്ക്കാതെ ആ മിഷണറിവര്യൻ തന്റെ കർമമണ്ഡലത്തിലേയ്ക്ക് മടങ്ങാൻ തീരുമാനിച്ചു. ആ ദമ്പതികളെ സംബന്ധിച്ചിടത്തോളം അത് വളരെ പ്രയാസമുള്ള കാര്യവുമായിരുന്നു. തന്റെ മൂത്ത പുത്രന്മാരെയും ഇളയമകൾ ക്രിസ്ത്യാനെയെയും അവരുടെ മുത്തച്ഛന്റെ അടുക്കലും, മകൾ മാറിയെ ബാസലിലുള്ള ഒരു മിഷണറിയോടൊപ്പവും വിട്ടിട്ടാണ് അവർ മടങ്ങേണ്ടിയിരുന്നത്. കൂടാതെ വാർദ്ധക്യത്തിലായിരിക്കുന്ന പിതാവിനോട് യാത്രപറയുകയും വേണമായിരുന്നു.

**എല്ലാം ക്രമമായി എന്ന് കരുതിയിരുന്നപ്പോഴാണ് മറ്റൊരു ദു:ഖവാർത്ത ഗുണ്ടർട്ട് ദമ്പതികളെ തേടിയെത്തിയത്. തങ്ങൾ ജർമനിയിൽ വിട്ടിട്ട് പോന്ന അരുമമകൾ ക്രിസ്ത്യാനെയുടെ അപ്രതീക്ഷിത വിയോഗവാർത്തയായിരുന്നു അത്. ആ ദു:ഖത്തെയും പ്രത്യാശയാൽ അതിജീവിക്കാൻ ഗുണ്ടർട്ടിനായി.**

ചില ദിവസങ്ങൾ കുടുംബത്തോടൊപ്പം താമസിച്ചതിനു ശേഷം, ഡിസംബർ 26 ന് ഗുണ്ടർട്ട് ഗർഭിണിയായ ജൂലിയായയുമായി ഇന്ത്യയിലേയ്ക്ക് മടങ്ങി. വിരഹദു:ഖം കലശലായതിനാൽ ഈ യാത്രയിൽ സഹയാത്രികരോട് സുവിശേഷം പങ്കുവെയ്ക്കാൻ അദ്ദേഹം ഉത്സാഹം കാട്ടിയില്ല. എന്നാൽ ഇംഗ്ലീഷ്, കന്നഡ, മലയാളം ഭാഷകൾ കൂടുതൽ പഠിക്കുവാൻ അദ്ദേഹം ഈ യാത്ര വിനിയോഗിച്ചു. എന്തായാലും ക്ലേശമേറിയ യാത്രയ്ക്കൊടുവിൽ ഫെബ്രുവരി 28 ന് തിരികെ തലശേരിയിൽ ആ കുടുംബം എത്തിച്ചേർന്നു. ഒരാഴ്ചയ്ക്കുള്ളിൽ ജൂലിയ അവരുടെ പുത്രൻ ഫ്രീഡറിക്കിന് ജന്മം നൽകി. അതോടെ തീരെ അവശതയിലായ ജൂലിയ പിന്നീട് ഒരു വർഷത്തോളം നീലഗിരിയിൽ വൈഗ്ലേ ദമ്പതിമാരോടൊപ്പം പാർത്താണ് തന്റെ ആരോഗ്യം വീണ്ടെടുത്തത്. എല്ലാം ക്രമമായി എന്ന് കരുതിയിരുന്നപ്പോഴാണ് മറ്റൊരു ദു:ഖവാർത്ത ഗുണ്ടർട്ട് ദമ്പതികളെ തേടിയെത്തിയത്. തങ്ങൾ ജർമനിയിൽ വിട്ടിട്ട് പോന്ന അരുമമകൾ ക്രിസ്ത്യാനെയുടെ അപ്രതീക്ഷിത വിയോഗവാർത്തയായിരുന്നു അത്. ആ ദു:ഖത്തെയും പ്രത്യാശയാൽ അതിജീവിക്കാൻ ഗുണ്ടർട്ടിനായി. അന്നും ദൈവത്തെ സ്തുതിക്കുകയും, തങ്ങളെത്തന്നെ വീണ്ടും സമർപ്പിക്കുകയുമാണ് ആ ദൈവദാസൻ ചെയ്തത്.

സദാ കർമനിരതനായിരുന്നു ഗുണ്ടർട്ട് തന്നെ ഭരമേല്പിച്ച ശുശ്രൂഷയിൽ അത്യന്തം വിശ്വസ്തനായിരുന്നു.ജീവിതത്തിൽ താൻ നേരിട്ട തിരിച്ചടികൾക്കിടയിൽപ്പോലും തന്റെ ശുശ്രൂഷയ്ക്ക് മുൻഗണന കൊടുത്തു. ആ സമർപ്പണമാണ് അദ്ദേഹത്തെ കേരളം കണ്ട ഏറ്റവും മികച്ച, ക്രൈസ്തവമിഷണറിമാരിൽ ഒരാളാക്കിയത്. ●





എൽസി ജോയ്

# സ്വകാര്യത കവരരുത്

**സ്ത്രീ**കളിൽ മിക്കപേരിലും കണ്ടുവരുന്ന ദോഷകരമായ ഒരു സ്വഭാവത്തെക്കുറിച്ച് അപ്പോസ്തലനായ പൗലോസ് ഓർമ്മിപ്പിക്കുന്നു. അത് മറ്റുള്ളവരുടെ കാര്യങ്ങളിൽ അനാവശ്യമായി ഇടപെട്ട് അനുചിതമായ സംസാരത്തിൽ മുഴുകുന്നതിനെക്കുറിച്ചാണ്. അത്രയുമല്ല അവർ വീട് തോറും നടന്നു മിനക്കെടുവാനും ശീലിക്കും. മിനക്കെടുക മാത്രമല്ല വായാടികളും പരകാര്യത്തിൽ ഇടപെടുന്നവരുമായി അരുതാത്തത് സംസാരിക്കും ( 1 തിമൊഥെയോസ് 5: 13 ).

യൗവനത്തിൽ വിധവകൾ ആയവർ പുനർവിവാഹം കഴിക്കുന്നതിനെ പ്രോത്സാഹിപ്പിച്ച് എഴുതുമ്പോൾ പരാമർശിച്ചതാണ് മേലുദ്ധരിച്ച വാക്യം. സ്ത്രീകൾ തങ്ങളുടെ മക്കളുടെ ക്ഷേമത്തിൽ ശ്രദ്ധിക്കുകയും ഭവന കാര്യങ്ങളിൽ ജാഗ്രതയുള്ളവരായി സമയം ഉപയോഗപ്പെടുത്തുകയും ചെയ്യണം. അങ്ങനെ സാക്ഷ്യമുള്ള ജീവിതം നയിച്ച് കർത്താവിന്റെ സാക്ഷികളായി നിലനിൽക്കുക എന്നതാണ് ദൈവഹിതം.

മറ്റുള്ളവരുടെ കാര്യങ്ങൾ അനാവശ്യമായി വീക്ഷിച്ചു അഭിപ്രായം പറഞ്ഞ് ഇടപെടുന്ന സ്വഭാവം നിന്ദ്യമായതാണ്. എല്ലാവർക്കും അവരവരുടേതായ Space (ഇടം) ഉണ്ടായിരിക്കണം. അതിനെയാണ് വ്യക്തിസ്വാതന്ത്ര്യം എന്നു നാം വിശേഷിപ്പിക്കുന്നത്. ചിന്തിക്കുവാൻ പ്രായമായവരെല്ലാം സ്വയം ചിന്തിച്ച് പ്രവർത്തിക്കുമ്പോൾ മാത്രമേ അവർക്ക് സ്വാതന്ത്ര്യം അനുഭവപ്പെടുകയും, തങ്ങൾ ചെയ്യുന്ന കാര്യങ്ങൾ ആസ്വദിച്ചും മികവോടെയും ചെയ്യുവാൻ കഴിയുകയുള്ളൂ. അഭിപ്രായം പറയേണ്ടതിനോ ഉപദേശം നൽകേണ്ടതിനോ നമ്മോടു ആവശ്യപ്പെടുന്നുവെങ്കിൽ മാത്രമേ നാം അവരുടെ പ്രവർത്തികളെ സൂക്ഷ്മതയോടെ നിരീക്ഷിക്കുകയും അഭിപ്രായം പറയുകയും ചെയ്യാവൂ.

മറ്റുള്ളവരുടെ അനാവശ്യ ഇടപെടലിൽ അതൃപ്തിയും ഭയവും ഉള്ളവരായി കഴിയുന്നവർ അനേകരാണ്. അത് അവരുടെ പ്രവർത്തന സ്വാതന്ത്ര്യത്തെയാണ് പ്രതികൂലമായും അവർക്കു തൃപ്തികരമല്ലാത്ത നിലയിലും ബാധിക്കുന്നത്. നാം ആരും അതിന് കാരണക്കാരാവുന്നത് നന്നല്ല. പകരം നമ്മുടെ വാക്കുകളും പ്രവർത്തനങ്ങളും അപരനോടുള്ള മനോഭാ

**അഭിപ്രായം പറയേണ്ടതിനോ ഉപദേശം നൽകേണ്ടതിനോ നമ്മോടു ആവശ്യപ്പെടുന്നുവെങ്കിൽ മാത്രമേ നാം അവരുടെ പ്രവർത്തികളെ സൂക്ഷ്മതയോടെ നിരീക്ഷിക്കുകയും അഭിപ്രായം പറയുകയും ചെയ്യാവൂ.**

വവും എല്ലാം അവർക്ക് പ്രോത്സാഹനം നൽകുന്നതും ആയിരിക്കട്ടെ.

എല്ലാവർക്കും അവരവരുടേതായ സ്വകാര്യതയുണ്ട്. അതിലേക്കുള്ള കടന്നുകയറ്റം ആരും ആഗ്രഹിക്കുന്നില്ല. ഓരോരുത്തർക്കും അവരവരുടേതായ സ്വകാര്യ ദു:ഖങ്ങളോ വൈഷമ്യങ്ങളോ ആഗ്രഹങ്ങളോ ആവശ്യങ്ങളോ ഒക്കെ കാണും. അനാവശ്യ ചോദ്യങ്ങൾ ചോദിച്ച് അവരുടെ സ്വകാര്യതയ്ക്ക് ഭംഗം വരുത്തരുത്. എന്നാൽ മാന്യമായ നമ്മുടെ സമീപന രീതി നിമിത്തം അവരുടെ ഹൃദയം പങ്കുവെക്കുവാൻ ഒരുപക്ഷേ അവർ സ്വയം പ്രേരിതരായി എന്ന് വരാം. അങ്ങനെ ചെയ്യുന്ന പക്ഷം അവർ പങ്കിടുന്ന കാര്യങ്ങൾ ഉൾക്കൊണ്ട് അവർക്കായി പ്രാർത്ഥിക്കുകയും അവരെ ആശ്വസിപ്പിക്കുകയും ദൈവത്തോടുള്ള ആത്മബന്ധത്തിനായി ഉത്സാഹിപ്പിക്കുകയും ചെയ്യണം. രഹസ്യമായി പങ്കിടുന്ന കാര്യങ്ങൾ പരമരഹസ്യമായി സൂക്ഷിക്കുകയും വേണം. മറ്റാരുമായും അത് നാം പങ്കിടുവാൻ പാടില്ല. മറ്റുള്ളവരും അറിയേണ്ട കാര്യങ്ങൾ ഉണ്ടെങ്കിലവർ തന്നെ അത് നേരിട്ടു പറയുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുക.

പരകാര്യത്തിൽ ഇടപെടുന്നതിന്റെ ഒരു കാരണം അമിതമായ ജിജ്ഞാസ ആയിരിക്കണം. നമുക്കെല്ലാം ജിജ്ഞാസ ഉണ്ട്. പക്ഷേ നാം അറിയേണ്ടത് മാത്രം അറിഞ്ഞാൽ മതിയല്ലോ? മറ്റുള്ളവരുടെ കാര്യങ്ങൾ എല്ലാം അറിയണം എന്നുള്ള ആഗ്രഹം നല്ലതാണോ? അത് ദോഷകരമാകയില്ലേ? അതുകൊണ്ട് ജിജ്ഞാസയ്ക്കു നിയന്ത്രണം അനിവാര്യമാണ്.

നാം കേൾക്കുന്ന കാര്യങ്ങൾ ശരിയായ സ്രോതസ്സിൽ നിന്നും ശരിയായിട്ടുള്ളത് അല്ലെങ്കിൽ അത് ദോഷകരമായിരിക്കും. തെറ്റിദ്ധാരണകൾക്ക് ഇടം നാം കൊടുക്കരുത്. അപരനെക്കുറിച്ചുള്ള അനാവശ്യ കാര്യങ്ങൾ മറ്റുള്ളവരോട് ചോദിച്ചറിയുവാൻ ശ്രമിക്കരുത്. മറ്റുള്ളവരുടെ ക്ഷേമത്തിൽ മാത്രം നാം ഉത്സുകരായിരിക്കുക. മറ്റുള്ളവർക്ക് നമ്മോടുള്ള വിശ്വാസവും ബഹുമാനവും നാമായിട്ടു നഷ്ടപ്പെടുത്തരുത്.

മറ്റുള്ളവരുടെ കാര്യങ്ങൾ അമിത താല്പര്യത്തോടെ വീക്ഷിക്കുന്നതിന് അസൂയയും ഒരു കാരണം ആകാം. പാപ സ്വഭാവങ്ങളിൽ നിറയെ വേരുകളുള്ള ഒന്നാണ് അസൂയ. അതുകൊണ്ട് പിഴുത് കളഞ്ഞാലും പിന്നെയും കിളിർത്ത് വരും. അസൂയ ഉണ്ടെന്ന് സമ്മതിക്കുവാൻ നമുക്ക് വളരെ ബുദ്ധിമുട്ടായിരിക്കും. നമ്മുടെ മനോഭാവത്തെ കളങ്കപ്പെടുത്തുന്ന ഒന്നാണിത്. അസൂയക്കെതിരെ നമുക്ക് നല്ല ജാഗ്രത വേണം.

നമുക്കില്ലാത്തതു അപരന് ഉണ്ടെന്ന് കാണുമ്പോൾ ഉള്ളിലുണ്ടാകുന്ന ഒരുതരം പകയാണ് അസൂയ. ഒരു ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം. അസൂയാലുക്കളായ രണ്ടു അയൽവാസികളിൽ ഒരുവൻ അവന്റെ അസൂയ നിമിത്തം അപരന് ദോഷം വരുത്തുവാൻ തപസിരുന്നു എന്നതാണ് ഈ സങ്കല്പ കഥ. ചില നാളുകൾക്കു ശേഷം ദൈവം അവനു വെളിപ്പെട്ടുവത്രെ. അവനിഷ്ടമുള്ള വരം ചോദിക്കുവാൻ ആവശ്യപ്പെട്ട ദൈവം തന്റെ വ്യവസ്ഥയും അതോടൊപ്പം പറഞ്ഞു. നീ ചോദിക്കുന്നതിന്റെ ഇരട്ടി നിന്റെ അയൽവാസിക്കു ഞാൻ നൽകും. അയൽവാസിക്കു നേട്ടമുണ്ടാകുന്നതിലസൂയ മൂത്ത ഇയാൾ ഒരു കുബുദ്ധി പ്രയോഗിച്ചു. തന്റെ ഒരു കണ്ണ് നഷ്ടപ്പെടുത്തണമെന്നു ആവശ്യപ്പെട്ടു. അയൽവാസിയുടെ രണ്ടു കണ്ണും നഷ്ടപ്പെടുമല്ലോ എന്നതായിരുന്നു അവന്റെ ആശ്വാസം. ഇതാണ് അസൂയ. താരതമ്യം ചെയ്തു ചിന്തിക്കുന്നതാണ് ഈ ദു:സ്വഭാവത്തിന് വളം ആകുന്നത്. മറ്റുള്ളവരെ നമ്മെപ്പോലെ തന്നെ സ്നേഹിക്കുവാൻ ഉത്സുകരാകുമ്പോൾ ഈ ദുസ്വഭാവത്തെ നമ്മിൽ നിന്നും പിഴുതുകളയുവാൻ ഇടയാകും. നാം സ്നേഹിക്കുന്നവരുടെ ഉയർച്ചയിൽ എപ്പോഴും നമുക്ക് സന്തോഷമേ ഉണ്ടാവുകയുള്ളല്ലോ. അസൂയയിൽ നിന്ന് പരദൂഷണം ഉണ്ടാകും. മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കുവാനും അവരെ അപരനിൽ നിന്ന് അകറ്റാനുമുള്ള ഒരു മനോഭാവം രൂപപ്പെടുന്നതുകൊണ്ടാണ് പരദൂഷണത്തിൽ അകപ്പെടുന്നത്. അത് മന:പ്പൂർവം ആകണമെന്നില്ല. അറിയാതെ അകപ്പെട്ടു പോകുന്നതും ആകാം. അസൂയയുടെ വേരറുത്താലേ പരദൂഷണം നമ്മിൽ വേര് പിടിക്കാതിരിക്കുകയുള്ളൂ.

ജീവിക്കുവാൻ ഉള്ള സ്വാതന്ത്ര്യം സ്രഷ്ടാവ് എല്ലാവർക്കും നൽകിയിട്ടുണ്ട്. അതുകൊണ്ട് അപരനെ ജീവിക്കുവാൻ അനുവദിക്കുക എന്നത് നമ്മുടെ കടമയാണ്. എല്ലാവരും സന്തോഷത്തോടും സമാധാനത്തോടും കൂടി ജീവിക്കുന്നതാകട്ടെ നമ്മുടെ ആനന്ദം.

മറ്റുള്ളവരുടെ കാര്യങ്ങളിൽ അനാവശ്യമായി ഇടപെടുകയില്ല എന്ന് നിശ്ചയദാർഢ്യം ഉള്ളവർ ആയിരിക്കണം നാം. യാതൊരു തെറ്റിദ്ധാരണകൾക്കും മനസ്സിൽ ഇടം കൊടുക്കരുത്. പരസ്പര വിശ്വാസവും ബഹുമാനവും ഉള്ളവരായിരിക്കുവാൻ നമുക്ക് ഉത്സാഹിക്കാം. ●



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# പരീശന്മാരുടെയും സദൂക്യരുടെയും പുളിച്ചമാവ്

അനന്തരം പരീശന്മാരും സദൂക്യരും അടുക്കെ വന്നു: ആകാശത്തുനിന്ന് ഒരു അടയാളം കാണിച്ചുതരേണമെന്ന് അവനെ പരീക്ഷിച്ചു ചോദിച്ചു. അവരോട് അവൻ ഉത്തരം പറഞ്ഞത്: സന്ധ്യാസമയത്ത് ആകാശം ചുവന്നു കണ്ടാൽ നല്ല തെളിവാകും എന്നും രാവിലെ ആകാശം ഇരുണ്ടും ചുവന്നും കണ്ടാൽ ഇന്നു മഴക്കോൾ ഉണ്ടാകും എന്നും നിങ്ങൾ പറയുന്നു. ആകാശത്തിന്റെ ഭാവം വിവേചിപ്പാൻ നിങ്ങളറിയുന്നു; എന്നാൽ കാലലക്ഷണങ്ങളെ വിവേചിപ്പാൻ കഴികയില്ലയോ? ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു; യോനായുടെ അടയാളമല്ലാതെ അതിന് അടയാളം ലഭിക്കയില്ല; പിന്നെ അവൻ അവരെ വിട്ടുപോയി. ശിഷ്യന്മാർ അക്കരെ പോകുമ്പോൾ അപ്പം എടുപ്പാൻ മറന്നുപോയി. എന്നാൽ യേശു അവരോടു: നോക്കുവിൻ; പരീശന്മാരുടെയും സദൂക്യരുടെയും പുളിച്ചമാവു സൂക്ഷിച്ചുകൊൾവിൻ എന്നു പറഞ്ഞു. അപ്പം കൊണ്ടുപോരായ്കയാലായിരിക്കും എന്ന് അവർ തമ്മിൽ തമ്മിൽ പറഞ്ഞു. അത് അറിഞ്ഞിട്ടു യേശു പറഞ്ഞത്: അല്പവിശ്വാസികളേ, അപ്പം കൊണ്ടുവരായ്കയാൽ തമ്മിൽ തമ്മിൽ പറയുന്നത് എന്ത്? ഇപ്പോഴും നിങ്ങൾ തിരിച്ചറിയുന്നില്ലയോ? അയ്യായിരം പേർക്ക് അഞ്ച് അപ്പം കൊടുത്തിട്ട് എത്ര കൊട്ട എടുത്തു എന്നും നാലായിരം പേർക്ക് ഏഴ് അപ്പം കൊടുത്തിട്ട് എത്ര വട്ടി എടുത്തു എന്നും ഓർക്കുന്നില്ലയോ? പരീശന്മാരുടെയും സദൂക്യരുടെയും പുളിച്ചമാവു സൂക്ഷിച്ചുകൊള്ളേണം എന്നു പറഞ്ഞത് അപ്പത്തെക്കുറിച്ചല്ല എന്നു തിരിച്ചറിയാത്തത് എന്ത്? അങ്ങനെ അപ്പത്തിന്റെ പുളിച്ചമാവല്ല, പരീശന്മാരുടെയും സദൂക്യരുടെയും ഉപദേശമത്രേ സൂക്ഷിച്ചുകൊൾവാൻ അവൻ പറഞ്ഞു എന്ന് അവർ ഗ്രഹിച്ചു (മത്തായി 16 :1 - 12)

പരീശന്മാരും സദൂക്യരും യഹൂദ സമുദായത്തിലെ രണ്ട് പ്രമുഖ വിഭാഗം ആയിരുന്നു. ബി സി ഒന്നാം നൂറ്റാണ്ടിലുണ്ടായ ഒരു Jewish social movement ആയിരുന്നു Pharisees. പരീശന്മാർ മതപരമായ ആചാര അനുഷ്ഠാനങ്ങളിൽ നിഷ്ഠ ഉള്ളവരും പൂർവ്വന്മാരുടെ സമ്പ്രദായം (പാരമ്പര്യം) മുറുകെ പിടിക്കുന്നവരും ആയിരുന്നു. പരീശന്മാർ മരിച്ചവരുടെ പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നു. എന്നാൽ സദൂക്യർ മരിച്ചവരുടെ പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നില്ല. പാരമ്പര്യങ്ങളും അവർക്ക് നിർബന്ധമല്ലായിരുന്നു. എഴുതപ്പെട്ട ന്യായപ്രമാണം മാത്രമായിരുന്നു അവർക്ക് പ്രധാനമായിരുന്നത്. സദൂക്യർ പുരോഹിതവർഗ്ഗവും പ്രഭുവർഗ്ഗവും ആയിരുന്നു. അവരിൽ അധികമാളുകളും ധനികരായിരുന്നു.

സമൂഹത്തിൽ ജനങ്ങൾ എന്നും പല തട്ടുകളിലായിരുന്നു. ഇന്നും അങ്ങനെ തന്നെ. ക്രിസ്തീയ വിശ്വാസികൾക്കിടയിലും വ്യക്തമായ വ്യത്യാസങ്ങൾ കണ്ടു വരുന്നു. വേദപുസ്തകം ഒന്നുതന്നെയെങ്കിലും അതിലെ ഉപദേശങ്ങൾ വ്യാഖ്യാനിക്കുന്നതിൽ വ്യത്യസ്തത ഉണ്ടാകുന്നു. പാരമ്പര്യങ്ങളിലധിഷ്ഠിതമായ വിശ്വാസം ചില സമൂഹങ്ങൾ പു

ലർത്തുന്നു. സത്യം എന്താണെന്ന് അറിയാതെ ആശയക്കുഴപ്പത്തിലാകുന്നവർ അനേകരാണ്. സത്യം അറിയുവാനാത്മാർത്ഥമായി ആഗ്രഹിക്കുകയും ദൈവം അത് വെളിപ്പെടുത്തേണ്ടതിന് പ്രാർത്ഥിക്കുകയും ദൈവവചനം അനുസരിക്കുവാനുള്ള സമർപ്പണത്തോടെ പഠിക്കുകയും ചെയ്യുമ്പോൾ ആശയക്കുഴപ്പങ്ങൾ മാറി വചനം യഥാർത്ഥമായി ഗ്രഹിക്കുവാനിടയാകും.

പരീശന്മാരും സദൂക്യരും അവരവരുടെ വിശ്വാസങ്ങളിലും ഉപദേശ വാദഗതികളിലും ഉറച്ചുനിന്ന്, സ്വന്തം സമൂഹത്തിന്റെ കെട്ടുറപ്പിനു വേണ്ടി പ്രവർത്തിച്ചതല്ലാതെ ദൈവത്തെ അറിയുവാനുള്ള ആഗ്രഹം ഉള്ളവരായിരുന്നില്ല. അവരുടെ പഠിപ്പിക്കലുകളെ പുളിച്ചമാവിനോട് കർത്താവ് സദൃശ്യപ്പെടുത്തുന്നു. പുളിച്ചമാവ് തിന്മയെയും ദുഷ്ടതയെയും കാണിക്കുന്നതാണ്. അവിശ്വാസമുള്ള ഹൃദയത്തെ ദുഷ്ടഹൃദയം എന്നാണ് ബൈബിൾ വിശേഷിപ്പിക്കുന്നത് (എബ്രായർ 3: 7). അവിശ്വാസത്തിൽ നിന്നും തിന്മയ്ക്കും ദുഷ്ടതയ്ക്കും വളർച്ച ഉണ്ടാകുന്നു. പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുവാൻ അല്പം പുളിമാവ് മതിയല്ലോ. ഇവരുടെ ഉപദേശങ്ങൾ ജനത്തെ മുഴുവൻ വഴിതെറ്റിക്കുന്നതായി തീർന്നിരിക്കുന്നു. അതുകൊണ്ട് പരീശന്മാരുടെയും സദൂക്യരുടെയും പുളിച്ചമാവാകുന്ന ദുരുപദേശത്തെ സൂക്ഷിച്ചു കൊള്ളുവാൻ കർത്താവ് തന്റെ ശിഷ്യന്മാരെ ഓർമ്മപ്പെടുത്തുന്നു. യഹൂദ സമുദായത്തിലെ നല്ല പങ്ക് ആളുകളും മതഭക്തിയിലോ കപടഭക്തിയിലോ അടിമപ്പെട്ടിരുന്നു. മറ്റുള്ളവരെ പാപികളും ചുങ്കക്കാരുമായി എണ്ണിയിരുന്നു. യഥാർത്ഥ ഭക്തന്മാർ ഇല്ലാതെയായി. ഇന്നത്തെ ക്രൈസ്തവ സമൂഹത്തിനും ഈ ദോഷം തന്നെയല്ലേ സംഭവിച്ചിരിക്കുന്നത്? യഥാർത്ഥ ഭക്തന്മാർ ഇല്ലാതെയാവുകയാണോ?

പരീശന്മാരുടെയും സദുക്യരുടെയും പുളിച്ചമാവ് സൂക്ഷിക്കണമെന്ന് കർത്താവ് പറയുന്ന പശ്ചാത്തലം എന്തായിരുന്നു? പരീശന്മാരും സദുക്യരും യേശുവിന്റെ അടുക്കൽ വന്നത് എന്തിനായിരുന്നു? പരീശന്മാർക്കും സദുക്യർക്കും തമ്മിൽ വിശ്വാസത്തിൽ തർക്കവും അനൈക്യവും ഉണ്ടായിരുന്നു എങ്കിലും കർത്താവിനെ പരീക്ഷിക്കുന്ന കാര്യത്തിൽ അവർ ഒറ്റക്കെട്ടായിരുന്നു. ഇത് ഇന്നും നാം കണ്ടുവരുന്ന യാഥാർത്ഥ്യമാണ്. സുവിശേഷത്തെ എതിർക്കുന്നതിനും കർത്താവിനെ അവഗണിക്കുന്നതിനും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ മറന്ന് ഭൂരിപക്ഷ വിഭാഗങ്ങൾ ഒത്തുചേരുന്നു.

**യേശുക്രിസ്തു തന്റെ മടങ്ങിവരവിന്റെ കാര്യത്തിൽ പല അടയാളങ്ങളും നമുക്ക് നൽകിയിട്ടുണ്ട്. അവ നിറവേറുന്നതു കാണുമ്പോൾ നാം നിർവികാരികളായി, അലസരായി ജീവിക്കരുത്. പ്രത്യുത കർത്താവിന്റെ വരവ് അടുക്കൽ വാതിൽക്കലായിരിക്കുന്നു എന്നറിഞ്ഞ് ഉണർന്നു ആത്മീക ജീവിതത്തിൽ ഉത്സാഹമുള്ളവരായിക്കണം.**

ആകാശത്തുനിന്ന് ഒരു അടയാളം കാണിക്കണമെന്നാണ് അവർ കർത്താവിനെ പരീക്ഷിച്ച് ആവശ്യപ്പെടുന്നത്. കർത്താവ് ചെയ്യുന്ന എണ്ണമറ്റ അത്ഭുതങ്ങൾ കണ്ടിട്ടും കർത്താവിൽ വിശ്വസിക്കുവാൻ തയ്യാറാകാതെ, ആകാശത്തിൽ നിന്നും ഒരു അടയാളം ഇപ്പോൾ അവർ തിരയുകയാണ്. സമീപഭാവിയിൽ സംഭവിക്കുവാൻ പോകുന്ന ഒരു സംഭവത്തെക്കുറിച്ച് പറയുവാൻ ആയിരിക്കാം അവരാവശ്യപ്പെടുന്നത്. ആകാശത്തിന്റെ ഭാവത്തെ വിവേചിക്കുവാനറിയുന്ന നിങ്ങൾക്ക് കാല ലക്ഷണങ്ങളെ വിവേചിക്കുവാൻ കഴിയുകയില്ലയോ എന്നാണ് കർത്താവ് അവരോട് ചോദിച്ചത്.

സന്ധ്യാസമയത്ത് ആകാശം ചുവന്നു കണ്ടാൽ നല്ല തെളിവാകും എന്നും, രാവിലെ ആകാശം ഇരുണ്ടും ചുവന്നും കണ്ടാൽ മഴക്കോളുണ്ടാകും എന്നും കൃത്യമായി പറയുവാനവർക്കറിയാം. എന്നാൽ കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിയുവാൻ അവർക്ക് കഴിയാതെപോയിരിക്കുന്നു. ഇന്നു നമ്മുടെ കാര്യത്തിലും ഇത് ശരിയല്ലേ? കാലത്തിന്റെ അടയാളങ്ങളെ വിവേചിക്കുവാൻ നാം പ്രാപ്തരാകണം. യേശുക്രിസ്തു തന്റെ മടങ്ങിവരവിന്റെ കാര്യത്തിൽ പല അടയാളങ്ങളും നമുക്ക് നൽകിയിട്ടുണ്ട്. അവ നിറവേറുന്നതു കാണുമ്പോൾ നാം നിർവികാരികളായി, അലസരായി ജീവിക്കരുത്. പ്രത്യുത കർത്താവിന്റെ വരവ് അടുക്കൽ വാതിൽക്കലായിരിക്കുന്നു എന്നറിഞ്ഞ് ഉണർന്നു ആത്മീക ജീവിതത്തിൽ ഉത്സാഹമുള്ളവരായിക്കണം.

കാലസമ്പൂർണ്ണത വന്നപ്പോഴാണ് (ഗലാത്യർ 4:4) ദൈവം തന്റെ പുത്രനെ ഈ ലോകത്തിലേക്ക് അയച്ചത്. കാലം തികഞ്ഞു, ദൈവരാജ്യം സമീപി

ച്ചിരിക്കുന്നു, മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്നു കർത്താവ് ഉദ്ഘോഷിച്ചു. വാഗ്ദത്ത മശിഹാ യേശു തന്നെയാണ് എന്നവർക്ക് ബോധ്യം നൽകുവാൻ മതിയായ അടയാളങ്ങൾ കർത്താവ് ചെയ്തു. എന്നിട്ടും വിശ്വസിക്കാതെ ആകാശത്തിൽ നിന്നും അടയാളം തിരയുകയാണ് അവിശ്വാസത്താൽ ഹൃദയം കഠിനപ്പെട്ട പരീശന്മാരും സദൂക്യരും!

കണ്ട അടയാളങ്ങളെ വിശ്വസിക്കാതെ പിന്നെയും പിന്നെയും അടയാളം തിരയുന്നത് ദോഷവും വ്യഭിചാരവും ഉള്ള തലമുറയാണ്. വ്യഭിചാരം എന്നത് ജീവിതപങ്കാളിയോടുള്ള അവിശ്വസ്ഥതയാണ്. ദോഷവും വ്യഭിചാരവും ഉള്ള തലമുറ എന്ന വിശേഷണം ദൈവത്തോട് അവിശ്വസ്ഥരായ തലമുറ എന്ന അർത്ഥത്തിലാണ്. വാഗ്ദത്ത മശിഹായെ തത്സമയത്ത് നൽകിയത് തന്റെ ജനത്തെക്കുറിച്ചുള്ള എല്ലാ പ്രവചനങ്ങളും നിറവേറ്റിക്കൊണ്ടായിരുന്നു. യേശുവിന്റെ പ്രവർത്തനങ്ങളും പ്രവചന നിവർത്തിയായിരുന്നു. എന്നാൽ അവിശ്വാസികളും അവിശ്വസ്തരുമായിത്തീർന്ന ജനങ്ങൾക്ക് ഇതൊന്നും വിവേചിച്ചറിയുവാൻ കഴിഞ്ഞില്ല.

യോനയുടെ അടയാളം മാത്രമേ ആ തലമുറയ്ക്ക് അടയാളമായിട്ടുള്ളൂ. ദൈവക്രോധം തങ്ങളുടെ മേൽ വിളിച്ചു വരുത്തിയ ഒരു തലമുറയായിരുന്നു നിനെവെയിലുണ്ടായിരുന്നത്. അവരോടു മാനസാന്തരത്തിന് ആഹ്വാനം നൽകുവാനാണ് യോനയെ നിനെവെയിലേക്ക് ദൈവം അയച്ചത്. ശിക്ഷാവിധിയിൽ നിന്നും രക്ഷപ്പെടുവാനുള്ള ഏകവഴി മാനസാന്തരം ആയിരുന്നു. അതുപോലെ ദുഷ്ടതയും വ്യഭിചാരമുള്ള അന്നത്തെയും ഇന്നത്തെയും തലമുറയ്ക്കും മാനസാന്തരമാണ് ദൈവക്രോധത്തിൽ നിന്നും രക്ഷ പ്രാപിക്കുവാനുള്ള ഏകവഴി.

യോന സ്വന്തം അനുസരണക്കേടിനാലാണ് മത്സ്യത്തിന്റെ വയറ്റിൽ മൂന്ന് ദിവസം കിടക്കേണ്ടി വന്നത്. എന്നാൽ മുഴുമനുഷ്യന്റെയും അനുസരണക്കേടിന്റെ ശിക്ഷ ഏറ്റുവാങ്ങിയാണ് കർത്താവ് ക്രൂശിൽ മരിച്ചതും മൂന്നുദിവസം തന്റെ ശരീരം കല്ലറയിൽ ആയിരുന്നതും. മത്സ്യത്തിന്റെ വയറ്റിൽ നിന്നും മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റവനെപ്പോലെ വന്ന യോന, നിനെവെയിൽ പോയി മാനസാന്തരം പ്രസംഗിച്ചു. നമ്മുടെ പാപങ്ങൾക്കായി മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും

**നാം എന്തിന് ഭൗതിക ചിന്തകളിലേക്ക് മടങ്ങിപ്പോയി കർത്താവിന്റെ വചനത്തിൽ മായം കലർത്തണം? കർത്താവ് നമ്മുടെ ആവശ്യങ്ങൾക്ക് മതിയായവൻ എന്നത് യാഥാർത്ഥ്യമാണ്. എന്നാൽ ഭൗതിക നേട്ടങ്ങൾക്ക് വേണ്ടിയുള്ള ഉപാധിയല്ല ആത്മീയത. അത് നിത്യതയിലേക്കുള്ള ഏക വഴിത്താരയാണ്.**

പ്രസംഗിക്കുവാൻ തന്റെ ശിഷ്യവൃന്ദത്തെ ചുമതലപ്പെടുത്തി. അവിശ്വാസികളും കഠിനഹൃദയന്മാരുമായ പരീശന്മാരുടെയും സദുക്യരുടെയും ഉപദേശം ജനങ്ങളെ സുവിശേഷത്തിൽ നിന്നും അകറ്റുന്നതാണ്. അതിനാൽ അവരുടെ ഉപദേശം പുളിച്ചമാവാണ്. അത് സൂക്ഷിച്ച് ഒഴിയുവാൻ കർത്താവ് തന്റെ ശിഷ്യന്മാർക്ക് മുന്നറിയിപ്പ് നൽകി. കർത്താവിൽ നിന്നും സത്യസുവിശേഷത്തിൽ നിന്നും നമ്മെ അകറ്റുന്ന എല്ലാ പുളിച്ചമാവും നാം സൂക്ഷിക്കേണ്ടതാണ്.

കർത്താവ് പറഞ്ഞതിന്റെ അർത്ഥം ആദ്യം ശിഷ്യന്മാർ ഗ്രഹിച്ചില്ല. അവർ അപ്പം എടുക്കുവാൻ മറന്നു പോയതിനാലാവശ്യത്തിനുള്ള അപ്പം അവരുടെ പക്കലില്ല, അതേക്കുറിച്ചാണ് കർത്താവ് പറയുന്നത് എന്ന് അവർ തെറ്റിദ്ധരിച്ചു. ഭൗതിക ചിന്തകളാണ് നമ്മെ ഭരിക്കുന്നതെങ്കിൽ, കർത്താവ് നൽകുന്ന ആത്മീയ ഉപദേശങ്ങളെയും നാം അതോട് ചേർത്ത് വായിച്ച് തെറ്റിദ്ധരിക്കുവാൻ കാരണമാകും എന്നതിന് തെളിവാണ് ശിഷ്യന്മാരുടെ ചിന്ത.

കർത്താവ് ശിഷ്യന്മാരെ ഓർമ്മപ്പെടുത്തുന്നു: ഇപ്പോഴും നിങ്ങൾ തിരിച്ചറിയുന്നില്ലയോ? 5000 പേർക്ക് 5 അപ്പം കൊടുത്തിട്ട് എത്ര കൊട്ട ബാക്കി വന്നു എന്നും, 4000 പേർക്ക് 7 അപ്പം കൊടുത്തിട്ടു എത്ര കൊട്ട ബാക്കി വന്നു എന്നും ഓർക്കുന്നില്ലയോ? ഇന്നലെ അത്ഭുതം ചെയ്തു ആവശ്യങ്ങൾ നിവർത്തിച്ചവൻ ഇന്നും നമുക്ക് മതിയായവനല്ലോ? നാം എന്തിന് ഭൗതിക ചിന്തകളിലേക്ക് മടങ്ങിപ്പോയി കർത്താവിന്റെ വചനത്തിൽ മായം കലർത്തണം? കർത്താവ് നമ്മുടെ ആവശ്യങ്ങൾക്ക് മതിയായവൻ എന്നത് യാഥാർത്ഥ്യമാണ്. എന്നാൽ ഭൗതിക നേട്ടങ്ങൾക്ക് വേണ്ടിയുള്ള ഉപാധിയല്ല ആത്മീയത. അത് നിത്യതയിലേക്കുള്ള ഏക വഴിത്താരയാണ്. ●

എന്നാൽ, അത് ആരോടും ചർച്ച ചെയ്യാനുള്ളതല്ല. "തന്റെ പുത്രനെക്കുറിച്ചുള്ള സുവിശേഷം ഞാൻ ജാതികളുടെയിടയിൽ അറിയിക്കേണ്ടതിനു അവനെ എന്നിൽ വെളിപ്പെടുത്താൻ പ്രസാദിച്ചപ്പോൾ ഞാൻ മാംസരക്തങ്ങളോടു ആലോചിച്ചില്ല" (ഗലാത്യർ 1:16) എന്നു പൗലൊസ് പറയുന്നു.

ദൈവത്തെ അനുസരിക്കാനുള്ള തന്റെ തീരുമാനം അബ്രഹാം വച്ചുതാമസിപ്പിച്ചില്ല എന്നു മോർക്കണം. യിസ്ഹാക്കിനെ എന്നു യാഗമർപ്പിക്കണമെന്നു വാസ്തവത്തിൽ ദൈവം പറഞ്ഞില്ല. എന്നാൽ, അബ്രഹാം ദൈവശബ്ദം കേട്ടു." അതികാലത്ത് എഴുന്നേറ്റു കഴുതയ്ക്കു കോപ്പിട്ടു" (ഉല്പ്പത്തി 22: 3).

'ഉടനടിയുള്ള അനുസരണം (instant obedience) മാത്രമേ അനുസരണമാകുന്നുള്ളൂ. വച്ചുതാമസിപ്പിക്കുന്ന അനുസരണം അനുസരണക്കേടിനു തുല്യമാണ് (delayed obedience is disobedience)" എന്നു തോമസ് എ. കമ്പിസ് പറഞ്ഞിട്ടുണ്ട്. അനുസരണത്തിൽനിന്നു ഒഴിഞ്ഞിരിക്കുന്നവൻ ദൈവകൃപയിൽനിന്നു ഒഴിഞ്ഞിരിക്കുന്നു. മോറിയാദേശത്തേക്കു മൂന്നു ദിവസത്തെ യാത്രയുണ്ട് (ഉല്പത്തി 22:4). വാസ്തവത്തിൽ അനുസരിക്കാനുള്ള തീരുമാനം എടുക്കുന്നതിനെക്കാൾ കഠിനമാണു തീരുമാനത്തിനും നിറവേറ്റലിനും ഇടയ്ക്കുള്ള സമയം...മൂന്നു ദിവസം അബ്രഹാമിന്റെ സംഘർഷത്തിന്റെ ദിനങ്ങളായിരുന്നു. ഭൂമിയിൽ അവൻ ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന തന്റെ ഏകജാതൻ യിസ്ഹാക്കും ഒരുമിച്ചുള്ള നടപ്പാണ്... എല്ലാം മൂന്നുദിവസത്തേക്കേയുള്ളൂ എന്നു അബ്രഹാമിനറിയാം. അതു കഴിഞ്ഞാൽ പിന്നീട് യിസ്ഹാക്ക് ഭൂമിയിലില്ല... തന്റെ പ്രമോദമായ യിസ്ഹാക്ക് എന്നെന്നേക്കുമായി തന്നിൽ നിന്നകലുകയാണ്...പിന്നെ താൻ ഏകനായിരിക്കും...ഏകനായിരിക്കുമോ? അബ്രഹാം വീണ്ടും ചിന്തിച്ചു... ഇല്ല. പിന്നെ യിസ്ഹാക്ക് തന്റെ കൂടെ നടക്കുന്നില്ല. എന്നാൽ, ദൈവം തന്റെ കൂടെ നടക്കും... ഇപ്പോൾ താൻ അപ്പനാണ് യിസ്ഹാക്ക് മകനും. യിസ്ഹാക്ക് യാഗമാകുമ്പോൾ പിന്നെ താൻ മകനാകും. ദൈവം പിതാവും! ഞങ്ങളൊരുമിച്ച് അങ്ങനെ നടക്കും... മൂന്നു ദിവസമല്ല; മൂന്നൂറു ദിവസവുമല്ല...എന്നുമെന്നും. യിസ്ഹാക്കിന്റെ കൂടെ നടക്കുന്നതും ദൈവത്തിന്റെ കൂടെ നടക്കുന്നതും അബ്രഹാം മാറിമാറി ഭാവനയിൽ കണ്ടു നോക്കി... യിസ്ഹാക്ക് തന്റെ പ്രമോദമാണ്. എന്നാൽ, താൻ ദൈവത്തിന്റെ പ്രമോദമാണ്! ഒരു കൊച്ചുകുട്ടിയെപ്പോലെ ദൈവത്തിന്റെ കരങ്ങൾ പിടിച്ചുകൊണ്ടു നടക്കുന്ന കാഴ്ച ആത്മാവിൽ കണ്ട് വയസ്സനായ അബ്രഹാം ആനന്ദപുളകിതനായി. ആ കാഴ്ചയുടെ തെളിയമയിൽ യിസ്ഹാക്ക് അബ്രഹാമിന്റെ കണ്ണുകളിൽ നിന്നു മറഞ്ഞു!

എന്റെ മാതാവ് യേശുവുമായി ഒരു സജീവ ബന്ധത്തിലാകുന്നത് അവരുടെ മരണക്കിടക്കിയിലാണ്. യേശുവിനെ കർത്താവാക്കി, 21 ദിവസം കഴിഞ്ഞ് അവർ മരിച്ചു. ആ 21 ദിവസങ്ങൾ അവർ കർത്താവിനോടുകൂടെയായിരുന്നു. യേശുവിന്റെ ദർശനം വിട്ടുമാറാതെ അവരുടെ കണ്ണുകളെ നിറച്ചു. യേശു കിടക്കയ്ക്കരികിൽ നിൽക്കുന്ന ആ ലൗകിക കാഴ്ച അവർക്കു പകൽ വെളിച്ചത്തിലെ തെളിച്ചമുള്ള ദൃശ്യമായിരുന്നു. അമ്മ യേശുവിനെ സ്വീകരിക്കുന്ന സമയം ഞാൻ ഇന്ത്യയിലില്ലായിരുന്നു. ഒരാഴ്ച കഴിഞ്ഞ് ഞാൻ വീട്ടിലെത്തി. ചില നാളുകൾക്കുശേഷമാണു ഞാൻ അമ്മയെ കാണുന്നത്. എന്റെ കൂടെ ഒരു സുഹൃത്തുമുണ്ടായിരുന്നു. കിടക്കയിലിരുന്ന് ഞാൻ അമ്മയുടെ മുഖം ചുബിച്ചു; എന്റെ അമ്മയുടെ പ്രതികരണം ഇങ്ങനെയായിരുന്നു: "എന്റെമോൻ എനിക്കുമ്മ തരുന്നത് സന്തോഷമാണ്. എന്നാലും എന്റെ യേശു എന്നെ ചുംബിക്കുന്നതാണ് എനിക്ക് കൂടുതലിഷ്ടം!".

മക്കൾ തീർച്ചയായും നമ്മുടെ പ്രമോദമാണ്. എന്നാൽ, ദൈവസാന്നിധ്യത്തിന്റെ, സന്തോഷത്തോടു മറ്റൊന്നിനെയും നമുക്കു താരതമ്യം ചെയ്യാനാവില്ല. മോറിയാമലയിൽ അബ്രഹാം ജോലിക്കാരെ ഒഴിവാക്കുന്നതാണു നാം കാണുന്നത് (ഉല്പത്തി 22:5). യിസ്ഹാക്കിനെ യാഗമാക്കാനുള്ള തന്റെ തീരുമാനം അബ്രഹാം യിസ്ഹാക്കിനോടുതന്നെ പറഞ്ഞപ്പോൾ അവൻ അതു മനസിലാക്കുന്നുണ്ട്; അംഗീകരിക്കുന്നുമുണ്ട്(അതുകൊണ്ടാണല്ലോ അവൻ യാഗപീഠത്തിൽ കയറിക്കിടക്കുന്നത്!). യിസ്ഹാക്കിനതു മനസിലാകാൻ കാരണം അവൻ ആത്മീകനായതുകൊണ്ടാണ്. എന്നാൽ, ആത്മീയകാഴ്ചപ്പാടില്ലാത്ത ജോലിക്കാർക്ക് അതു മനസിലാകണമെന്നില്ല. ആത്മീയക്കണ്ണുകൾ അടഞ്ഞുകിടക്കുന്നവരോടു നിങ്ങളുടെ വെളിപ്പാടുകൾ പങ്കുവെയ്ക്കുന്നതിലർഥമില്ല. അവരുടെ സാന്നിധ്യം നിങ്ങളുടെ ആരാധനയ്ക്കു സഹായമാവുകയുമില്ല; വിഘ്നമാവുകയേയുള്ളൂ.

വിറക് യിസ്ഹാക്കിന്റെ കയ്യിലാണ്. തീയും കത്തിയും അബ്രാഹാമിന്റെ കയ്യിലും. “ഇരുവരും ഒരുമിച്ചു നടന്നു” (ഉല്പത്തി 22: 6) അനുസരണത്തിന്റെ പാതയിൽ അപ്പനും മകനും ഒരുമിച്ചു നടക്കുന്നത് എത്ര ഭാഗ്യമാണ്! എന്നാൽ, യിസ്ഹാക്കിനൊരു സംശയം.“തീയും വിറകുമുണ്ട്...ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടിയോ?”(ഉല്പത്തി 22:7). “യഹോവ കരുതിക്കൊള്ളും” (ഉല്പത്തി 22:8). അബ്രഹാമിന്റെ മറുപടി...അബ്രഹം ദൈവത്തിൽ വിശ്വസിച്ചു. എന്നാൽ, എന്തായിരുന്നു അവന്റെ വിശ്വാസം? യാഗം നടക്കുന്നതിനു മുൻപ് “ദൈവം ഇടപെടുമെന്നും” “യിസ്ഹാക്കിനെ യാഗമർപ്പിക്കേണ്ടിവരികയില്ല” എന്നുമുള്ള ഉറപ്പോ? ഒരിക്കലുമില്ല. കാരണം, തീയും വിറകുമെല്ലാം അബ്രഹാം കരുതിയിട്ടുണ്ട്. യിസ്ഹാക്ക് യാഗമാക്കപ്പെടുമെന്നുതന്നെയായിരുന്നു അബ്രഹാം വിശ്വസിച്ചത്. യാഗപീഠം പണിതു, വിറകടുക്കി, മകനെ കൊല്ലാൻ കത്തിയെടുത്തു (ഉല്പത്തി 22: 9, 10).

ഉടനെ ആകാശത്തുനിന്നു യഹോവുടെ ദൂതൻ, “അബ്രഹാമേ അബ്രഹാമേ, എന്നു വിളിച്ചു (ഉല്പത്തി 22: 11). യാഗം നടത്തണമെന്ന് പറയാൻ അബ്രഹാമേ എന്നു ഒരു പ്രാവശ്യമേ വിളിച്ചുള്ളൂ (ഉല്പത്തി 22: 1). യാഗം നിർത്താൻ പറയാൻ രണ്ടുപ്രാവശ്യം വിളിക്കേണ്ടി വന്നു...എന്തുകൊണ്ട്? അബ്രഹാമിന്റെ അനുസരണം അത്രയ്ക്കു പൂർണതയുള്ളതായിരുന്നു. അബ്രഹാം യിസ്ഹാക്കിനെ കൊന്നുകളയുമെന്നു ദൈവം പേടിച്ചുപോയി! അവൻ സ്വർഗത്തിൽനിന്ന് ഒരു ശബ്ദത്തിനായി കാത്തിരുന്നില്ല... അന്തിമമായി ഒരിക്കലൂടെ ആലോചന ചോദിച്ചില്ല. അവനാകെ ഒന്നുമാത്രം ചെയ്തു –അനുസരിച്ചു! മരിച്ചവരിൽനിന്നു ഉയിർപ്പിക്കുന്ന ദൈവത്തെയാണ് അബ്രഹാം വിശ്വസിച്ചത് (എബ്രായർ 11:19) അല്ലാതെ മരിക്കാതെ സൂക്ഷിക്കുന്ന ദൈവത്തെയല്ല! “നീ ദൈവത്തെ ഭയപ്പെടുന്നു എന്നു ഞാനിപ്പോഴറിയുന്നു എന്നു ദൈവം അബ്രഹാമിനോടു പറഞ്ഞു: കാരണം, നിന്റെ ഏകജാതനായ മകനെ തരുവാൻ നീ മടിച്ചില്ല! ” (ഉല്പത്തി 22: 12).

ദൈവത്തെ ‘ഭയപ്പെട്ടി’ട്ടാണു അബ്രഹാം യിസ്ഹാക്കിനെ യാഗം കഴിച്ചതെന്നു നാം കാണുന്നു. എന്തായിരുന്നു അബ്രാഹാമിന്റെ ഭയം? താൻ യിസ്ഹാക്കിനെ യാഗമർപ്പിച്ചില്ലെങ്കിൽ ദൈവം തന്നെ കൊന്നുകളയുമെന്നോ? ഒരിക്കലുമില്ല. 125 വയസ്സുള്ള പിതാവ് 25 വയസ്സുള്ള പ്രിയപുത്രനു വേണ്ടി മരിക്കാനൊന്നും മടിക്കാണിക്കില്ല എന്നാണെന്റെ ചിന്ത... എന്തായിരുന്നു അബ്രഹാമിന്റെ ഭയം? താൻ യിസ്ഹാക്കിനെ സ്നേഹിക്കാൻ തന്റെ ലോകത്തിലേക്കിറങ്ങിവന്നാൽ തനിക്കു ദൈവത്തെ മാത്രം സ്നേഹിച്ചുകൊണ്ട് ദൈവത്തിന്റെ ലോകത്തു തന്നെ ജീവിക്കാൻ കഴികയില്ലന്നു അബ്രഹാം ഭയപ്പെട്ടു.

**ദൈവത്തെ മാത്രം സ്നേഹിച്ചുകൊണ്ടു ദൈവത്തിന്റെ ലോകത്തുതന്നെ കഴിയുമ്പോഴാണു നാം പൂർണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുന്നത്. പൂർണഹൃദയത്തോടെ ദൈവത്തെ മാത്രം സ്നേഹിച്ച്, അവന്റെ സ്നേഹത്തിൽ നിറഞ്ഞ്, ആ ദൈവസ്നേഹം മക്കളിലേക്കും മറ്റുള്ളവരിലേക്കും മറ്റുള്ളതിലേക്കും ഒഴുക്കിക്കൊടുക്കാനേ നമുക്കു കഴിയൂ....**

ദൈവത്തെ മാത്രം സ്നേഹിച്ചുകൊണ്ടു ദൈവത്തിന്റെ ലോകത്തുതന്നെ കഴിയുമ്പോഴാണു നാം പൂർണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുന്നത്. പൂർണഹൃദയത്തോടെ ദൈവത്തെ മാത്രം സ്നേഹിച്ച്, അവന്റെ സ്നേഹത്തിൽ നിറഞ്ഞ്, ആ ദൈവസ്നേഹം മക്കളിലേക്കും മറ്റുള്ളവരിലേക്കും മറ്റുള്ളതിലേക്കും ഒഴുക്കിക്കൊടുക്കാനേ നമുക്കു കഴിയൂ....

ഒരു ദൈവപൈതലിന്റെ ഏറ്റവും വലിയ ഭയം ‘ദൈവം തന്നെ കൊല്ലുമോ’ എന്നൊന്നുമല്ല...‘ക്രിസ്തുയേശുവിലുള്ള ദൈവസ്നേഹത്തിൽനിന്നു (ദൈവത്തിനു നമ്മോടുള്ള സ്നേഹം അല്ല; നമുക്കു ദൈവത്തോടുള്ള സ്നേഹം) ആരെങ്കിലും, എന്തെങ്കിലും, എന്നെ വേർപെടുത്തുമോ എന്നാണ്... ആർക്കും അതിനു കഴികയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു (റോമർ. 8:39). ദൈവം യിസ്ഹാക്കിനെ അബ്രഹാമിനു മടക്കിക്കൊടുത്തു. അബ്രഹാം “യിസ്ഹാക്കിനെ യാഗം കഴിച്ചു” (എബ്രായർ 11:17) എന്നുതന്നെയാണു എഴുതിയിരിക്കുന്നത്. യാഗമർപ്പിച്ചാൽ പിന്നെ യിസ്ഹാക്ക് അബ്രഹാമിന്റെ വകയല്ല; ദൈവത്തിന്റെ വകയാണ്. ഇനി യിസ്ഹാക്ക് കൂടെനടന്നാലും കുഴപ്പമില്ല. കാരണം, ഇനിയൊരിക്കലും യിസ്ഹാക്ക് ദൈവത്തിനും അബ്രഹാമിനും ഇടയ്ക്കു കയറുകയില്ല... ●

# കളങ്കപ്പെടുത്തുന്ന കറുത്ത പാടുകൾ!

അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ കഴിയുന്ന സുഹൃത്തിന് വസ്ത്രം കൊടുക്കുവാൻ പോയ ഒരു പെൺകുട്ടിയെയും സുഹൃത്തിനെയും നടുറോഡിലിട്ട് ചില ചെറുപ്പക്കാർ ചവിട്ടിക്കൂട്ടുന്ന വാർത്തയും ദൃശ്യവും 2022 നവംബർ മാസം മുപ്പതാം തീയതിയിലെ മലയാള മനോരമ ദിനപത്രം അടക്കം പല മാധ്യമങ്ങളും വളരെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചത് വായിച്ചിരിക്കുമല്ലോ.

അക്ഷരനഗരി എന്നു വിശേഷിപ്പിക്കുന്ന പട്ടണത്തിൽ ഒരു ഡിഗ്രി വിദ്യാർഥിനിക്ക് നേരെ ഉണ്ടായത്, ക്രൂരമായ ആക്രമണം തന്നെയാണ്. സുഹൃത്തിനോടൊപ്പം ഭക്ഷണം കഴിക്കുമ്പോൾ സദാചാരപോലീസ് ചമഞ്ഞ് അശ്ലീല ഭാഷകൾ പറയുകയും ലൈംഗികച്ചുവയോടെ സംസാരിക്കുകയും അധിക്ഷേപിക്കുകയും ചെയ്തപ്പോഴാണ് പെൺകുട്ടിയും സുഹൃത്തും പ്രതികരിച്ചത്. തട്ടുകടയിൽ നിന്നും ഭക്ഷണം കഴിച്ച് ആശുപത്രിയിലേക്ക് പോകുന്ന വഴിക്ക് കാറിൽ പിന്തുടർന്നെത്തിയ സംഘം ഇവർ സഞ്ചരിച്ചിരുന്ന സ്കൂട്ടർ തടഞ്ഞുനിർത്തി മുഖത്ത് അടിക്കുകയും മുടിയിൽ പിടിച്ച് വലിച്ചിഴക്കുകയും വയറ്റിൽ ചവിട്ടുകയും ഒപ്പമുള്ള സുഹൃത്തിനെയും തല്ലുകയും ചെയ്തു. കണ്ടു നിന്നവർ ആരും തടയുകയോ പ്രതികരിക്കുകയോ ചെയ്തില്ല എന്നത് അതിലും ദൗർഭാഗ്യം.

മന്ത്രിയടക്കം സാംസ്കാരിക നായകന്മാർ പലരും ഇതിനെതിരെ പ്രതികരിച്ചു എങ്കിലും സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അക്രമങ്ങൾ വർദ്ധിക്കുന്നു എന്നത് സമൂഹത്തിനു അപമാനം തന്നെയാണ്.

യാത്രകൾ അനിവാര്യമായിരിക്കുന്ന ഇക്കാലത്ത് സമയത്തും അസമയത്തുമൊക്കെ സ്ത്രീകളടക്കമുള്ളവർക്കു യാത്ര ചെയ്യേണ്ടി വരുന്നു. ഷിഫ്റ്റ് അനുസരിച്ചും ദൂരെദേശങ്ങളിൽ ജോലി ചെയ്യുന്നവർക്കുമൊക്കെ രാത്രികളിലും സഞ്ചരിക്കേണ്ടിവരും. ഇങ്ങനെ വൈകി വീട്ടിലെത്തേണ്ട സാഹചര്യത്തിൽ, നിർഭയ പോലുള്ള സംഭവങ്ങൾ ആവർത്തിക്കപ്പെടരുത് എന്ന നിർബന്ധം നമുക്ക് ഉണ്ടായിരിക്കണം. രാത്രികാലങ്ങളിൽ ജോലി ആവശ്യങ്ങൾക്കായി യാത്ര ചെയ്യുന്നവരെയും വാഹനങ്ങൾ കാത്തിരിക്കുന്നവരെയും ഭക്ഷണം കഴിക്കുവാൻ കയറുന്നവരെയും സംശയദൃഷ്ടിയോടെ വീക്ഷിക്കുന്നത് സംസ്കാരശൂന്യരുടെയും വികല മനസ്സുള്ളവരുടെയും ലക്ഷണങ്ങളാണ്. അസന്മാർഗിക ജീവിതം നയിക്കുന്ന ചിലരെങ്കിലും നിശാസഞ്ചാരികളായിട്ടുണ്ടെന്നതും വിസ്മരിക്കുന്നില്ല. എന്നാൽ എല്ലാവരെയും ഈ കണ്ണുകൾ കൊണ്ട് കാണുവാൻ പാടില്ല. ജീവിതസന്ധാരണത്തിനും വ്യക്തിപരമായ ആവശ്യങ്ങൾക്കും രാത്രികളിൽ സഞ്ചരിക്കേണ്ടി വരുന്ന സ്ത്രീകളെ അമ്മമാരും പെങ്ങമ്മാരും ആയിക്കണ്ട്, സംരക്ഷകരാകേണ്ടവർ അവരെ അപമാനിക്കുന്നവരും അന്തകരും ആകുന്നത് ഒട്ടും ശരിയല്ല

സദാചാര പോലീസ് ചമഞ്ഞ് സംസ്കാരശൂന്യരായി പെരുമാറുമ്പോൾ നമ്മുടെ നാടിനെക്കുറിച്ച് കേരളത്തിനകത്തും പുറത്തും വളരെ മോശമായ ഒരു ചിത്രം ഉരുത്തിരിയുകയാണ്. വിനോദസഞ്ചാരികളുടെ വരവ് കുറയുന്നതിനും ഇത് കാരണമാകും. ഇത്തരം സംഭവങ്ങളാവർത്തിക്കില്ല, വേണ്ട മുൻകരുതലെടുക്കും എന്ന് ഉത്തരവാദിത്തപ്പെട്ട പോലീസ് ഉദ്യോഗസ്ഥ ർ പറയുമ്പോഴും ജനങ്ങളിൽ ആശങ്കകൾ നീങ്ങുന്നതേയില്ല. മുതിർന്ന സ്ത്രീകളെ അമ്മമാരായും ഇളയവരെ സഹോദരിമാരായും കാണുവാൻ കഴിയാതെ, സ്ത്രീശരീരത്തെ ലൈംഗിക ദാഹം തീർക്കുവാനുള്ള ഒരു വസ്തുവായി മാത്രം കാണുന്ന വൃത്തികെട്ട മനസ്സുകൾക്കാണ് മാറ്റം വരേണ്ടത്. ലൈംഗിക വിദ്യാഭ്യാസവും മാന്യമായ പെരുമാറ്റവും ചെറുപ്പം മുതൽ അടിയന്തരമായി നമ്മുടെ സ്കൂളുകളിലും കലാലയങ്ങളിലും നടപ്പാക്കേണ്ടതാണ്. ആരോഗ്യമുള്ള ഒരു ശരീരവും മനസ്സും എല്ലവർക്കും ആവശ്യമാണ്. നേട്ടങ്ങൾ എണ്ണിപ്പറയുവാനുണ്ടെങ്കിലും നിന്ദ്യവും നീചവും മൃഗീയവും അപമാനകരവുമായ, സ്ത്രീത്വത്തെ അവഹേളിക്കുന്ന ഇത്തരം എല്ലാ പ്രവർത്തനങ്ങളും നാടിന്റെ അന്തസ്സിന് കളങ്കം ചാർത്തുന്ന കറുത്തപാടുകളാണ്. അതു മായിച്ചുകളയുവാൻ ജാതി മത ഭാഷാ വ്യത്യാസമില്ലാതെ എല്ലാവരും ഒന്നിച്ചു നിൽക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ●

# ആഘോഷങ്ങൾക്കപ്പുറം!

ഫുട്ബോൾ ലോകകപ്പിന്റെ ആവേശക്കാഴ്ചകളുമായി ത്രസിച്ചു നിൽക്കുന്ന ദിനങ്ങളിലാണ് ലോകം ഇപ്പോൾ.  ക്വാർട്ടറും സെമിയും കഴിഞ്ഞ് കലാശക്കൊട്ടിലേക്ക് പ്രവേശിക്കുമ്പോൾ ലോകമെമ്പാടുമുള്ള കാൽപന്ത് കളിപ്രേമികൾ ആവേശത്തിന്റെ കൊടുമുടിയിലെത്തും. ഒളിമ്പിക്സ് മത്സരങ്ങൾ കഴിഞ്ഞാൽ ലോക കായികപ്രേമികളുടെ ആഘോഷാരവങ്ങൾ വാനോളം എത്തുന്ന ഒരു അവസരമാണ് നാലു വർഷത്തിലൊരിക്കൽ നടക്കുന്ന ഫുട്ബോൾ വേൾഡ്കപ്പ്. ഫുട്ബോൾ പോലെ ഇത്രയും ജനകീയമായ മറ്റൊരു കളി ഭൂമുഖത്തില്ലാത്തതാണ് ലോകകപ്പ് മത്സരങ്ങളും വിശേഷങ്ങളും ഇത്ര നിറച്ചാർത്തോടെ സർവ്വ മാധ്യമങ്ങളിലും നിറഞ്ഞുനിൽക്കുവാൻ കാരണം.

കാൽപന്ത് ലഹരിക്ക് അടിമപ്പെട്ട ജനലക്ഷങ്ങൾ മതാചാരങ്ങളിൽ നിന്നുപോലും വിട്ടു നിൽക്കുന്നതും, അർജന്റീനയുടെയും ബ്രസീലിന്റെയും പോർട്ടുഗലിന്റെയും പ്രധാന കളിക്കാരെ ‘ദൈവങ്ങളാക്കി നെഞ്ചിലേറ്റുന്നതും നാം കണ്ടു കഴിഞ്ഞു! ഇതോടൊപ്പം, മറ്റൊരു ക്രിസ്മസ് സീസൺ ആഗതമായതും ജനകോടികളെ ഫെസ്റ്റിവൽ മൂഡിലേക്ക് ആനയിച്ചിരിക്കുന്നു.

ഇന്ന്, ക്രിസ്മസ്, ഈസ്റ്റർ ആഘോഷങ്ങൾ പലർക്കും പലതാണ്. ജഡത്തിൽ വെളിപ്പെട്ട ദൈവപുത്രന്റെ ജനനവും ഐഹികജീവിതവും ക്രൂശ് മരണവും ഉയിർത്തെഴുന്നേൽപ്പും ഈ ആഘോഷത്തിമർപ്പിനിടയിൽ മറയപ്പെടുന്നു എന്നത് ദു:ഖകരമായ കാര്യമാണ്. ദൈവജനമായ ഇസ്രയേലിന്റെ പല പെരുന്നാളുകളെയും ഉത്സവങ്ങളെയും യഹോവയായ ദൈവം വെറുത്തിരുന്നു എന്ന് വചനം പറയുന്നു.

യേശുക്രിസ്തുവിലൂടെ വെട്ടിത്തുറന്ന ജീവനുള്ള പുതുവഴിയും അതുവഴി ലഭിക്കുന്ന നിത്യജീവന്റെ സൗഭാഗ്യവും സ്വായത്തമാക്കേണ്ട മാനവസമൂഹം യഥാർത്ഥ ക്രിസ്മസ് സന്ദേശം ഉൾക്കൊള്ളാതെ ‘മറ്റൊരു യേശു’വിനെ മനസ്സിലേറ്റുമ്പോൾ വാസ്തവത്തിൽ ദൈവപുത്രൻ ദു:ഖിക്കുകയായിരിക്കും ചെയ്യുക! ക്രിസ്തുനാഥൻ ഓരോ വ്യക്തിയുടെയും പാഷനും റിയാലിറ്റിയും ആകുമ്പോഴാണ് ആത്മീയജീവിതത്തിൽ ഊഷ്മളതയും സന്തോഷവും അനുഭവപ്പെടുക. അതേക്കുറിച്ച് അപ്പോസ്തലന്റെ  വാക്കുകൾ ഇങ്ങനെയാണല്ലോ; ‘ദൈവരാജ്യം ഭക്ഷണവും പാനീയവും അല്ല: നീതിയും സമാധാനവും പരിശുദ്ധാത്മാവിലെ സന്തോഷവുമത്രേ!  ആ സന്തോഷവും പ്രത്യാശയും നിത്യമായതും നിലനിൽക്കുന്നതും തിരശ്ശീലക്കപ്പുറത്തേക്ക് നീണ്ടു ചെല്ലുന്നതുമാണ്.

അതേ, ‘യഹോവയുടെ പ്രസാദവർഷം പ്രസിദ്ധമാക്കുന്ന, ദു:ഖിതന്മാരെയൊക്കെയും ആശ്വസിപ്പിക്കുന്ന, ദു:ഖത്തിനു പകരം ആനന്ദതൈലവും വിഷണ്ഡമനസ്സിനു പകരം സ്തുതി എന്ന മേലാടയും സമ്മാനിക്കുന്ന’ ക്രിസ്തുനാഥന്റെ ജീവിതവും ഉപദേശങ്ങളും ആകട്ടെ നമ്മുടെ ഏതുകാലത്തെയും ഉത്സവവും ആഘോഷവും!

-എംസി


SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST

*Bank Account Details:*
**Righteous Path Publication Trust**
**A/c No. 0315053000011215**
**IFS Code: SIBL 0000315**
SOUTH INDIAN Bank
**KANJIKUZHY - KOTTAYAM**

വാർഷിക വരിസംഖ്യ **250** രൂപ

QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.


**നേർവീഥി**
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ
ഉത്തമ സുഹൃത്തുമായ നേർവീഥി
നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

*അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.*


RNI No. KERMAL/2012/46138
Date of Publishing 10.12.2022

NERVEEDHI - DECEMBER 2022
Annual Subscription ₹ 250.00
(Per copy ₹ 25.00)




rp PUBLICATIONS

## ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ






















SOUTH INDIAN Bank

RIGHTEOUS PATH PUBLICATION TRUST

Vpa Id:qr.nerveedhi@sib

BHIM UPI

Scan and Pay using any UPI App

Paytm amazon pay MobiKwik

എല്ലാ വിലകളും
പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :
**Mob:**
**9495435336, 8547916678**

Address for Communication :

**NERVEEDHI,**
**Righteous Path Publication Trust**
**Mackal Building,**
**Oravakal, Amayannoor (P.O),**
**Kottayam, Kerala - 686019**
**Mob: 9495435336, 8547916678**
**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.